**CPA COLLEGE OF GLOBAL STUDIES PUTHANATHANI**

**CALICUT UNIVERSITY FOUR – YEAR UNDERGRADUATE PROGRAMME (CUFYUGP)**

**GENERAL FOUNDATION COURSES OFFERED BY DEPARTMENT OF MALAYALAM**

**AEC 2 – FOR COMMERCE AND MANAGEMENT STUDIES**

# UNDERSTANDING LITERATURE IN MALAYALAM

**മലയാളസാഹിത്യവിചാരം**

## (MAL1FA102(3)

**SEMESTER 2**

**തയ്യാറാക്കിയത് : വീണ. കെ, മലയാളവിഭാഗം**

## സിലബസ് – 1

## അനുഭവാഖ്യാനങ്ങൾ:

മലയാളത്തിലെ അനുഭവാഖ്യാനങ്ങളിലെ വ്യത്യസ്ത ജനുസ്സുകളുടെ ആഖ്യാനപരമായ സവിശേഷതകളും ചരിത്രവും– സാമാന്യാവലോകനം വിവിധ മാധ്യമങ്ങളിലുള്ള ആത്മകഥ, ജീവചരിത്രം, സ്മരണം അനുഭവമെഴുത്ത്, ആത്മകഥ–കേട്ടെഴുത്ത്, യാത്രാഖ്യാനം.

- എന്നെ പാണൻ എന്നു വിളിക്കരുത്– എം. കുഞ്ഞാമൻ (എതിര് )
- സഞ്ചാരസാഹിത്യം:തീർത്ഥയാത്ര– ടി. ജെ. എസ്. ജോർജ് (ഫോ ചി മിൻ്റെ നാട്ടിൽ)
- അഭിമുഖം: ഒ.എൻ.വിയുമായി അക്ബർ കക്കട്ടിൽ നടത്തിയ അഭിമുഖം (സർഗസമീക്ഷ)
- ജീവിതാഖ്യാനം:'സഹകാരിയായി പ്രവേശം' – പന്ന്യന്നൂർ ഭാസി (വാഗ്ഭടാനന്ദഗുരു: സഹകാരിയും നവോത്ഥാന നായകനും)

## മൊഡ്യൂൾ 2

## കഥാസാഹിത്യം

ചെറുകഥ– ചെറുകഥയുടെ സ്വഭാവസവിശേഷതകളും മലയാളത്തിലെ ചെറുകഥാസാഹിത്യത്തിൻ്റെ ചരിത്രവും–സാമാന്യാവലോകനം

- ചെറുകഥ:കൃഷിക്കാരൻ– തകഴി ശിവശങ്കരപ്പിള്ള
- ചെറുകഥ: ഏകാന്തതയുടെ നൂറ് വർഷങ്ങൾ– കെ. ആർ. മീര
- നോവൽ– നോവലിന്റെ സ്വഭാവസവിശേഷതകളും മലയാള നോവലിന്റെ ചരിത്രവും– സാമാന്യാവലോകനം
- നോവൽ: ന്റുപ്പാക്കൊരാനേണ്ടാർന്ന്– വൈക്കം മുഹമ്മദ് ബഷീർ

## മൊഡ്യൂൾ 3

## കവിതാ സാഹിത്യം

കവിത എന്ന സാഹിത്യരൂപത്തിന്റെ സവിശേഷതകളും മലയാള കവിതാസാഹിത്യചരിത്രവും– സാമാന്യാവലോകനം

- മലയാളത്തിലെ പ്രസിദ്ധ കവികൾ, കവിതകൾ സാമാന്യപരിചയം
- കൃഷ്ണഗാഥ: ഉലൂഖലബന്ധനം– ചെറുശ്ശേരി (ചങ്ങാതിമാരായ... പൂവലംഗം)
- വിവാഹസമ്മാനം– ഇടശ്ശേരി
- കൗസല്യ– വിജയലക്ഷ്മി

## മൊഡ്യൂൾ 4

### ദൃശ്യകലാസാഹിത്യം

ദൃശ്യകലാസാഹിത്യം: ദൃശ്യകലാസംബന്ധിയായ സാഹിത്യരൂപങ്ങളുടെ വൈവിധ്യവും സവിശേഷതകളും–സാമാന്യപരിചയം

- നാടകം: മത്സ്യഗന്ധി– സജിത മഠത്തിൽ
- സിനിമ:അന്നയും റസൂലും– രാജീവ് രവി
- ചലച്ചിത്രഗാനം: ചരിത്രം– സംസ്കാരം– ഭാഷ– പരിണാമം എന്നിവ മുൻനിർത്തിയുള്ള വിശകലനം
    1. മലർക്കൊടി പോലെ: ശ്രീകുമാരൻതമ്പി (സിനിമ–വിഷുക്കണി)
    2. അരികിൽ നീ ഉണ്ടായിരുന്നെങ്കിൽ– ഒ. എൻ. വി (സിനിമ–നീയെത്ര ധന്യ)
    3. ലോല ലോല ലോല– മുഹ്സിൻ പരാരി (സിനിമ–തല്ലുമാല)

കോഴ്സിന്റെ പഠനഫലങ്ങൾ നേടാവുന്ന തരത്തിൽ മുകളിലെ നാല് മൊഡ്യൂളുകൾക്കും ഉചിതമായ അധികപാഠങ്ങളും പഠന മേഖലയിലുള്ള 'പുതിയ അറിവുകളും അധ്യാപകർ ഡിപ്പാർട്ട്മെന്റ് കൗൺസിലിന്റെ അനുമതിയോടെ ഈ മൊഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതും തുടർച്ചയായ വിലയിരുത്തലിലൂടെ 5 മാർക്കിന് ഇന്റേണലായി മൂല്യനിർണയം ചെയ്യേണ്ടതുമാണ്.'

## എന്നെ പാണൻ എന്ന് വിളിക്കരുത്

**എം. കുഞ്ഞാമൻ**

ലേഖകപരിചയം

പാലക്കാട് ജില്ലയിലെ വാടാനംകുറിശ്ശിയിൽ ജനിച്ചു. 1974-ൽ കോഴി ക്കോട് സർവകലാശാലയിൽനിന്ന് സാമ്പത്തികശാസ്ത്രത്തിൽ ഒന്നാം റാങ്കോടെ എം.എ. പാസായി. രാഷ്ട്രപതിയായിരുന്ന കെ.ആർ.നാരായ ണനുശേഷം ഒന്നാം റാങ്ക് ലഭിച്ച ആദ്യ ദലിത് വിദ്യാർത്ഥി. തുടർന്ന് തിരുവനന്തപുരം സെൻ്റർ ഫോർ ഡവലപ്മെൻ്റ് സ്റ്റഡീസിൽ ഡോ. കെ.എൻ. രാജിനു കീഴിൽ ഗവേഷണം. വിഷയം: 'കേരളത്തിലെ തെക്കൻ, വടക്കൻ ജില്ലകളിലെ ആദിവാസിജീവിതത്തെക്കുറിച്ചുള്ള താര തമ്യപഠനം'. ഇന്ത്യയിലെ സംസ്ഥാനതല ആസൂത്രണത്തെക്കുറിച്ച് കുസാറ്റിൽനിന്ന് പി.എച്ച്.ഡി. 1979-ൽ കേരള സർവകലാശാലയിൽ സാമ്പത്തികശാസ്ത്രവിഭാഗത്തിൽ ലക്ചറർ. 2006-വരെ 27 വർഷം കാര്യവട്ടം കാമ്പസിൽ അധ്യാപകൻ കേരള സർവ്വകലാശാലയിൽ പ്രൊഫസറായിരിക്കെ രാജിവച്ച് 2006-ൽ മഹാരാഷ്ട്ര തുൽജാപ്പൂരിലെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽ പ്രൊഫസറായി ചേർന്നു. റിട്ടയർമെൻ്റിനു ശേഷവും നാലുവർഷംകൂടി അവിടെ പ്രൊഫ . Development of Tribal Economy, State level planning in India, Globalisation. A Subaltern Perspective, Economic Development and Social Changes, സനപ്രതിസന്ധി തുടങ്ങിയവയാണ് പ്രധാന കൃതികൾ. 2021-ലെ മികച്ച ആത്മകഥയ്ക്കുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് എതിര് എന്ന കൃതിക്ക് ലഭിച്ചെങ്കിലും അത് നിരസിച്ചു. 2023 ഡിസംബർ 3-ന് അന്തരിച്ചു.

**ആത്മകഥ**

ഓട്ടോ (Auto), ബയോസ് (Bios), ഗ്രഫി (Graphe) എന്നിങ്ങനെ മൂന്ന് ഗ്രീക്ക് വാക്കുകളിൽനിന്നാണ് ആത്മകഥ എന്ന അർത്ഥത്തിലുള്ള 'ഓട്ടോബയോഗ്രഫി' (Autobiography) എന്ന സമസ്തപദം ഉണ്ടാകു ന്നത്. യഥാക്രമം ആത്മം, ജീവിതം, എഴുത്ത് എന്നിങ്ങനെയാണ് ഈ വാക്കുകൾക്ക് അർത്ഥം. "ആത്മ – ജീവിതം – രചന' എന്നാണ് ഓട്ടോ ബയോഗ്രഫി എന്നതിന്റെ വാച്യാർത്ഥം, മലയാളത്തിൽ ഇതിനെ 'ആത്മകഥ' എന്ന് വിശേഷിപ്പിക്കും. 1809-ൽ റോബർട്ട് സൗത്തി എന്ന കവി പോർച്ചുഗീസ് കവിയായ ഫ്രാൻസിസ്കോ വിയൂറയെക്കുറിച്ച് വിവരി ക്കുന്ന സന്ദർഭത്തിലാണ് 'ഓട്ടോബയോഗ്രഫി' എന്ന വാക്ക് ആദ്യ മായുപയോഗിക്കുന്നത്. 1830 ആകുമ്പോഴേക്കും ആ വാക്ക് വ്യാപക മായി ഉപയോഗിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നു. ഒരു വ്യക്തി തന്റെ ജീവിതാനുഭവങ്ങൾ, നേട്ടങ്ങൾ, പോരാട്ടങ്ങൾ, ചിന്ത കൾ എന്നിവ രേഖപ്പെടുത്തുന്നതാണ് ആത്മകഥ. ഒരാൾ തന്റെ ജീവി തയാത്രയെ പിന്തിരിഞ്ഞു നോക്കി നിർവഹിക്കുന്ന കഥനമാണിത് ഓർമ്മക്കുറിപ്പുകൾ, ഡയറി, കുമ്പസാരരചനകൾ എന്നിവയെല്ലാം ആത്മ കഥയോട് ചേർന്നുനിൽക്കുന്ന ഇതര ജനുസ്സുകളാണ്. ക്രി.വ.354-430 കാലത്ത് ജീവിച്ചിരുന്ന സെയന്റ് അഗസ്റ്റിന്റെ കുമ്പസാരങ്ങൾ (The Confessions) ആണ് യൂറോപ്പിലെ ആദ്യത്തെ ആത്മകഥയായി പരിഗ ണിക്കപ്പെടുന്നത്. ആൻ ഫ്രാങ്ക് എഴുതിയ "ദി ഡയറി ഓഫ് യ യങ് ഗേൾ", ബഞ്ചമിൻ ഫ്രാങ്ക്ളിന്റെ ആത്മകഥ, നെൽസൺ മണ്ടേലയുടെ "ലോങ് വാക് ടു ഫ്രീഡം", ഹെലൻ കെല്ലറുടെ "ദി സ്റ്റോറി ഓഫ് മൈ ലൈഫ്" എന്നിവ പ്രശസ്തമായ ആത്മകഥകളാണ്. ഗാന്ധിയുടെ "എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ" നിരന്തരം വായിക്കപ്പെടുന്ന ആത്മകഥയാണ്.

സ്വകാര്യമായ കാര്യങ്ങളെല്ലാം പരസ്യമായി പറയാൻ സാധി ക്കുമോ എന്ന ഉൽക്കണ്ഠ ആത്മകഥയെ സംബന്ധിച്ചുണ്ട്. ആധുനിക തയുടെ ഭാഗമായുണ്ടായിവന്ന സങ്കൽപ്പമാണ് സ്വകാര്യത. എന്നാൽ ആത്മകഥയിൽ ഒരാളുടെ സ്വകാര്യത അയാൾതന്നെ വെളിപ്പെടുത്തു കയാണ് ചെയ്യുന്നത് ഒരു വ്യക്തിയുടെ രേഖീയവികാസവും കാല ത്തിന്റെ ഗതിയും തമ്മിലുള്ള സമാന്തരത്വവും വ്യക്തിയുടെ ജീവിത ത്തിന് ഒരു ലക്ഷ്യവും കൽപ്പിച്ചുകൊണ്ടുള്ള ആഖ്യാനത്തെയാണ് ആത്മ കഥ എന്ന് പറഞ്ഞിരുന്നത് ചരിത്രപരമായോ സാമൂഹികമായോ ആദ രവ് പിടിച്ചുപറ്റുന്നവരായ ആളുകളുടെ രചനകൾ മാത്രമേ ആത്മകഥ യാവൂ എന്ന് ഒരുകാലത്ത് ധരിച്ചിരുന്നു. സമൂഹത്തിലെ അഭിജാതവർഗ്ഗ ത്തിൽപ്പെട്ട പുരുഷന്മാർ മാത്രമേ ആദ്യകാലത്ത് ആത്മകഥ എഴുതിയി രുന്നുള്ളൂ. ഭർത്താവിനോടോ പിതാവിനോടോ ഉള്ള ബന്ധത്തിലൂടെ യാണ് സ്ത്രീകൾ തങ്ങളുടെ 'ആത്മ'ത്തെ മനസ്സിലാക്കിയിരുന്നത്. അതു കൊണ്ടുതന്നെ ആദ്യകാല സ്ത്രീ ആത്മകഥകൾ പലതും പുരുഷൻ്റെ നിഴലിൽ നിന്നുകൊണ്ട് നിർവഹിക്കപ്പെട്ടവയാണ് പതിനേഴാം നൂറ്റാ ണ്ടിൽ മതപരവർത്തനുമായി ബന്ധപ്പെട്ട് സ്ത്രീകൾ എഴുതിയ ആത്മ കഥകളാണ് യൂറോപ്പിലുണ്ടായത്. അനുഭവങ്ങളുടെയും വികാരങ്ങളു ടെയും അംഗീകരിക്കപ്പെട്ട ചട്ടക്കൂടിനകത്ത് തൻ്റെ സ്വത്വത്തിനും പ്രാധാ ന്യമുണ്ടെന്ന് സ്ത്രീ തിരിച്ചറിഞ്ഞതിന്റെ സൂചനയായിരുന്നു അവ. മലയാളത്തിലെ സ്ത്രീ ആത്മകഥകളിൽ മാധവിക്കുട്ടിയുടെ 'എന്റെ കഥ' വേറിട്ട ഒരു രചനയാണ്. സ്ത്രീകർതൃത്വത്തെ സ്ഥാപിച്ചെടുക്കുന്ന ധീര മായ ഒരു ചുവടുവെപ്പായിരുന്നു അത്. 'ഒറ്റയടിപ്പാതകൾ', 'ബാല്യകാ ലസ്മരണകൾ', 'ഡയറിക്കുറിപ്പുകൾ', 'നീർമാതളം പൂത്ത കാലം' എന്നി ങ്ങനെ നിരവധി ഓർമ്മക്കുറിപ്പുകളും മാധവിക്കുട്ടി എഴുതിയിട്ടുണ്ട്. വേറിട്ട സ്ത്രൈണലോകത്തെ ആവിഷ്കരിക്കാനാണ് മാധവിക്കുട്ടി ശ്രമിച്ചത്. സമീപകാലത്ത് തൊഴിലാളികൾ, ദലിതർ, ആദിവാസികൾ, മുസ്ലിം ങ്ങൾ, ക്രിസ്ത്യാനികൾ എന്നിവർക്കിടയിൽനിന്ന് സ്ത്രീ ആത്മകഥകൾ ഉണ്ടായിട്ടുണ്ട്. സി.കെ. ജാനുവിന്റെ 'ആത്മകഥ', സിസ്റ്റർ ജെസ്മിയുടെ 'ആമേൻ', നളിനി ജമീലയുടെ 'ഒരു ലൈംഗികത്തൊഴിലാളിയുടെ ജീവിതം' എന്നിവയൊക്കെ ഉദാഹരണങ്ങളാണ്.

1990-കൾ മുതൽ തെക്കേ ഏഷ്യയിലെ സാഹിത്യ-സാമൂഹിക ശാസ്ത്ര മേഖലയിൽ സൈദ്ധാന്തികമായ ഇടപെടലുകൾ നടത്തുന്ന ഒരു വിജ്ഞാനശാഖയാണ് ദലിത് പഠനങ്ങൾ. ഇത്തരം പഠനങ്ങളിൽ ദലിത് ആത്മകഥനങ്ങൾക്ക് വലിയ പ്രസക്തിയുണ്ട്. എല്ലാ വ്യവസ്ഥയി ലെന്നപോലെ സാഹിത്യവ്യവസ്ഥയിലും അധീശത്വം പുലർത്തുന്ന അഭി ജാത ഭാവനാരൂപങ്ങളെവെച്ചു വിളിച്ചുകൊണ്ടാണ് ദലിത് ആത്മകഥ ശ്രദ്ധനേടുന്നത്. ദലിത് അനുഭവലോകം അതിനു പുറത്തുള്ളവരുടെ അനുഭവലോകത്തിൽനിന്ന് എത്ര വ്യത്യസ്തമാണ് എന്ന് മനസ്സിലാ ക്കാൻ ദലിത് ആത്മകഥകൾ സഹായിക്കും. ദലിത് ആത്മകഥകൾ, മനു ഷ്യാന്തസ്സിനായി ലോകത്തു നടക്കുന്ന എല്ലാ പോരാട്ടങ്ങൾക്കും ഊർജ്ജം പകരുന്നവയാണ്. പട്ടിണി, ദാരിദ്ര്യം, അടിമത്തം, ആത്മാഭി മാനത്തിനേൽക്കുന്ന ക്ഷയം, വിദ്യ നിഷേധിച്ച സന്ദർഭങ്ങൾ, തെറ്റായ പ്രതിനിധാനങ്ങൾ എന്നിങ്ങനെ അടിമസമൂഹങ്ങൾ സാമാന്യമായും ഇന്ത്യൻ ദലിത് സമൂഹം സവിശേഷമായും നേരിടുന്ന പ്രതിസന്ധിക ളുടെ വിഭിന്ന മാനങ്ങൾ തിരിച്ചറിയാൻ ദലിത് ആത്മകഥകൾ സഹായിക്കും. ചരിത്രത്തിന്റെ കാണാമറയത്തുനിന്ന് ദലിത് അനുഭവങ്ങളെ വെളിച്ചത്തു കൊണ്ടുവരാനും വ്യാഖ്യാനിക്കാനും ദലിത് ആത്മകഥകൾ കാര ണമാകുന്നുണ്ട്. ഇത്തരത്തിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ദലിത് ആത്മകഥകളിൽ പ്രധാനപ്പെട്ട ഒന്നാണ് എം. കുഞ്ഞാമന്റെ 'എതിര്.'

ആസ്വാദനക്കുറിപ്പ്

എം. കുഞ്ഞാമന്റെ 'എതിര്' എന്ന ആത്മകഥയിലെ ഒന്നാമധ്യായ മാണ് പഠിക്കാനായി നിർദ്ദേശിച്ചിട്ടുള്ളത്. വിദ്യാർത്ഥിയായിരുന്ന കാലത്ത് അനുഭവിച്ച ദാരിദ്ര്യത്തിന്റെയും അപമാനത്തിന്റെയും ഓർമ്മകളാണ് ഈ അധ്യായത്തിൽ പങ്കുവയ്ക്കുന്നത്. അറിവ് നേടി അധ്യാപകവൃത്തിയിൽ പ്രവേശിച്ചവർ പോലും കുഞ്ഞാമനെ ജാതിപ്പേര് വിളിച്ചാണ് സ്കൂളിൽ അഭിസംബോധന ചെയ്തിരുന്നത്. അങ്ങനെ നിരന്തരം അപമാനിച്ച ഒരധ്യാപകനോട് ഇനി മേലിൽ തന്നെ ജാതിപ്പേര് വിളിക്കരുതെന്ന് സ്കൂൾ വിദ്യാർത്ഥിയായ കുഞ്ഞാമന് പറയേണ്ടിവന്നു. അതിന്റെ പേരിൽ ആ അധ്യാപകൻ വിദ്യാർത്ഥിയായിരുന്ന കുഞ്ഞാമന്റെ കരണത്തടിക്കുന്നു. വിശപ്പായിരുന്നു അക്കാലത്തെ ഏറ്റവും തീക്ഷ്ണമായ അനുഭവം. ഭക്ഷണമില്ലെന്നു മാത്രമല്ല, കിട്ടുന്ന ഭക്ഷണം മനുഷ്യാന്ത സ്സിന് ചേരാത്തവിധത്തിലാണ് കഴിക്കേണ്ടിയിരുന്നത്. മേൽജാതിക്കാർ എന്ന് സ്വയം വിശേഷിപ്പിച്ചവരുടെ വീട്ടുകളിൽപോയി അവർ നൽകുന്ന 'ബാക്കിയായ' ഭക്ഷണം തീർത്തും വൃത്തിശൂന്യമായ അവസ്ഥയിൽ കഴിക്കണമായിരുന്നു. ഒരു നേരത്തെ ഭക്ഷണം കിട്ടിയിരുന്നു എന്നതാണ് സ്കൂളിൽ പോകാനുള്ള ഏക പ്രചോദനമായിരുന്നത്. എന്നാൽ വിമോചനത്തിനുള്ള ഏകവഴി വിദ്യാഭ്യാസമാണെന്ന് കുഞ്ഞാമൻ ഒരു സന്ദർഭത്തിൽ തിരിച്ചറിയുന്നു. പട്ടിണി കിടന്നാലും പഠിക്കണമെന്ന വാശി അദ്ദേഹത്തിൽ വളർന്നു. അതിന്റെ ബലത്തിൽ എല്ലാ പ്രതികൂല സാഹചര്യങ്ങളോടും പടപൊരുതി അദ്ദേഹം വിജയിച്ചുകയറി. ഇരയായി ഒടുങ്ങാതെ, ജീവിതത്തിലുടനീളം പ്രദർശിപ്പിച്ച ഇച്ഛാശക്തിയാണ് കുഞ്ഞാമന്റെ ജീവിതത്തെ അനന്യമാക്കുന്നതെന്ന് ഈ അധ്യായം സാക്ഷ്യപ്പെടുത്തുന്നു. ജ്യോതിബാഫുലേയും അംബേദ്കറും അയ്യങ്കാളിയും ദലിതരുടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ആവർത്തിച്ച് പറയുന്നുണ്ട്. വർണ്ണാശ്രമധർമ്മത്തിൽ മോചനത്തിന്റെ എല്ലാ വഴികളും നിഷേധിക്കപ്പെട്ടവരാണ് ദലിതർ അവർക്ക് അതിൽനിന്ന് പുറത്തുകടന്ന് മനഷ്യാ തസ്സോടെ ജീവിക്കാൻ ഒറ്റ വഴിയേയുള്ളൂ. അത് ആധുനികവിദ്യാഭ്യാസത്തിന്റേതാണ്. കുഞ്ഞാമന്റെ ജീവിതം ഇക്കാര്യത്തിന് അടിവരയിടുന്നുണ്ട്.

**തീർത്ഥയാത്ര**

**ടി.ജെ.എസ്. ജോർജ്**

ലേഖകപരിചയം

പത്രപ്രവർത്തകൻ, രാഷ്ട്രീയനിരീക്ഷകൻ, കോളമിസ്റ്റ്, എഴുത്തുകാരൻ എന്നീ നിലകളിൽ പ്രശസ്തനാണ് ടി.ജെ. എസ്. ജോർജ് ഫാര ഈസ്റ്റേൺ ഇക്കണോമിക് റിവ്യൂവിൽ പൊളിറ്റിക്കൽ എഡിറ്ററായിരുന്ന അദ്ദേഹം അക്കാലത്ത് വിയറ്റ്നാം, കംബോഡിയ, തായ്‌ലൻ്്റ്, ഫിലിപ്പീൻസ് മുതലായ തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ മുഴുവൻ സഞ്ചരിച്ചു.

ദീർഘകാലത്തെ വൈദേശികാധിനിവേശത്തിൻ്റെയും ചെറുത്തു നിൽപ്പിന്റെയും ചരിത്രമുള്ള രാജ്യമാണ് വിയറ്റ്നാം. ടി. ജെ. എസ്. ജോർജ് 1973–ൽ വിയറ്റ്നാമിൽ നടത്തിയ സന്ദർശനത്തെ ആസ്പദമാക്കി എഴുതിയ യാത്രാവിവരണമാണ് ഹോ ചി മിന്റെ നാട്ടിൽ. അമേരിക്കയുമായുള്ള യുദ്ധത്തിനു ശേഷം പാരീസ് ഉടമ്പടിപ്രകാരം വിയറ്റ്നാമിൽ സമാധാനം കൈവന്നുകൊണ്ടിരുന്ന ആ ഘട്ടത്തിൽ അന്യരാജ്യങ്ങളിൽനിന്നുള്ള പത്രപ്രവർത്തകരെയും ബുദ്ധിജീവികളെയും വിയറ്റ്നാം ക്ഷണിച്ചിരുന്നു. ഇന്ത്യയിൽനിന്ന് ക്ഷണിക്കപ്പെട്ടത് ബ്ലിറ്റ്സ് വാരികയുടെ രാഷ്ട്രീയ ലേഖകനായിരുന്ന എ. രാഘവനും ഹോങ്കോങ് റിവ്യൂ തയ്യാറാക്കിയിരുന്ന ടി ജെ എസ്. ജോർജ്ജുമായിരുന്നു. അന്നു നടത്തിയ യാത്രയുടെ ഓർമ്മ കളാണ് ഈ യാത്രാവിവരണം.

<u>സഞ്ചാരസാഹിത്യം</u>

യാത്രകൾക്ക് മനുഷ്യരോളം തന്നെ പഴക്കമുണ്ട്. സഞ്ചാരികളായ മനുഷ്യർ ദേശാന്തരങ്ങളിലേക്കുള്ള തങ്ങളുടെ യാത്രാനുഭവങ്ങൾ രേഖപ്പെടുത്താൻ തുടങ്ങുമ്പോഴാണ് സഞ്ചാരസാഹിത്യം ആരംഭി ക്കുന്നത്. ലോകമെമ്പാടുമുണ്ടായിട്ടുള്ള പഴയകാല ക്ലാസിക് സാഹിത്യ കൃതികളിൽ യാത്രകൾക്കും അവയുടെ വിവരണങ്ങൾക്കും വലിയ സ്ഥാനം നൽകിയതായി കാണാം. നാവികർ, സൈനികർ, നയതന്ത്ര പ്രതിനിധികൾ, ചരിത്രകാരർ, ശാസ്ത്രജ്ഞർ, തീർഥാടകർ തുടങ്ങിയ വരുടെയെല്ലാം യാത്രാവിവരണങ്ങൾ ആദ്യഘട്ടം മുതലേ ലഭ്യമായിട്ടുണ്ട്. ഒരു സാഹിത്യജനുസ്സ് എന്ന നിലയിൽ സഞ്ചാരസാഹിത്യം അടയാളപ്പെടുന്നത് ആധുനികതയുടെ ഘട്ടത്തിലാണ്. കേവലമായ യാത്രാവിവരണങ്ങൾ എന്നതിനപ്പുറം സാഹിതീയമൂല്യമുള്ള ഒരു ഗദ്യ വിഭാഗമായി ഈ ഘട്ടത്തിൽ സഞ്ചാരസാഹിത്യം മാറി. എഴുത്തുകാരൻ്റെ/എഴുത്തുകാരിയുടെ വ്യക്തിത്വവും ഭാവുകത്വവും പ്രപഞ്ചബോധവും പ്രകടമാവുന്ന മട്ടിൽ യാത്രാവിവരണങ്ങളുടെ ആഖ്യാനത്തിലും ആവിഷ്ക്കാരത്തിലും പ്രകടമായ മാറ്റമുണ്ടാകുന്നതിൽ കാല്പനികതയുടെ (റൊമാൻ്റിസിസം) വികാസം കാരണമായി. കണ്ട സ്ഥലങ്ങളുടെയോ സംഭവങ്ങളുടെയോ വസ്തുനിഷ്ഠവിവരണങ്ങൾ എന്നതിനപ്പുറം കാഴ്ചയുടെ ആത്മനിഷ്ഠതലങ്ങൾകൂടി പ്രധാനമായിത്തീരുകയും ഭാഷ അനുഭവാത്മകമാവുകയും ചെയ്തു. സഞ്ചാരസാഹിത്യത്തെ സുനിശ്ചിതമായ ഒരു നിർവചനത്തിൽ ഒതുക്കിനിർത്താൻ സാധ്യമല്ല. പ്രമേയത്തേക്കാൾ എഴുത്തുകാരന്റെ/എഴുത്തുകാരിയുടെ ആത്മവത്തയ്ക്കും രചനാകൗശലത്തിനും പ്രാധാന്യമുള്ള ഒരു സാഹിത്യശാഖയാണ് യാത്രാവിവരണങ്ങൾ എന്നും അതിലെ പ്രമേയത്തിൽ പുതുമ വേണമെന്നില്ല എന്നും സഞ്ചാരസാഹിത്യം മലയാള ത്തിൽ എന്ന ഗ്രന്ഥത്തിൽ പ്രൊഫ. വി. രമേഷ്ചന്ദ്രൻ രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ “അസാധാരണ അനുഭവങ്ങൾ രസകരമായി അവതരിപ്പിക്കാനുള്ള സാമർത്ഥ്യമാണ് സഞ്ചാരസാഹിത്യകാരനുണ്ടാകേണ്ടത് സഞ്ചാരികൾ എന്നതിനേക്കാൾ സാഹിത്യകാരന്മാർ എന്ന നിലയാണ് അവയുടെ കർത്താക്കൾക്ക്.” ഈ വിശദീകരണത്തിൽ രണ്ട് കാര്യങ്ങൾ സൂചിതമാവുന്നുണ്ട്. ഒന്ന്, സഞ്ചാരസാഹിത്യകൃതികളിൽ നിന്ന് വായനക്കാർ പ്രതീക്ഷിക്കുന്നത് അസാധാരണമായ അനുഭവങ്ങളുടെ രസകരമായ ആവിഷ്കാരമാണ്. രണ്ട്, അവതരിപ്പിക്കപ്പെട്ട ദേശത്തെ ക്കുറിച്ചും അവിടത്തെ ജീവിതത്തെക്കുറിച്ചും അറിയാനുള്ള താൽപ്പര്യത്തേക്കാൾ വായനക്കാരിൽ മുന്നിട്ടുനിൽക്കുന്നത് കൃതിയുടെ സാഹിത്യാംശമാണ്. എന്നാൽ ഇക്കാര്യം പൂർണ്ണമായും ശരിയെന്ന് പറയാനാവില്ല. ഇതരദേശങ്ങളെക്കുറിച്ചറിയാനുള്ള ആകാംക്ഷ തന്നെയാണ് സഞ്ചാരസാഹിത്യകൃതികളുടെ പ്രഥമ ആകർഷണം. അവയെ മനോഹര

മായി അവതരിപ്പിക്കുമ്പോൾ അവയുടെ വായനക്ഷമതയും സാഹിത്യ മൂല്യവും വർധിക്കുന്നുവെന്ന് പറയാം.

സഞ്ചാരസാഹിത്യത്തിൽ എഴുത്തുകാരന്റെ/ എഴുത്തുകാരിയുടെ ആത്മാംശത്തിന് കൂടുതൽ പ്രാധാന്യമുണ്ട്. യാത്രചെയ്ത സ്ഥലങ്ങളുടെയും കണ്ട കാഴ്ചകളുടെയും വർണ്ണനകൾക്കപ്പുറം യാത്രയ്ക്കായി ചെയ്ത ഒരുക്കങ്ങൾ, സഹയാത്രികരോടൊപ്പമുള്ള അനുഭവങ്ങൾ, എഴുത്തുകാരനുള്ള കാഴ്ചപ്പാടുകൾ തുടങ്ങിയവകൂടി ഉൾക്കൊള്ളുന്നതാണ് മികച്ച യാത്രാവിവരണങ്ങൾ.

സഞ്ചാരസാഹിത്യത്തിന് ഏറ്റവും അടുപ്പമുള്ളത് ആത്മകഥയോടാണ് എന്ന് പ്രൊഫ വി. രമേഷ്ചന്ദ്രൻ നിരീക്ഷിക്കുന്നത് ഈ അർത്ഥത്തിലാണ് സഞ്ചാരസാഹിത്യകൃതികളുടെ മറ്റൊരു സവിശേഷത അവയുടെ ഉള്ളടക്കത്തിലാണ്.

ചരിത്രം, ഭൂമിശാസ്ത്രം, കല, സാഹിത്യം, നരവംശശാസ്ത്രം, രാഷ്ട്ര തന്ത്രം, ധനശാസ്ത്രം, പ്രകൃതിശാസ്ത്രം തുടങ്ങി ഏതു വിജ്ഞാനവും യാത്രാവിവരണങ്ങളിൽ ഉൾക്കൊള്ളിക്കാൻ കഴിയുന്ന മട്ടിലുള്ള അനായാസത സഞ്ചാരസാഹിത്യകൃതികളുടെ ആഖ്യാനത്തിലുണ്ട് അതുകൊണ്ടുതന്നെ കൃത്യമായൊരു നിർവചനത്തിലൊതുക്കാൻ കഴിയാത്തവിധം ശിഥിലസ്വഭാവത്തോടുകൂടിയ ഘടനയാണ് സഞ്ചാര സാഹിത്യകൃതികളുടേത് എന്നു പറയാം. ബി.സി. എട്ടാം ശതകത്തിൽ എഴുതപ്പെട്ടതെന്ന് കരുതപ്പെടുന്ന ഗിൽമേഷ് ആണ് ലോകത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യകൃതി യായി അറിയപ്പെടുന്നത്.

പാറേമ്മാക്കൽ തോമാക്കത്തനാർ രചിച്ച വർത്തമാനപുസ്തകം അഥവാ റോമായാത്ര (1790 നും 1799 നും മധ്യത്തിൽ എഴുതിയത്. അച്ചടിച്ചത് 1936 ൽ) മലയാളത്തിൽ രചിക്കപ്പെട്ട ആദ്യത്തെ യാത്രാവിവരണമായും പരുമല തിരുമേനിയുടെ ഊർശ്ലേം യാത്രാവിവരണം (1895) മലയാളത്തിൽ അച്ചടിക്കപ്പെട്ട ആദ്യത്തെ യാത്രാവിവരണമായും അറിയപ്പെടുന്നു. പിന്നീട് ഈ മേഖലയിൽ ധാരാളം കൃതികൾ രചിക്കപ്പെട്ടു. കടയാട്ട് ഗോവിന്ദ മേനോൻ രചിച്ച കാശിയാത്രാ റപ്പോർട്ട് (1897), ബാരിസ്റ്റർ ജി. പി. പിള്ള രചിച്ച ലണ്ടനും പാരീസും (1897) തുടങ്ങിയവ ആദ്യകാലത്തെഴുതപ്പെട്ട ചില ശ്രദ്ധേയ യാത്രാവിവരണങ്ങളാണ്.

<u>ആസ്വാദനക്കുറിപ്പ്</u>

വിയറ്റ്നാം സന്ദർശനത്തെ ഹോ ചി മിന്റെ നാട്ടിൽ എന്ന യാത്രാ വിവരണത്തിൽ 12 അധ്യായങ്ങളായാണ് അവതരിപ്പിച്ചിട്ടുള്ളത്. അതിൽ ഒമ്പതാമത്തെ അധ്യായമാണ് 'തീർത്ഥയാത്ര' എന്ന പേരിലുള്ളത്. ലേഖകൻ സന്ദർശിക്കുന്ന കാലത്ത് വിയറ്റ്നാം വടക്കൻ വിയറ്റ്നാം എന്നും തെക്കൻ വിയറ്റ്നാം എന്നും രണ്ടായിക്കിടക്കുകയായിരുന്നു. ഹനോ ആയിരുന്നു വടക്കൻ വിയറ്റ്നാമിൻ്റെ തലസ്ഥാനം. ഈ ഘട്ടത്തിൽ തെക്കൻ വിയറ്റ്നാമിൽ ആധിപത്യം പ്രഖ്യാപിച്ചിരുന്നത് കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള പ്രൊവിഷണൽ റവല്യൂഷണറി റിപ്പബ്ലിക് ഓഫ് സൗത്ത് വിയറ്റ്നാം (പി. ആർ. ജി.) ആയിരുന്നു. വടക്കൻ വിയറ്റ്നാമിൽ ഗവ.ഓഫ് ദ റിപ്പബ്ലിക് ഓഫ് വിയറ്റ്നാമിനായിരുന്നു ആധിപത്യം. അവരാകട്ടെ, മുഴുവൻ വിയറ്റ്നാമിന്റെയും ആധിപത്യം അവകാശപ്പെട്ടിരുന്നു. അമേരിക്ക യുമായുള്ള യുദ്ധശേഷം വടക്കൻ വിയറ്റ്നാമും തെക്കൻ വിയറ്റ്നാമും ഒന്നിച്ച് ഇന്നത്തെ സോഷ്യലിസ്റ്റ് റിപ്പബ്ലിക് ഓഫ് വിയറ്റ്നാം ആയിത്തീരുക യായിരുന്നു.

വടക്കൻ വിയറ്റ്നാമിലെ സന്ദർശനത്തിനു ശേഷം പി ആർ. ജിയുടെ നേതൃത്വത്തിലുള്ള തെക്കൻ വിയറ്റ്നാമിലേക്കുള്ള യാത്രയാണ് 'തീർത്ഥ യാത്ര' എന്ന അധ്യായത്തിൽ വിവരിക്കുന്നത്. അമേരിക്കയുമായുള്ള യുദ്ധം വിയറ്റ്നാമിനെ തകർത്തുകഴിഞ്ഞിരുന്നു. ഗറില്ലായുദ്ധത്തിന് പേരു കേട്ട വിയറ്റ്നാം ഹോ ചി മിൻ്റെ നേതൃത്വത്തിൽ അമേരിക്കയ്ക്കെതിരെ നടത്തിയ ശക്തമായ ചെറുത്തുനിൽപ്പിത്തുടർന്നാണ് അമേരിക്ക പരാജയ പ്പെടുന്നത്, എന്നാൽ അപ്പോഴേക്കും അമേരിക്കയുടെ നിരന്തരമായ ബോംബാക്രമണത്തെ തുടർന്ന് റോഡുകളും നഗരങ്ങളുമെല്ലാം നാമാ വശേഷമായിക്കഴിഞ്ഞിരുന്നു. ഈ പശ്ചാത്തലത്തിൽ പി. ആർ. ജിയിലേക്കുള്ള യാത്ര അതീവ ദുഷ്കരവും സാഹസികവുമായിരുന്നു. ഈ യാത്രാനുഭവമാണ് ടി. ജെ. എസ്. ജോർജ് പങ്കുവയ്ക്കുന്നത്. യാത്രയ്ക്കായി നടത്തുന്ന തയ്യാറെടുപ്പുകളുടെ വിവരണത്തോടെ യാണ് അധ്യായം ആരംഭിക്കുന്നത്. എഴുത്തുകാരൻ്റെയും സഹയാത്രിക നായ എ. രാഘവൻ്റെയും സഹായത്തിനായി കൂടെയുണ്ടായിരുന്ന മാനേജരും ഫുങ്ങും ഹിംഗും പി ആർ. ജിയിലേക്കുള്ള യാത്രയ്ക്കുള്ള അനുമതി ലഭിക്കുന്നത് ഉറപ്പാകുന്നവരെ അക്കാര്യം അവരെ അറിയി ക്കുന്നില്ല. ഔദ്യോഗികമായി കമ്മ്യൂണി സ്റ്റധീനതയിലുള്ള ദക്ഷിണ വിയറ്റ്നാം ഒരു സ്വതന്ത്രരാജ്യമായിരുന്നു. അവിടെ ഭരണം നടത്തിയിരുന്ന പി. ആർ. ജി എന്നറിയപ്പെടുന്ന വിപ്ലവസർക്കാറിൻ്റ അനുവാദത്തോടെ മാത്രമേ അവിടം സന്ദർശിക്കാൻ കഴിയുമായിരുന്നുള്ളൂ. അനുമതി തേടി അവർ പി.ആർ.ജിയുടെ ഹാനോയിലെ സ്ഥാനപതിയെ നേരിൽ കണ്ടിരുന്നു. അതിനെ തുടർന്നാണ് അവർക്ക് അനുമതി ലഭിക്കുന്നത്. എന്നാൽ യാത്ര ഉറപ്പാകുന്നതുവരെ മാനേജരും ഫുങ്ങും അക്കാര്യം രഹസ്യമായി സൂക്ഷിക്കുകയാണ് ചെയ്യുന്നത്. യാത്രയുടെ തലേദിവസം അവരെ പി. ആർ. ജിയിലേക്ക് പോകുന്ന വിവരം അറിയിക്കുകയും യാത്രയ്ക്കായി തയ്യാറെടുപ്പ് നടത്താൻ ആവശ്യപ്പെടുകയും ചെയ്തു. രാവിലെ രണ്ടു ജീപ്പുകളിലായാണ് അവർ പുറപ്പെട്ടത്. യാത്രയ്ക്കായി ഒരുക്കിയ വാഹനങ്ങളും ആഹാരസാധനങ്ങളും കണ്ടപ്പോൾത്തന്നെ യാത്ര ദുഷ്കരമായിരിക്കാമെന്ന ആശങ്ക തോന്നിയതായി എഴുത്തുകാരൻ സൂചിപ്പിക്കുന്നു. യാത്രയ്ക്കായുള്ള ജീപ്പിനു പുറമെ ഭക്ഷണസാധനങ്ങൾ നിറച്ച ഒരു ജീപ്പുമുണ്ട്. ഇതിനു പുറമെ പെട്രോൾ കാനുകൾ നിറച്ച മറ്റൊരു ജീപ്പും ഉണ്ടായിരുന്നു. വഴിയിലെവിടെയും പെട്രോൾ ലഭിക്കാനിടയില്ല എന്നതുകൊണ്ടായിരുന്നു ഇത്.

വടക്കൻ വിയറ്റ്നാമിന്റെ ആസ്ഥാനമായ ഹനോയിൽ നിന്ന് തെക്കൻ വിയറ്റ്നാമിലേക്കുള്ള പാതകൾ ഏറ്റവും ദുർഘടമായിരുന്നു. ഹോ ചിമിന്റെ നേതൃത്വത്തിൽ നിർമ്മിക്കപ്പെട്ട ഹോ ചി മിൻ ട്രെയിൻ അഥവാ ഹോ ചി മിൻ നാട്ടുവഴി എന്നറിയപ്പെട്ടിരുന്ന ഈ പാത വിയറ്റ്നാമിന്റെ തെക്കേ അറ്റം വരെ എത്തുന്നതായിരുന്നു. അമേരിക്ക ഏറ്റവുമധികം ബോംബാക്രമണം നടത്തിയത് ഇവിടെയാണ്. അതിനു വേണ്ടി കമ്പ്യൂട്ടറുകളുടെ സഹായത്തോടെ നൂറുകണക്കിന് സെൻസറുകൾ വർഷിക്കുകയും അവയുടെ സഹായത്തോടെ മനുഷ്യസാന്നിധ്യം മനസ്സിലാക്കി കമ്പ്യൂട്ടർ സഹായത്തോടെത്തന്നെ ബോംബുവർഷം നടത്തുകയും ചെയ്തു. കാൽനടയായി പോകുന്ന വിയറ്റ്നാമി ഒളിപ്പോരാളികളെ കണ്ടെത്താൻ വിയർപ്പിന്റെയും മൂത്രത്തിന്റെയും മണം പിടിച്ചെടുത്ത് അറിയിക്കുന്ന സെൻസറുകളും അമേരിക്ക ഉപയോഗിച്ചിരുന്നു. എന്നാൽ നൂറുകണക്കിന് തൊട്ടികളിൽ മൂത്രം നിറച്ച് ഉപയോഗിക്കാത്ത കാടുകളിൽ കൊണ്ടുവെച്ച് അമേരിക്കയുടെ കമ്പ്യൂട്ടറുകളെ വിയറ്റ്നാമികൾ പരാജയപ്പെടുത്തി. ഈ പാതകളെ പൂർണമായും ഇല്ലാതാക്കാൻ അമേരിക്കയ്ക്ക് സാധിച്ചില്ലെന്ന് എഴുത്തുകാരൻ പറയുന്നു. ആ വഴിയിലൂടെയാണ് അവരുടെ

യാത്ര. കിളച്ചിട്ടപോലുള്ള റോഡിൽ പലയിടത്തും ഒരടി ആഴത്തിൽ ചെളിയാണ്. വഴിയിലുണ്ടായിരുന്ന ഗ്രാമങ്ങളും നഗരങ്ങളും വെറും ചെളിപ്രദേശങ്ങൾ മാത്രമായിത്തീർന്നിരുന്നു. പുനർനിർമാണത്തിൻ്റെ ഭാഗമായി ചില മുളങ്കുടിലുകൾ അവിടങ്ങളിൽ പൊങ്ങിവരുന്നതായി കാണാനു ണ്ടായിരുന്നു. ബോംബ് പതിച്ചുണ്ടായ കുഴികളാണ് വഴിയിലുടനീളം പാലങ്ങളെല്ലാം തകർന്നിരുന്നു. ാരണവാഹനങ്ങൾക്ക് ഇത്തരം വഴിയിലൂടെ സഞ്ചരിക്കാൻ കഴിയാത്തതിനാൽ റഷ്യ യിലും ചൈനയിലും നിർമ്മിച്ച വലിയ പട്ടാളലോറികളും ജീപ്പുകളും മാത്രമാണ് ഗതാഗതത്തിനായി ഉപയോഗിച്ചിരുന്നത്.

ദുർഘടമായ വഴിയിലൂടെയുള്ള യാത്ര എഴുത്തുകാരനും സുഹൃ ത്തിനും കഠിനമായ പരീക്ഷണമായി. എന്നാൽ അവരുടെ സഹ യാത്രികർ വളരെ ശാന്തരായിരുന്നു. വഴിയിൽ പലയിടത്തും അവരുടെ യാത്ര മണിക്കൂറുകളോളം തടസ്സപ്പെട്ടു. കണ്ട ഓരോ പ്രദേശവും മുമ്പു കണ്ടതിനേക്കാൾ തരിപ്പണമായിക്കഴിഞ്ഞിരുന്നു. കാട്ടുകളും മലമ്പ്രദേശ ങ്ങളും ചെളിപ്രദേശങ്ങളുമെല്ലാം കടന്നാണ് അവരുടെ യാത്ര. ഹാനോയിൽ നിന്ന് വണ്ടിയോടിച്ച് മൂന്നുദിവസത്തിനു ശേഷം ലക്ഷ്യ സ്ഥാനമായ ദക്ഷിണ വിയറ്റ്നാമിലെ വിൻലിനിലെത്തിയ തങ്ങളുടെ സംഘത്തെ വീരയോദ്ധാക്കളെയെന്നപോലെയാണ് സ്വീകരിച്ചത് എന്ന് അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. അതിഥിമന്ദിരത്തിലെത്തി കുളി കഴിഞ്ഞ പ്പോൾ താൻ നരകത്തിൽനിന്ന് സ്വർഗത്തിലെത്തിയതായി എഴുത്തുകാരന് അനുഭവപ്പെട്ടു. അവിടെ ദക്ഷിണ വിയറ്റ്നാമിലൂടെയുള്ള യാത്രയ്ക്കായി മറ്റു രാജ്യങ്ങളിൽനിന്നുള്ള ചില പത്രപ്രവർത്തകർകൂടി അവരെ കാത്തിരിപ്പുണ്ടായിരുന്നു.

'തീർത്ഥയാത്ര' എന്നാണ് ഈ അധ്യായത്തിന് എഴുത്തുകാരൻ നൽകിയിരിക്കുന്ന ശീർഷകം. അക്ഷരാർഥത്തിൽ തകർന്നുതരിപ്പണമായ വഴികളിലൂടെ അതിസാഹസികമായി നടത്തിയ യാത്ര എഴുത്തുകാര നിലുണ്ടാക്കിയ പ്രതികരണമാണ് ഈ പ്രയോഗം എന്നു പറയാം. തീർത്ഥ യാത്രകൾ വിശ്വാസികളെ സംബന്ധിച്ച് ഈശ്വരനിലേക്കുള്ള യാതനാ നിർഭരമായ യാത്രകൾകൂടിയാണല്ലൊ. ഇവിടെ എഴുത്തുകാരൻ തന്റെ ലക്ഷ്യസ്ഥാനത്തേക്ക് അത്തരമൊരു യാത്രയാണ് നടത്തിയത് എന്ന് പാഠ ഭാഗത്തിലൂടെ സഞ്ചരിക്കുമ്പോൾ വായനക്കാർക്കും അനുഭവപ്പെടും.

- **ഒ.എൻ.വിയുമായി അക്ബർ കക്കട്ടിൽ നടത്തിയ അഭിമുഖം**

അക്ബർ കക്കട്ടിൽ

ലേഖകപരിചയം

മലയാള ചെറുകഥാകൃത്തും നോവലിസ്റ്റുമായിരുന്നു അക്ബർ കക്കട്ടിൽ. ആധുനികതയ്ക്ക് ശേഷം മലയാളത്തിൽ വേരുറച്ച പുതുഭാ വുകത്വം പങ്കിട്ട കഥകളാണ് അദ്ദേഹത്തിന്റേത്. നർമ്മമധുരമായ ശൈലി യാണ് കക്കട്ടിലിന്റെ കഥകളുടെ പ്രത്യേകത. ശമീല ഫഹ്മി, അധ്യാ പകകഥകൾ, ആറാംകാലം, നാദാപുരം, മൈലാഞ്ചിക്കാറ്റ്, 2011–ലെ ആൺകുട്ടി, ഇപ്പോൾ ഉണ്ടാകുന്നത്, പതിനൊന്ന് നോവലുകൾ, മൃത്യു യോഗം, സ്ത്രൈണം, വടക്കുനിന്നൊരു കുടുംബവൃത്താന്തം, സ്കൂൾ ഡയറി, സർഗ്ഗസമീക്ഷ, വരു അട്ടൂരിലേക്ക് പോകാം എന്നിവയാണ് മുഖ്യ കൃതികൾ.

നിത്യജീവിതത്തിൽ കണ്ടുമുട്ടുന്ന മനുഷ്യരുടെ കഥകളാണ് അക്ബർ കക്കട്ടിൽ എഴുതിയത്. മലബാറാണ് അദ്ദേഹം ആഖ്യാനത്തി നായി കണ്ടെത്തിയ ദേശം. അധ്യാപകനായിരുന്ന അക്ബർ കക്കട്ടി ലിന്റെ സ്കൂൾകഥകൾ ഏറെ പ്രശസ്തമാണ്. കാരൂർ നീലകണ്ഠപ്പി ള്ളയ്ക്ക് ശേഷം അധ്യാപകസമൂഹത്തെക്കുറിച്ച് ഏറ്റവും കൂടുതൽ എഴുതിയ കഥാകൃത്താണ് അക്ബർ കക്കട്ടിൽ. ആ കഥകളിൽ പലതും ടി.വി. ചാനലുകളിൽ പരമ്പരയായി പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. പാഠം 30 എന്ന പേരിൽ കക്കട്ടിൽ എഴുതിയ സർവ്വീസ്കഥകൾ മലയാളത്തിലെ ആദ്യത്തെ അധ്യാപകസർവ്വീസ് സ്റ്റോറിയായി പരിഗണിക്കപ്പെടുന്നു. 1954 ജൂലൈ 7ന് ജനിച്ച അക്ബർ കക്കട്ടിൽ 2016 ഫിബ്രുവരി 17ന് അന്തരിച്ചു.

അങ്കണം സാഹിത്യ അവാർഡ്, എസ്.കെ. പൊറ്റെക്കാട്ട് അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, ജോസഫ് മുണ്ടശ്ശേരി അവാർഡ്, അബുദാബി ശക്തി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

<u>അഭിമുഖം</u>

രണ്ടോ അതിൽക്കൂടുതലോ വ്യക്തികൾക്കിടയിൽ നടക്കുന്ന ആസൂത്രിതസംഭാഷണമാണ് അഭിമുഖം. ഒരാൾ ചോദിക്കുകയും മറ്റെ രാൾ മറുപടി പറയുകയും ചെയ്യുന്നതാണ് അഭിമുഖത്തിന്റെ രീതി ഏതൊരഭിമുഖത്തിനും ചില ലക്ഷ്യങ്ങളുണ്ടായിരിക്കും. വസ്തുതകൾ ശേഖരിക്കാനോ നിലപാടുകൾ അറിയാനോ ഒരു വ്യക്തിത്വത്തിന്റെ വിവിധ വശങ്ങൾ അനാവരണം ചെയ്യാനോ വേണ്ടി അഭിമുഖം നട ത്താം. വേണ്ടത്ര തയ്യാറെടുപ്പുകൾ നടത്തി മാത്രമേ അഭിമുഖം നടത്താൻ കഴിയൂ. ചോദ്യങ്ങൾക്ക് വ്യക്തതയുണ്ടായിരിക്കണം. ശ്രദ്ധയോടെ കേൾക്കണം. കൃത്യമായി കുറിപ്പുകളെടുക്കണം. അഭിമുഖത്തിനുശേഷം കൂടുതൽ വ്യക്തത വേണ്ട ഭാഗങ്ങൾക്കായി അന്വേഷണം തുടരണം. അപ്പോൾ മാത്രമേ അഭിമുഖം ഫലപ്രദമാകൂ.

പല അഭിമുഖങ്ങൾക്കും ലോകചരിത്രത്തെത്തന്നെ മാറ്റിമറിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഡേവിഡ് ഫ്രോസ്റ്റ് റിച്ചാർഡ് നിക്സണുമായി നടത്തിയ അഭിമുഖത്തിൽ നിക്സന്റെ അഴിമതികൾ പുറത്തുവരുകയും ഒടുവിൽ അദ്ദേഹം രാജിവയ്ക്കുകയും വേണ്ടിവന്നു. ജോസഫ് മകാർത്തി യുമായി എഡ്വേർഡ് ആർ. മറോ നടത്തിയ അഭിമുഖമാണ് മകാർത്തിയുടെ പതനത്തിലേക്ക് നയിച്ചത്. ടെഡ് കോപ്പൽ ആയത്തുള്ള ഖൊമേ നിയുമായി നടത്തിയ അഭിമുഖം ഇറാനിയൻ വിപ്ലവത്തെ മനസ്സിലാ ക്കുന്നതിൽ നിർണ്ണായകമാണ്. നാസിജർമനിയിലെ ഹോളോകാസ്റ്റിൽ നിന്ന് രക്ഷപ്പെട്ടവരുമായി നടത്തിയ അഭിമുഖങ്ങളും വാഗൺ കൂട്ട കൊല നടന്ന ചരക്കുവണ്ടിയിൽനിന്ന് രക്ഷപ്പെട്ട പോരാളികളുമായി നടത്തിയ അഭിമുഖങ്ങളും വിലപ്പെട്ട ചരിത്രരേഖകളാണ്. സംസ്കാര പഠനത്തിന്റെ ഭാഗമായി ഒരു സമൂഹത്തിൽനിന്ന് അഭിമുഖങ്ങൾ വഴി ശേഖരിക്കുന്ന വാമൊഴിരൂപങ്ങൾക്കും അതീവചരിത്രപ്രാധാന്യമുണ്ട്.

മലയാളസാഹിത്യത്തിൽ ശ്രദ്ധേയരായ 25 പേരുടെ കൃതികളിലേക്കും പണിപ്പുരകളിലേക്കും കടന്നുചെല്ലുകയും അവരുടെ വ്യക്തി ജീവിതങ്ങളിൽ എത്തിനോക്കുകയും അവരുമായി സംവദിക്കുകയുമാണ് അക്ബർ കക്കട്ടിൽ സർഗ്ഗസമീക്ഷയിൽ ചെയ്യുന്നത്. മലയാള ത്തിലെ അറിയപ്പെടുന്ന കഥാകൃത്തായ അക്ബർ കക്കട്ടിൽ തനിക്ക് മുമ്പേ സാഹിത്യരചനയിലേക്ക് പ്രവേശിച്ച പ്രതിഭകളുമായി സംസാരി ക്കുന്നു എന്നതാണ് ഈ അഭിമുഖങ്ങളുടെ സവിശേഷത. മഹത്തായ സൃഷ്ടികളുടെ കർത്താക്കളെയും അവരുടെ കൃതികളെയും അവയുടെപശ്ചാത്തലങ്ങളെയും കുറിച്ച് മനസ്സിലാക്കുന്നത് സാഹിത്യാസ്വാദനത്തെ ശക്തിപ്പെടുത്തും. ഒരു കൃതി എങ്ങനെ

രൂപംകൊള്ളുന്നു എന്നും ശ്രദ്ധിക്കപ്പെട്ട ഒരു കഥാപാത്രം എങ്ങനെ പിറക്കുന്നു എന്നും മറ്റും അറിയാൻ വായനക്കാർക്ക് താൽപ്പര്യമുണ്ടാവും. ആ താൽപ്പര്യത്തെ തൃപ്തിപ്പെടുത്താൻ ഇത്തരം അഭിമുഖങ്ങൾക്ക് സാധിക്കും. വേണ്ടത്ര മുന്നൊരുക്കങ്ങൾ നടത്തിയിട്ടാണ് അക്ബർ കക്കട്ടിൽ ഈ അഭിമുഖം തയ്യാറാക്കിയിട്ടുള്ളതെന്ന് ഇവയിലൂടെ കടന്നുപോകുമ്പോൾ വ്യക്തമാകും. മാത്രമല്ല, അഭിമുഖസംഭാഷണത്തിനായി അദ്ദേഹം സാഹിത്യകാരന്മാരെ തിരഞ്ഞെടുത്തതിലും വൈവിധ്യം പുലർത്തിയി ട്ടുണ്ട്. നോവൽ, ചെറുകഥ, നാടകം, കവിത, നിരൂപണം തുടങ്ങിയ വിവിധ ശാഖകളിൽനിന്നുള്ള രചയിതാക്കളുമായി അദ്ദേഹം അഭിമുഖം നടത്തുന്നു. മാത്രമല്ല, വിവിധ തലമുറകളെ പ്രതിനിധീകരിക്കുന്ന എഴു ത്തുകാരും കൂട്ടത്തിലുണ്ട്. ബഷീറിനെയും തകഴിയെയും ഉൾപ്പെടുത്തിയതുപോലെ അന്നത്തെ പുതുതലമുറയെ പ്രതിനിധീകരിക്കുന്ന എം. മുകുന്ദനെയും സക്കറിയയെയും അദ്ദേഹം അഭിമുഖത്തിൽ ഉൾപ്പെട്ടു ത്തിയിട്ടുണ്ട്. അഭിമുഖം നടത്തുന്നയാൾ ഒരു മികച്ച നിരൂപകനോ നിരൂ പകയോ ആയിരിക്കണം. അക്ബർ കക്കട്ടിലിന്റെ അഭിമുഖങ്ങൾ ഇതിന് ദൃഷ്ടാന്തമാണ്.

അക്ബർ കക്കട്ടിലിന്റെ അഭിമുഖങ്ങളുടെ ആദ്യഭാഗം കൃതികളുടെ നിരൂപണമാണ്. രണ്ടാം ഭാഗം എഴുത്തുകാരുടെ ജീവിതവും മൂന്നാം ഭാഗം അവരോട് തനിക്കുള്ള ആത്മബന്ധവുമാണ് പ്രമേയമായി വരു ന്നത്. അഭിമുഖകാരൻറെ അഭിപ്രായം മൂടിവയ്ക്കാതെയാണ് ചോദ്യങ്ങ ളെല്ലാം ചോദിച്ചിരിക്കുന്നത്. പലപ്പോഴും ചോദ്യങ്ങൾ പ്രകോപനപരമാ യിത്തീരുന്നുണ്ട്. എന്നാൽ ഒരിക്കലും ഒരെഴുത്താളിനെക്കുറിച്ച് മറ്റൊരെഴുത്താളിനോട് അഭിപ്രായം ചോദിച്ച് മറുപടി പറയിക്കാൻ കക്കട്ടിൽ.. ശ്രമിക്കുന്നില്ല. അത്തരം വിവാദങ്ങൾക്ക് പിന്നാലെ പോകാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല എന്നു വേണം കരുതാൻ.

<u>ഒ.എൻ.വി.</u>

മലയാളത്തിന്റെ പ്രിയപ്പെട്ട കവിയും ഗാനരചയിതാവുമാണ്. ഒ.എൻ.വി. ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലുക്കുറുപ്പ് എന്നാണ് പൂർണ്ണ മായ പേര്. ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ ജ്ഞാനപീഠപുരസ്കാ രത്തിന് അർഹനായിട്ടുണ്ട്. പദ്മശ്രീയും പദ്മവിഭൂഷണം നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു. അഗ്നിശലഭങ്ങൾ, അക്ഷരം, ഉപ്പ്, ഭൂമിക്ക് ഒരു ചരമഗീതം, ഉജ്ജയിനി, സ്വയംവരം എന്നിവയാണ് പ്രധാന കാവ്യസമാഹാരങ്ങൾ, കെ.പി.എ.സി.യുടെ നാടകങ്ങൾക്കായി അദ്ദേഹം നിര വധി ഗാനങ്ങൾ രചിച്ചിട്ടുണ്ട്. 'സർവ്വേക്കല്ല്' എന്ന നാടകത്തിനുവേണ്ടി രചിച്ച 'വള്ളിക്കുടിലിൻ ഉള്ളിലിരിക്കും പുള്ളിക്കുയിലേ പാടൂ....", നിങ്ങ ളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന നാടകത്തിലെ "മധുരിക്കും ഓർമ്മക ളേ, മലർമഞ്ചൽ കൊണ്ടുവരൂ....", "പൊന്നരിവാളമ്പിളിയിൽ കണ്ണെറിയുന്നോളേ..." എന്നീ ഗാനങ്ങൾ മലയാളിയുടെ നിത്യജീവിതത്തിന്റെ പശ്ചാത്തലത്തിൽ എല്ലായ്പ്പോഴുമുണ്ട്. അതുപോലെ ഏതാണ്ട് ആറ് പതിറ്റാണ്ട് മലയാളസിനിമയ്ക്കുവേണ്ടി അദ്ദേഹം ഗാനങ്ങൾ രചിച്ചു. 1955–ൽ 'കാലം മാറുന്നു' എന്ന സിനിമയ്ക്കായി രചിച്ച 'ആ മലർ പൊയ്കയിൽ....' എന്ന ഗാനത്തിൽനിന്ന് തുടങ്ങി, 2012ൽ 'വേനലൊട്ടു ങ്ങാതെ' എന്ന സിനിമയിലെ 'പേരക്കിടാവിനെ....' എന്ന ഗാനം വരെ നീണ്ടുനിൽക്കുന്നതാണ് ആ ഗാനസപര്യ. ഏതാണ്ട് 943 പാട്ടുകൾ അദ്ദേഹം സിനിമകൾക്കായി എഴുതിയിട്ടുണ്ട്. 1931 മെയ് 27ന് ജനിച്ച ഒ. എൻ.വി. 2016 ഫെബ്രുവരി 13ന് അന്തരിച്ചു.

അഭിമുഖം

രണ്ടു മണിക്കൂറോളം നീണ്ട ഒരഭിമുഖമാണ് അക്ബർ കക്കട്ടിൽ ഒ.എൻ.വി.യുമായി നടത്തുന്നത്. 1980ൽ തിരുവനന്തപുരം ലോക്സഭാമണ്ഡലത്തിൽ ഒ.എൻ.വി. മത്സരിക്കുകയുണ്ടായി. അതേക്കുറിച്ച് ചോദി ച്ചുകൊണ്ടാണ് അഭിമുഖം ആരംഭിക്കുന്നത്. ഒ.എൻ.വിയുടെ കാവ്യ ഭാഷ, കാവ്യദർശനം, കവിതയുടെ ഗാനാത്മകത എന്നീ പല പ്രമേയങ്ങളിലേക്കും അഭിമുഖം പടർന്നുകയറുന്നു. ഒ.എൻ.വി. കവിതയിലെ കാൽപ്പനികചാരുതയും ബിംബകല്പനയിലെ വൈചിത്ര്യങ്ങളും പ്രമേ യമായി കടന്നുവരുന്നുണ്ട്. യാത്രകളെങ്ങനെയാണ് കാവ്യരചനയെ സ്വാധീനിച്ചത് എന്ന ചോദ്യത്തിലാണ് അഭിമുഖം അവസാനിക്കുന്നത്.

ഒ.എൻ.വി. എന്ന കവിയുടെയും കവിക്കുള്ളിലെ വ്യക്തിത്വത്തി ന്റെയും സവിശേഷതകൾ അഭിമുഖത്തിൽനിന്ന് വ്യക്തമാണ്. അഭിമു ഖത്തിൻ്റെ മുഖവുരയിൽ അക്ബർ കക്കട്ടിൽ പറയുന്നു: "ഒ.എൻ.വിയെ ഞാൻ പരിചയപ്പെടുന്നത് വടകരയിൽ ഒരു സാഹിത്യസമ്മേളനത്തിൽ അദ്ദേഹം വന്നപ്പോഴാണ്. പിന്നീട് പലവട്ടം ബന്ധപ്പെടാനും കൂടുതൽ അടുക്കാനും അവസരമുണ്ടായിട്ടുണ്ട്. കടുത്ത ഒരു വാക്കിനുപോലും മുറിവേൽപ്പിക്കാനാവും എന്നു തോന്നിപ്പിക്കുന്ന രൂപഭാവങ്ങളാണ് ഒ. എൻ.വിയുടേത്. കണ്ണടച്ചില്ലുകൾക്കകത്തെ കണ്ണുകൾക്ക് എപ്പോഴും സൗമ്യഭാവം. വാക്കുകൾക്കും ചലനങ്ങൾക്കും അതേ സൗമ്യത തന്നെ." ഒ.എൻ.വിയുടെ വ്യക്തിത്വത്തിന്റെ സവിശേഷതയായി അക്ബർ ചൂണ്ടിക്കാട്ടുന്ന 'സൗമ്യത'യുടെ നൃലോട്ടം അഭിമുഖത്തിലും കാണാം.

ഒ.എൻ.വി. കവിതയിൽ ഒരേസമയം പരാജയബോധവും വിപ്ലവബോധവും സമന്വയിക്കുന്നതെങ്ങനെയെന്നും അദ്ദേഹം പ്രമേയങ്ങൾ കണ്ടെത്തുന്നതെങ്ങനെയെന്നും ഈ അഭിമുഖത്തിൽനിന്ന് വ്യക്തമാകും. പ്രചാരണകവിത/ ശുദ്ധകവിത എന്ന വേർതിരിവിൽ ഒ.എൻ.വി. വിശ്വസിക്കുന്നില്ല. ഓരോ കവിതയ്ക്കും ഓരോ ഭാവപരിസരമുണ്ട്. അതിനനുസരിച്ച് അവയുടെ സ്വഭാവത്തിൽ വ്യത്യാസം വരുന്നു. ഈ നില പാടാണ് ഒ.എൻ.വിയുടേത്. ഒ.എൻ.വിയുടെ കവിത നേരിനു നേർക്ക് പിടിച്ച കണ്ണാടിയാണെന്ന് അക്ബർ കക്കട്ടിൽ ഉറപ്പിച്ചു പറയുന്നുണ്ട്.

- സഹകാരിയായി പ്രവേശം

പന്ന്യന്നൂർ ഭാസി

ലേഖകപരിചയം

ഗ്രന്ഥകർത്താവായ പന്ന്യന്നൂർ ഭാസി 1942–ൽ ജനിച്ചു. കെ.പി. ഭാസ്കരൻ എന്നാണ് ശരിയായ പേര്. 1997ൽ സംസ്ഥാന സഹകരണ വകുപ്പിലെ ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിൽനിന്ന് വിരമിച്ചു. ഗ്രന്ഥ ശാലാ പ്രവർത്തകനാണ്. അശാന്തിക്കപ്പുറം, അങ്കം, ഗതി (നോവലു കൾ), ചങ്ങാതികൾ (കഥ), തീപ്പന്തങ്ങൾ (ഗാനസമാഹാരം) എന്നിവ പ്രധാന കൃതികളാണ്. ഇതുകൂടാതെ നിരവധി ബാലസാഹിത്യകൃതി കളും രചിച്ചിട്ടുണ്ട്. സഹകരണമേഖലയെക്കുറിച്ചുള്ള വൈജ്ഞാനിക ഗ്രന്ഥങ്ങളും ഇ. നാരായണൻ: സഹകരണത്തിന്റെ സാരഥി എന്ന ജീവചരിത്രകൃതിയും രചിച്ചിട്ടുണ്ട്. കുട്ടികളുടെ തച്ചോളി ഒതേനൻ, തച്ചോളി ഒതേനൻ പുരാവൃത്തം, വടക്കൻപാട്ടിലെ വീരാംഗനമാർ എന്നിങ്ങനെ നാടോടി ഐതിഹ്യങ്ങളെ

മുൻനിർത്തിയുള്ള രചനകളിലൂടെ ശ്രദ്ധ നേടി. വാഗ്ഭടാനന്ദഗുരു: സഹകാരിയും നവോത്ഥാന നായകനും എന്ന പുസ്തകം സഹകരണപ്രസ്ഥാനത്തെക്കുറിച്ച് എഴുതിയ ഗ്രന്ഥമാണ്.

<u>ആസ്വാദനക്കുറിപ്പ്</u>

വാഗ്ഭടാനന്ദൻ എന്ന നവോത്ഥാനനായകനെ നമുക്ക് സുപരിചിതമാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളസമൂഹത്തിന്റെ വിവിധ മേഖലകളിൽ നടന്ന നവോത്ഥാനപ്രക്രിയയിൽ സുപ്രധാനമായ പങ്കാണ് അദ്ദേഹം വഹിച്ചിട്ടുള്ളത്. അധഃസ്ഥിത ജനതയുടെ സർവതോ മുഖമായ ഉന്നമനത്തിനായി ആത്മവിദ്യാസംഘം പോലെയുള്ള പ്രസ്ഥാനങ്ങൾ ആരംഭിക്കുകയും സ്ഥിതിസമത്വത്തിനുവേണ്ടി യത്നിക്കുകയും ചെയ്ത ചിന്തകനും പോരാളിയുമാണ് വാഗ്ഭടാനന്ദൻ.

വാഗ്ഭടാനന്ദൻ എന്ന കീഴാളവിമോചകനെ പരിചയപ്പെടുത്തുന്ന കൃതിയാണ് പന്ന്യന്നൂർ ഭാസിയുടെ 'വാഗ്ഭടാനന്ദഗുരു: സഹകാരിയുംനവോത്ഥാനനായകനും' എന്നത്. ഇതിലെ 'സഹകാരിയായി പ്രവേശം' എന്ന ഭാഗത്ത് സഹകരണപ്രസ്ഥാനത്തിന്റെ സ്ഥാപകൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ഇടപെടലുകളെയും സംഭാവനകളെയും പരിചയപ്പെടുത്തുന്നു. കേരളത്തിൽ സഹകരണസംഘങ്ങളുടെ രൂപീകരണത്തെ സംബന്ധിച്ച് സർക്കാർ അംഗീകൃതമായ നിയമങ്ങളോ വ്യവസ്ഥകളോ ഇല്ലാതിരുന്ന കാലത്താണ് കോഴിക്കോട് ജില്ലയിൽ ഊരാളുങ്കൽ കൂലിവേലക്കാരുടെ പരസ്പരസഹായസംഘം സ്ഥാപിക്കപ്പെട്ടത് (1917). പിന്നീട് ഇത് ഊരാളുങ്കൽ ലേബർ കോൺട്രാക് സഹകരണസംഘം എന്ന പേരിൽ 1925ൽ രജിസ്റ്റർ ചെയ്യപ്പെട്ടു.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണസംഘം സ്ഥാപിക്കപ്പെടുന്നതിനു പിന്നിൽ ചരിത്രപരമായ കാരണങ്ങളുണ്ട്. കേരളത്തിന്റെ സഹകരണമേഖലയുടെ ചരിത്രത്തിൽ പരിഗണിക്കപ്പെടാതെയോ തമസ്കരിക്കപ്പെടുകയോ ചെയ്ത വാഗ്ഭടാനന്ദൻ നടത്തിയ ഇടപെടലുകളാണത്. സമൂഹത്തിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ജാതിവിവേചനങ്ങളെയും തുത്തെറിയാനാവശ്യപ്പെട്ടുകൊണ്ടാണ് വാഗ്ഭടാനന്ദഗുരു സാമൂഹിക പ്രവർത്തന ങ്ങളിലേക്ക് കടന്നുവരുന്നത്. അതിനായി ആത്മവിദ്യാസംഘം പോലെയുള്ള പ്രസ്ഥാനങ്ങൾ തുടങ്ങുകയും ചെയ്തു. കീഴാളജനത വാഗ്ഭടാനന്ദന്റെ ആശയങ്ങളിലേക്കും ആത്മവിദ്യാസംഘത്തിന്റെ പ്രവർത്തനങ്ങളിലേക്കും ആകൃഷ്ടരാവുകയും ചെറിയ തോതിൽ സംഘടിതരാവുക യും ചെയ്തു. ആത്മവിദ്യാ സംഘത്തിന്റെ കീഴിൽ കോഴിക്കോടിനടുത്ത വടകര താലൂക്കിൽ ഉൾപ്പെട്ട കാരക്കാട് ഊരാളുങ്കലിൽ കൂലി വേലക്കാരുടെ പരസ്പരസഹായസംഘം എന്ന പേരിൽ ഒരു സംഘം സ്ഥാപിതമാവുകയും ചെയ്തു. ഭൂപ്രഭുക്കളും സമ്പന്നരുമായ മേലാളർ ഇതിൽ പ്രകോപിതരായി വാഗ്ഭടാനന്ദന്റെ അനുയായികളെ ഒറ്റപ്പെടുത്തുകയും തൊഴിൽ നിഷേധിക്കുകയും ചെയ്തു.

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകറ്റിനിർത്തപ്പെടുകയും തൊഴിൽ നിഷേധിക്കപ്പെടുകയും ചെയ്തതിലൂടെ അധഃസ്ഥിത ജനത കടുത്ത പട്ടിണിയിലേക്കും ദാരിദ്ര്യത്തിലേക്കും കൂപ്പുകുത്തുകയും ദൈനംദിനജീവിതം ദുഃസ്സഹമാവുകയും ചെയ്ത ഘട്ടത്തിൽ വാഗ്ഭടാനന്ദന്റെ മുമ്പിൽ ആശ്രയത്തിനായി സമീപിച്ചു. കൂലിവേല ക്കാർക്ക് തൊഴിൽ നഷ്ടപ്പെടുകയില്ലെന്നും അത് സുരക്ഷിതമായ രീതിയിൽ തിരികെ ലഭിക്കുമെന്നും

ഗുരു ഉറപ്പ് നൽകി. പ്രശ്നപരിഹാരത്തിനായി പണിയാളർക്ക് ഒരു പരസ്പരസഹായസംഘം രൂപീകരിക്കുകയാണ് ഉടൻ ചെയ്യേണ്ടതെന്ന് ഗുരു നിർദ്ദേശിച്ചു. അങ്ങനെയാണ് കരിങ്കല്ല് പൊട്ടിച്ചെടുക്കുന്നവർ, വിവിധ മരാമത്തുജോലികളിൽ ഏർപ്പെടുന്നവർ എന്നിവരുടെ ഉന്നമനം ലക്ഷ്യമാക്കി അന്നത്തെ ചാരിറ്റബിൾ സൊസൈറ്റി നിയമപ്രകാരം 1925 മാർച്ച് 24 ന് സംഘം രജിസ്റ്റർ ചെയ്തത്. സംഘത്തിൽഅംഗത്വം നേടിയവർക്ക് പണിയായുധങ്ങൾ നൽകുന്നതുൾപ്പെടെയും സഹായങ്ങൾ ഗുരു വാഗ്ദാനം ചെയ്തു.

തൊഴിലാളികൾ അവരുടെ ആവശ്യങ്ങൾക്കായി സംഘടിക്കാൻ തുടങ്ങിയിട്ടില്ലാത്ത കാലത്താണ് സംഘം രൂപീകൃതമാവുന്നത്. സ്വാഭാവിക മായും തൊഴിലുടമകൾ ഇതിൽ അസ്വസ്ഥരാവുകയും പല മട്ടിയ അതിനെ തകർക്കാൻ കോപ്പുകൂട്ടുകയും ചെയ്തു. ഒരു ഘട്ടത്തിന ഔദ്യോഗികമായിത്തന്നെ സംഘത്തിന്റെ പ്രവർത്തനങ്ങളെ നിർത്തൽ ചെയ്യാനും ശ്രമിക്കുന്നുണ്ട്. ഈ സമയത്തെല്ലാം ഗുരു അതിന് സംരക്ഷണം നൽകി. സർക്കാർ മേധാവിയായ രജിസ്ട്രാറെ സമീപിച്ചതിന്റെ ഫലമായി സർക്കാറിന്റെ പല ജോലികൾക്കുമുള്ള കരാറുകൾ സംഘത്തിനു ലഭിക്കുകയുണ്ടായി. ഒപ്പം ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് സഹായങ്ങൾ ലഭിച്ചതും സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് പുതിയ ഊർജം നൽകി തൊഴിലാളികളുടെ ആത്മാർത്ഥമായ സഹകരണവും സംഘം ഭരണ കർത്താക്കളുടെ പ്രതിബദ്ധതയും നിമിത്തം സംഘത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാവുകയും വളർന്നുവികസിക്കുകയും ചെയ്തു.

സംഘത്തിന്റെ രൂപീകരണഘട്ടത്തിൽ മേലാളരുടെ ഭീഷണി കൾക്കു വഴങ്ങാതെ മുന്നോട്ടുവന്ന ആദ്യകാല പ്രവർത്തകർ കേരളത്തിന്റെ കീഴാളവിമോചനചരിത്രത്തിൽ എക്കാലവും അവിസ്മരണീയരായി തുടരും.

കേരളത്തിലെ സഹകരണമേഖലയുടെ ചരിത്രത്തിലെ നിർണായകമായ സന്ദർഭമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന്റെ സ്ഥാപനവും അതിന്റെ പ്രവർത്തനങ്ങളും. ധനാഢ്യരായ കോൺട്രാക്ടർമാർ സർക്കാർ സ്വാധീനത്തോടെ മരാമത്തുപണികൾ ഏറ്റെടുത്തു ചെയ്യുന്നതിലൂടെ ലഭിക്കുന്ന ഉയർന്ന ലാഭവിഹിതം ഏതെങ്കിലും വ്യക്തിയുടെ കൈകളിലേക്കാണ് എത്തിച്ചേരുക. സഹകരണ സംഘത്തിന്റെ ആവിർഭാവത്തോടെ ഒരുകൂട്ടം ആളുകളിലേക്ക് ലാഭവിഹിതം എത്തിച്ചേരുന്നു. ഇത് അധഃസ്ഥിത ജനതയുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിന് കാരണമാവുന്നു. ഒപ്പം തൊഴിലാളികൾ എന്ന നിലയിൽ സംഘടിതശക്തിയാകാനും അനീതികൾക്കും അവകാശ നിഷേധങ്ങൾക്കുമെതിരെ പൊരുതാനുള്ള പ്രചോദനവും ഇതിലൂടെ അധഃസ്ഥിതർക്ക് കൈവരുയുണ്ടായി

- **<u>കൃഷിക്കാരൻ തകഴി ശിവശങ്കരപ്പിള്ള</u>**

ലേഖകപരിചയം

മലയാളത്തിലെ നവോത്ഥാന കഥാകൃത്തുക്കളിൽ ശ്രദ്ധേയനാണ് തകഴി ശിവശങ്കരപ്പിള്ള. കുട്ടനാട്ടിലെ കാർഷികജീവിതത്തിന്റെ കരുത്തറിഞ്ഞ കഥകളാണ് തകഴിയുടേത്. മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ ആഴത്തിൽ തൊട്ടറിഞ്ഞതാണ് തകഴിയുടെ കഥകൾ.

പ്രധാന കൃതികൾ

തോട്ടിയുടെ മകൻ, രണ്ടിടങ്ങഴി, ചെമ്മീൻ, ഏണിപ്പടികൾ, തലയോട് (നോവലുകൾ), ഒരു കുട്ടനാടൻ കഥ, ഇങ്കുലാബ്, ജീവിതത്തിന്റെ ഒരേട്, ചങ്ങാതികൾ, മകളുടെ മകൾ, വെള്ളപ്പൊക്കത്തിൽ, ഘോഷയാത്ര, പ്രതിജ്ഞ (കഥകൾ)

പ്രധാന പുരസ്കാരങ്ങൾ

1984 ൽ കയർ എന്ന നോവലിന് ജ്ഞാനപീഠ പുരസ്കാരം ലഭിച്ചു. കൂടാതെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ് എന്നിവയും ലഭിച്ചിട്ടുണ്ട്.

**മലയാള ചെറുകഥ**

കഥപറച്ചിലിന് മനുഷ്യസംസ്കാരത്തിന്റെ ആദിമയുഗത്തോളം തന്നെ പഴക്കമുണ്ട് കഥപറയാനും കേൾക്കാനുമുള്ള താൽപ്പര്യം മനുഷ്യസഹജമാണ്. ഈസോപ്പ് കഥകൾ, പഞ്ചതന്ത്രം കഥകൾ, കഥാസരിത് സാഗരം, ബൈബിൾകഥകൾ, അറേബ്യൻകഥകൾ എന്നിവയൊക്കെ കഥാപാരമ്പര്യത്തിന്റെ പ്രാക്തനതയെ സൂചിപ്പിക്കുന്നവയാണ്. എന്നാൽ ഇതിൽനിന്നും വിഭിന്നമാണ് ചെറുകഥ എന്ന ജനുസ്സ്. പത്തൊൻപതാം നൂറ്റാണ്ടിൽ ഉദയം കൊണ്ട ആധുനികമായ സാഹിത്യജനുസ്സാണ് ചെറുകഥ. നിരന്തരം മാറ്റങ്ങൾക്കും പരീക്ഷണങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുന്ന ചെറുകഥ കൃത്യമായ ഒരു നിർവചനത്തിൽ ഒതുങ്ങുന്ന ഒന്നല്ലെന്ന്കാണാം. ബാഹ്യമോ ആന്തരമോ ആയ ഒരൊറ്റ സംഭവത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാവനാസൃഷ്ടിയാണ് ചെറുകഥയെന്നു സോമർസെറ്റ് മോം അഭിപ്രായപ്പെടുന്നു. വാഷിങ്ടൺ ഇർവിങ്, നഥാനിയൽ ഹാത്തോൺ, എഡ്ഗർ അലൻ പോ എന്നിവരാണ് ലോകസാഹിത്യത്തിൽ ചെറുകഥാ പ്രസ്ഥാനത്തിന് നാന്ദികുറിച്ചത്. ഫ്രഞ്ചുകാരനായ മോപ്പസാങ്ങ്, റഷ്യക്കാരനായ ചെഖോവ്, അമേരിക്കൻ കഥാകൃത്തായ ഒ. ഹെൻറി, ഇംഗ്ലീഷുകാരായ കിപ്ലിംങ്, സോമർസെറ്റ് മോം എന്നിവരാണ് ലോക ചെറുകഥാപ്രസ്ഥാനത്തിന് പുതിയ രൂപഭാവങ്ങൾ നൽകിയവർ.

ഇംഗ്ലീഷ് സാഹിത്യവുമായുള്ള സമ്പർക്കമാണ് മലയാളത്തിൽ ചെറുകഥയുടെ ഉൽഭവത്തിനു കാരണമായത്. 1891ൽ വിദ്യാവിനോദിനി മാസികയിൽ പ്രസിദ്ധീകരിച്ച വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ രചിച്ച 'വാസനാവികൃതി'യാണ് മലയാളത്തിലുണ്ടായ ആദ്യ ചെറുകഥ. മൂർക്കോത്ത് കുമാരൻ, സി.എസ്. ഗോപാലപ്പണിക്കർ, എം. ആർ. കെ. സി, ഒട്ടുവിൽ കുഞ്ഞികൃഷ്ണ മേനോൻ, കെ. സുകുമാരൻ, ഇ.വി കൃഷ്ണപിള്ള എന്നിങ്ങനെ ഒരു നീണ്ട നിരതന്നെ ആദ്യകാല കഥാ കൃത്തുക്കളായി മലയാളത്തിലുണ്ട്. കുറേ സംഭവങ്ങൾ പരത്തിപ്പറയുന്ന രീതിയാണ് ആദ്യകാല ചെറുകഥകളിൽ കാണാനാവുക. 1920കളോടെ സാമൂഹികപ്രതിജ്ഞാബദ്ധമായ ചെറുകഥകൾ എഴുതിക്കൊണ്ട് വി.ടി. ഭട്ടതിരിപ്പാട്, എം.ആർ.ബി, മുത്തിരിങ്ങോട്ട് ഭവത്രാതൻ നമ്പൂതിരിപ്പാട് തുടങ്ങിയവർ രംഗത്തു വന്നു. ഇവർ തുടങ്ങിവെച്ച ഭാവുകത്വപരമായ വ്യതിയാനം 1930കളോടെ ശക്തമായിത്തീർന്നു. കഥയിലെ നവോത്ഥാനയുഗമെന്നും റിയലിസ്റ്റിക്ക് പ്രസ്ഥാനമെന്നും വിളിക്കുന്ന ഈ ഘട്ടത്തിൽ മനുഷ്യന്റെ സാമൂഹ്യപ്രശ്നങ്ങൾ കഥയുടെ കേന്ദ്രത്തിലേക്ക് കയറിനിന്നതായി കാണാം. പുരോഗമന സാഹിത്യപ്രസ്ഥാനം അതിന് ആക്കം കൂട്ടി. സ്വാതന്ത്ര്യസമരവും ദേശീയപ്രസ്ഥാനത്തിന്റെ അലയൊലികളും ഗാന്ധിയൻ സാമൂഹിക

വീക്ഷണവും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരവുമെല്ലാം നവോത്ഥാന ചെറുകഥാകൃത്തുക്കളിൽ ആശയപരമായ ഊർജം നിറച്ച സാമൂഹികസാഹചര്യങ്ങളാണ്. തകഴി, കേശവദേവ്, പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റെക്കാട്ട്, ബഷീർ, ലളിതാംബിക അന്തർജ്ജനം, ഉറൂബ്, കാരൂർ, കെ. സരസ്വതിയമ്മ എന്നിങ്ങനെ നിരവധി പേർ ഇക്കാലത്തെ ചെറുകഥയെ സമ്പന്നമാക്കിയവരാണ്.

സ്വാതന്ത്ര്യലബ്ധിക്ക് ശേഷമുണ്ടായ ശൂന്യതയിൽനിന്നാണ് ആധുനികചെറുകഥകളുടെ ആവിർഭാവം. തീവ്രമായ വ്യഥകളും മാനസികസംഘർഷങ്ങളും വൈയക്തികാനുഭവങ്ങളും പ്രതീക്ഷാഭംഗവുമെല്ലാമാണ് ആധുനികചെറുകഥയുടെ ആദ്യകാല രചനകൾക്ക് ആധാരമായിത്തീർന്നത്. എം. ടി. വാസുദേവൻനായർ, ടി. പത്മനാഭൻ, യു.എ. ഖാദർ, രാജലക്ഷ്മി, സി.വി. ശ്രീരാമൻ, മാധവിക്കുട്ടി, പത്മരാജൻതുടങ്ങിയവർ ആധുനികതയുടെ ആദ്യകാല വക്താക്കളാണ്. അറുപതുകളോടെ ആധുനിക ചെറുകഥാപ്രസ്ഥാനത്തിന്റെ രൂപത്തിലും ഭാവത്തിലും പ്രകടമായ മാറ്റം സംഭവിച്ചു. കാക്കനാടൻ, ഒ. വി. വിജയൻ, എം. മുകുന്ദൻ, ആനന്ദ്, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, സക്കറിയ തുടങ്ങിയവർ ആധുനികതയിൽ നവീനമായൊരു ധാര സൃഷ്ടിച്ചവരാണ്.

ആധുനികതയുടെ സാമൂഹികസാഹചര്യങ്ങളിലുണ്ടായ പരിണാമം ചെറുകഥകളിലും ഭാവുകത്വപരമായ വ്യതിയാനത്തിന് കാരണമായി. പ്രകടമായ സാമൂഹിക വിമർശനത്തിൽനിന്ന് സൂക്ഷ്മരാഷ്ട്രീയത്തിന്റെ നിലപാടുകളാണ് ഉത്തരാധുനികമായ കഥാപ്രപഞ്ചത്തിന്റെ അടിത്തറ ഭദ്രമാക്കുന്നത്. സ്ത്രീപക്ഷനിലപാടുകളും പാരിസ്ഥിതികാവബോധവും ദലിത് ചിന്തകളുമെല്ലാം ഉത്തരാധുനിക ചെറുകഥകളിൽ സൂക്ഷ്മമായി സന്നിവേശിപ്പിക്കപ്പെടുന്നു. എൻ. എസ്. മാധവൻ, എൻ. പ്രഭാകരൻ, സാറാ ജോസഫ് എന്നിവരിൽത്തുടങ്ങി എസ്. ഹരീഷ്, ജി. ആർ. ഇന്ദുഗോപൻ, പ്രിയ എ. എസ്, ഇ. സന്തോഷ്കുമാർ, കെ. രേഖ എന്നിങ്ങനെ വലിയൊരു നിരതന്നെ ഉത്തരാധുനിക ചെറുകഥയുടെ ആന്തരികശോഭയെ നിരന്തരം പ്രകാശമാനമാക്കുന്നു.

<u>കഥാസാരം</u>

സത്യസന്ധതയും ധാർമികതയും കൈമുതലായുള്ള ഒരു കർഷകന്റെ കഥയാണ് തകഴി ശിവശങ്കരപ്പിള്ള എഴുതിയ 'കൃഷിക്കാരൻ'. കേശവൻനായർ എന്ന കൃഷിക്കാരന്റെ ജീവിതമാണ് ഈ കഥയുടെ ഉള്ളടക്കം. വൈക്കത്തുള്ള ഒരു ജന്മിയുടെ അമ്പതുപറ നിലം കഴിഞ്ഞ നാൽപ്പതു കൊല്ലമായി കേശവൻനായരാണ് കൃഷി ചെയ്യുന്നത്. അതിന് മുമ്പ് അയാളുടെ അമ്മാവനായിരുന്നു. അമ്പതുപറ നിലത്തിന്റെ ചുറ്റുമുള്ള വയലുകളെല്ലാം പലതവണ കൈമാറ്റം ചെയ്തതാണ്. എന്നാൽ ഈ അമ്പതുപറ മാത്രം കൈ മാറാതെപോരുന്നു. പാരമ്പര്യമായി കൃഷി ചെയ്തിരുന്ന കർഷകരെ പുതിയ കാലത്തെ കച്ചവടതന്ത്രങ്ങൾ പഠിച്ച മനുഷ്യർ ചൂഷണം ചെയ്യുന്നത് ഈ കഥയിൽ കാണാം. ഔതക്കുട്ടി എന്ന പണക്കാരൻ വയലുകൾ എല്ലാം വാങ്ങിക്കൂട്ടിയപ്പോഴും കേശവൻനായർ പാട്ടത്തിനെടുത്ത അമ്പതുപറ വയൽ അയാൾക്ക് ഒരിക്കലും കിട്ടിയില്ല. കേശവൻനായരുടെ പറമ്പിലേക്ക് ആവശ്യത്തിനു വെള്ളം ഒഴിച്ചു വിടാതെയും ചില സന്ദർഭത്തിൽ നെല്ലു മുഴുവൻ മുങ്ങിപ്പോകുംവിധം വെള്ളം ഒഴുക്കിവിട്ടും പലതരത്തിൽ ഔതക്കുട്ടി കേശവൻനായരെ ഉപദ്രവിക്കുന്നുണ്ട്. ജന്മിക്ക് കൊടുക്കാനുള്ള നെല്ലിന് പുറമെ അമ്പതുപറ നെല്ല് താൻ തരാമെന്നും ഔതക്കുട്ടി പറഞ്ഞുനോക്കി. എന്നാൽ

ഔതക്കുട്ടിയുടെ തന്ത്രങ്ങൾക്കു മുന്നിൽ കേശവൻനായർ പിടികൊടുക്കുന്നില്ല. പാരമ്പര്യമായി തനിക്ക് കിട്ടിയ ഈ കൃഷിഭൂമിയിൽ താൻതന്നെ കൃഷിചെയ്യും എന്നും അത് ആർക്കും കൊടുക്കില്ല എന്നും കേശവൻ നായർ ഉറപ്പിച്ചു പറയുന്നുണ്ട്. കേശവൻ നായരുടെ വയൽ വെള്ളത്തിൽ മുങ്ങിയപ്പോൾ കൂട്ടുകാരായ കുട്ടിച്ചോവനും കുട്ടിമാപ്പിളയും മടവെക്കാൻ പറഞ്ഞപ്പോഴും അർധരാത്രി പുഞ്ചക്കണ്ടത്തിൽ മടവെക്കുന്നത് ഒരു കൃഷിക്കാരന് ചേർന്നതല്ല എന്നാണ് കേശവൻനായർ പറയുന്നത്. അമ്പതുപറ നെല്ലാണ് വൈക്കത്തുള്ള ജന്മിക്ക് മീനത്തിൽ പാട്ടം കൊടുക്കേണ്ടത്. ഇതുവരെ അത് മുടക്കിയിട്ടില്ല. എന്നാൽ അക്കൊല്ലം അതുപോലും കഷ്ടിയായി. തനിക്കും കുടുംബത്തിനും അന്നത്തിനുള്ള വകയും അടുത്ത കൊല്ലത്തേക്ക് കൃഷിക്കുള്ള വകയും നഷ്ട പ്പെട്ടിട്ടും സത്യസന്ധതയും ധാർമികതയും കൈവിടാൻ കേശവൻനായർ കൂട്ടാക്കുന്നില്ല.

ഒടുവിൽ ജന്മിക്ക് ആവശ്യത്തിന് നെല്ല് കൊടുക്കാൻ കഴിയുമോ എന്ന ആധിയിൽ നിൽക്കുമ്പോൾ കൂട്ടുകാർ ജന്മിക്ക് കുറച്ചു നെല്ല് കൊടുത്താൽ മതി എന്ന് പറഞ്ഞപ്പോഴും ധാർമ്മികതയുടെ പക്ഷത്താണ് കേശവൻനായർ നിൽക്കുന്നത്. അക്കൊല്ലം നെല്ലുമായി ചെന്നപ്പോൾ ജന്മി മറ്റൊരാൾ തനിക്ക് നൂറുപറ നെല്ല് തരാമെന്ന് പറഞ്ഞിട്ടുണ്ടെന്നും കേശവൻനായർ കണ്ടം വിട്ടുകൊടുക്കണം എന്നും പറഞ്ഞപ്പോൾ ആ കൃഷിക്കാരന് അത് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. അങ്ങനെപറയല്ലേ എന്ന് അയാൾ ജന്മിയോട് യാചിച്ചു. ഒടുവിൽ പുതുതായി പറഞ്ഞയാൾ കൊടുക്കാമെന്നേറ്റ നൂറുപറ നെല്ല് താൻ തരാം എന്ന് പറഞ്ഞു പോരുമ്പോഴും അത് എങ്ങനെ ചെയ്യും എന്ന് അയാൾക്ക് അറി യില്ലായിരുന്നു. ഭാര്യയുടെ സമ്മതം ഇല്ലാതെ പശുവിനെ അയാൾ വിറ്റു എന്നിട്ടും അടുത്തവർഷത്തെ കൃഷിക്കുവേണ്ട കാര്യങ്ങൾ ചെയ്യാൻ അയാൾക്ക് കഴിഞ്ഞില്ല. പിന്നീട് ജന്മി ആ വയലും ഔതക്കുട്ടിക്ക് നൽകുന്നു. ഇവിടെ മണ്ണിനെ സ്നേഹിച്ച, കൃഷിയെ സ്നേഹിച്ച ഒരാളുടെ ജീവിതത്തിൽ സംഭവിക്കുന്ന ദുരന്തങ്ങളാണ് തകഴി ആവിഷ്കരിക്കുന്നത്.

<u>കഥയുടെ ദർശനം</u>

മണ്ണിന്റെ ജൈവികത നിലനിർത്തിക്കൊണ്ട് കൃഷിചെയ്യുന്ന യഥാർത്ഥ കൃഷിക്കാർക്ക് മണ്ണിന്മേൽ രാസവളപ്രയോഗം നടത്തി വലിയതോതിൽ ലാഭം കൊയ്യുന്ന പുതിയ കൃഷിക്കാർ വരുമ്പോൾ പരാജയം സംഭവിക്കുന്നു. രാസവളപ്രയോഗം നടത്തുമ്പോൾ മണ്ണിന്റെ വീര്യമാണ് നഷ്ടപ്പെടുന്നതെന്ന് തിരിച്ചറിയുന്നവനാണ് പഴയ കൃഷിക്കാരൻ. തൽക്കാലത്തെ ലാഭത്തിനുവേണ്ടി മണ്ണിനെ ചൂഷണം ചെയ്യുമ്പോൾ കുറച്ചുകാലം കഴിഞ്ഞാൽ ആ മണ്ണ് നിർവീര്യമായിപ്പോകുമെന്ന് ആ കൃഷിക്കാരന് അറിയാം. പക്ഷേ, അതൊന്നും ചെവിക്കൊള്ളാൻ പുതിയ കാലത്തെ കൃഷിപ്പണി ചെയ്യുന്നവർ തയ്യാറല്ല. ഇങ്ങനെ നേരും നെറിയു മുള്ള ഒരു കൃഷിക്കാരൻ്റെ ജീവിതവും അയാൾക്ക് വന്നുചേരുന്ന ദൈന്യവുമാണ് തകഴി കഥയിൽ വിശദീകരിക്കുന്നത്. കഥയുടെ ഒടുവിൽ കൃഷിഭൂമി മുഴുവൻ പോയിട്ടും എന്നും കൃഷിക്ക് പോകാറുള്ളതുപോലെ രാവിലെ ഇറങ്ങിപ്പോകുന്ന കേശവൻനായരെ നമുക്ക് കാണാം. കാരണം കൃഷിക്കാരനല്ലാതെ ഒരു നിമിഷം പോലും അയാൾക്ക് ജീവിക്കാൻ കഴിയില്ല. തന്റെ അമ്പതുപറ ഔതക്കുട്ടിയുടെ കൈയിലെത്തിയപ്പോൾ നെല്ല് നന്നായി വളരുന്നത് കേശവൻനായർ കാണുന്നുണ്ട്. എന്നാൽ അതിൽ ഒരു വാട്ടം വന്നപ്പോൾ ഔതക്കുട്ടിയോട് പറഞ്ഞ് ശരിയാക്കുന്നത് കേശവൻ നായർ എന്ന കർഷകന്റെ കൃഷിയോടുള്ള മനോഭാവം വ്യക്തമാക്കുന്നു. ഒരു നെൽക്കതിർ പോലും പാഴായിപ്പോകരുതെന്ന കരുതലുള്ള കൃഷിക്കാര നായിരുന്നു അയാൾ. എന്നാൽ അത്തരം മനുഷ്യർക്ക് ആഗ്രഹിക്കുന്ന രീതിയിൽ കൃഷിചെയ്യാനുള്ള

യാതൊരു സാഹചര്യവും ഇന്നില്ല. ലോകം മുഴുവൻ മത്സരത്തിലും ലാഭക്കൊതിയിലുമായിത്തീരുമ്പോൾ യഥാർത്ഥ കൃഷിക്കാരൻ നിരാശയിലേക്ക് വീണുപോകുന്നു. അത്തരത്തിലുള്ള ഒരു കൃഷിക്കാരന്റെ കഥയാണ് ഇവിടെ തകഴി പറയുന്നത്.

- **<u>ഏകാന്തതയുടെ നൂർ വർഷങ്ങൾ –</u>** കെ.ആർ. മീര

ലേഖകപരിചയം

നോവലിസ്റ്റ്, കഥാകൃത്ത് എന്നീ നിലകളിൽ മലയാളസാഹിത്യത്തിന് ഒട്ടേറെ സംഭാവനകൾ നൽകിയ എഴുത്തുകാരിയാണ് കെ.ആർ. മീര. കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ ജനനം. പത്രപ്രവർത്തകയായി ജോലിചെയ്തിട്ടുണ്ട്.

പ്രധാന കൃതികൾ ,നോവലുകൾ: ആരാച്ചാർ, സൂര്യനെ അണിഞ്ഞ ഒരു സ്ത്രീ, ഖബർ, ഘാതകൻ

കഥാസമാഹാരങ്ങൾ: ഓർമ്മയുടെ ഞരമ്പ്, ആവേമരിയ, മോഹമഞ്ഞ, സർപ്പയജ്ഞം, യൂദാസിന്റെ സുവിശേഷം, നേത്രോന്മീലനം.

പ്രധാന പുരസ്കാരങ്ങൾ, ആരാച്ചാർ എന്ന നോവലിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. കൂടാതെ കേരള സാഹിത്യ അക്കാദമി അവാർഡ്, ഓടക്കുഴൽ അവാർഡ്, വയലാർ സാഹിത്യ പുരസ്കാരം, മുട്ടത്തുവർക്കി അവാർഡ്, ലളിതാംബിക അന്തർജ്ജനം അവാർഡ്, ഇ.വി. കൃഷ്ണപിള്ള സ്മാരക പുരസ്കാരം എന്നിവ വിവിധ കൃതികൾക്കായി ലഭിച്ചിട്ടുണ്ട്.കഥാസാരം

മാംസനിബദ്ധമല്ലാത്ത സ്നേഹത്തിന്റെ കഥപറയുന്ന കെ.ആർ. മീരയുടെ ചെറുകഥയാണ് 'ഏകാന്തതയുടെ നൂർ വർഷങ്ങൾ.' ഒരു വർഗീയകലാപം നടക്കുന്ന സന്ദർഭത്തിൽ മുസ്ലീങ്ങളെ കൊല്ലാനും അവരുടെ വീട് ആക്രമിക്കാനും വേണ്ടി വാടകയ്ക്ക് വിളിക്കപ്പെട്ട ഒരാളായിരുന്നു സത്യൻ. ഇരകളെ കൊന്ന് വീടിന് തീവെച്ച് പകവീട്ടാൻ വേണ്ടി കറുത്ത പാന്റ്സും ഷർട്ടും നെറ്റിയിൽ കുങ്കുമക്കുറിയുമിട്ട് തലയും മൂക്കും മൂടിക്കെട്ടി എട്ടു പേരടങ്ങുന്ന ഒരു സംഘം ആക്രമണത്തിന് പോകുന്നു. അവരിലൊരാളായിരുന്നു സത്യൻ.

ഒരു രണ്ടുനില മാളികയുടെ തേക്കിന്റെ വാതിൽ വെട്ടിപ്പൊളിച്ച് അകത്തേക്ക് കയറുമ്പോൾ സ്ത്രീകളുടെയും കുട്ടികളുടെയും നിലവിളികൾ ഉയരുന്നുണ്ടായിരുന്നു. ഭ്രാന്തമായ ആവേശത്തോടെ വീട്ടിനുള്ളിലേക്ക് കയറിയ സത്യൻ ഒരു മുറിയിലെത്തി. അവിടെ ബെഡ് ലാംപിന്റെ വെട്ടത്തിൽ ഒരു സ്ത്രീ കിടക്കുകയാണെന്ന് മനസ്സിലായി. സത്യൻ ഒരു വേട്ടക്കാരനായി. വലതുകൈയിൽ വടിവാൾ പിടിച്ച് ഇടതു കൈകൊണ്ട് അവളുടെ വസ്ത്രം കീറി. ആർത്തിയോടെ അവളുടെ ശരീരത്തിലേക്ക് സത്യൻ നോക്കി. കണ്ണുകളിൽ നിന്ന് താഴേക്ക് ഓരോ ശരീരഭാഗങ്ങളും നോക്കി വന്നപ്പോഴാണ് സത്യൻ സ്തംഭിച്ചുപോയത്അരയ്ക്ക് താഴേക്ക് തുടകളിൽ വാടിപ്പോയ താമരവള്ളികൾ പോലെ മാംസശകലങ്ങൾ മാത്രമായിരുന്നു. ഭയന്നുപോയ സത്യൻ്റെ കൈയിൽ നിന്ന് വടിവാൾ താഴെ വീണു. അയാൾ ഓടാൻ തുടങ്ങിയെങ്കിലും തിരിച്ചു വന്ന് സ്വബോധം ഇല്ലാതെ അവളുടെ ബെഡ്പാനിൽ ഉണ്ടായിരുന്ന മൂത്രം ബാത്റൂമിൽ കൊണ്ടുപോയി പാത്രം വൃത്തിയാക്കി. ഒരു നൈറ്റി എടുത്ത അവളെ ധരിപ്പിച്ചു. തിരിച്ചുപോകുമ്പോൾ കാലിൽ തടഞ്ഞ വടിവാൾ എടുക്കുമ്പോൾ ഒരു പുസ്തകം തടഞ്ഞു. അത് അവളുടേതാണെന്ന്

ഓർക്കാതെ കൈയിലെടുത്ത് ഷർട്ടിന്റെ മുൻഭാഗത്ത് ഇടുപ്പിൽ തിരുകി വെച്ചു. അയാളുടെ രഹസ്യതാവളത്തിൽ എത്തിയപ്പോൾ സത്യൻ പുസ്തകത്തിന്റെ പേര് വായിച്ചു – 'ഏകാന്തതയുടെ നൂറുവർഷങ്ങൾ', അന്നുമുതൽ സത്യന് ഉറക്കം നഷ്ടപ്പെട്ടു.

നൂറിനെ കാണും മുമ്പ് സത്യന് സ്ത്രീ എന്ന വാക്കിന്റെ അർത്ഥം അറിയില്ലായിരുന്നു. അവന്റെ ബാല്യം മോശമായ അവസ്ഥയിലായിരുന്നു. അച്ഛൻ ഒരു പിമ്പും അമ്മ ഒരു വേശ്യയുമായിരുന്നു. നല്ല ഒരു ഓർമ്മ പോലും അവന് ബാല്യകാലത്തെക്കുറിച്ച് ഇല്ലായിരുന്നു. എല്ലാ സ്ത്രീകളെ കാണുമ്പോഴും അമ്മയോടുള്ള വെറുപ്പായിരുന്നു ഉള്ളിൽ ഉണ്ടായിരുന്നത്. സ്ത്രീ പുരുഷന് ഉപയോഗിക്കാനുള്ള ഒന്നു മാത്രമാണെന്ന് അവൻ കരുതി, നൂറിനെ കാണുന്നതുവരെ. നൂറിനെ കണ്ടതുമുതൽ അവന്റെ സ്വപ്നങ്ങളിൽ നിറയെ അവളായിരുന്നു.

നാലഞ്ച് മാസങ്ങൾക്ക ശേഷം കൊച്ചിയിലെ ഒരു മുതലാളിയെ വെട്ടിക്കൊന്ന ശേഷം തിരുവനന്തപുരത്തുള്ള ചെഷയർ ഹോമിൽ ഒളിവിൽ കഴിയാൻ ചെല്ലുമ്പോഴാണ് നൂറിനെ വീണ്ടും കാണുന്നത്. ഒറ്റനോട്ടത്തിൽത്തന്നെ അവൾ സത്യനെ തിരിച്ചറിഞ്ഞു. തന്റെ പുസ്തകം അന്വേഷിച്ച അവൾക്ക് ഇടുപ്പിൽ നിന്നും പുസ്തക മെടുത്ത് അവൻ നീട്ടി. അപ്പോൾ ആ പുസ്തകത്തിന് സത്യൻ്റെ മണമാണെന്നും ഇനി അത് സത്യന്റെ ദേഹത്തുതന്നെ ഇരുന്നോട്ടെ എന്നും അവൾ പറഞ്ഞു.

പോലീസ് അറസ്റ്റ് ചെയ്ത സത്യൻ ഒരു മാസം കഴിഞ്ഞ് ജാമ്യം കിട്ടി തിരിച്ചുചെന്നപ്പോൾ അയാളുടെ സാധനങ്ങളുടെ കൂടെ ഒരു പുസ്തകവും കത്തുമുണ്ടായിരുന്നു ചെഷയർ ഹോമിൽ നിന്ന് താൻ പോവുകയാണെന്നും രാത്രിയിൽ വാതിൽ ചവിട്ടിപ്പൊളിച്ച് തിളങ്ങുന്ന വാളുമായി വരണമെന്നുമായിരുന്നു കത്തിൻ്റെ ഉള്ളടക്കം. അടുത്തദിവസം നൂർ മഹലിൽ ചെന്ന് അയാൾ കള്ളം പറഞ്ഞ് നൂറിനെ കണ്ടു അവിടെ വെച്ച് ആയ കാപ്പി കൊണ്ടുവരാൻ പോയ നേരത്ത് അവൾ സത്യന് നേരെ കൈനീട്ടുകയും സത്യൻ്റെ കൈകളിൽ ഉമ്മ വയ്ക്കുകയും ചെയ്തു. തന്നെപ്പോലൊരാളെയാണല്ലോ നൂർ ഇഷ്ടപ്പെടുന്നത് എന്ന് പറഞ്ഞ സത്യനോട് നീയല്ലേ എൻ്റെ വാതിൽ തുറന്നു വന്ന ആദ്യത്തെ പുരുഷൻ എന്നും തൻ്റെ ബെഡ്പാൻ വൃത്തിയാക്കിത്തന്ന പുരുഷൻ എന്നും പറഞ്ഞു. ഇവിടെ സത്യന് പുരുഷൻ എന്ന അഹങ്കാരംനഷ്ടപ്പെടുകയും പകരം കാലുകളില്ലാത്ത ഒരു പെണ്ണ് തന്റെ പിന്നാലെ ടുന്നു എന്ന അഹങ്കാരം കൈവരുകയും ചെയ്തു.

പിന്നീട് കോടതി ശിക്ഷിച്ചപ്പോൾ ജയിലിൽനിന്ന് സത്യനും നൂറും പരസ്പരം കത്തുകളെഴുതി നാദാപുരത്ത് തളർവാതത്തിന് ചികിത്സി ക്കുന്ന മൊല്ലാക്കയുടെ വീട്ടിൽ സത്യൻ ആദ്യം കടന്നുവന്ന നിമിഷ ത്തെ കുറിപ്പ് അവൾ എഴുതി. അവർ കത്തുകളിലൂടെ പ്രണയം കൈമാറി പിന്നീടുള്ള ഒരു കത്തിൽ സത്യൻ വേഗം വരണമെന്നും കാലുകളുടെ തളർച്ച അരയിലേക്ക് പടരുന്നുണ്ടെന്നും അങ്ങനെയായാൽ ഞാനെങ്ങനെ നിൻ്റെ കുഞ്ഞുങ്ങളെ പ്രസവിക്കുമെന്നും അവർ എഴുതി. പിന്നീട് കത്തുകൾ വന്നില്ല. അധികം വൈകാതെ ജയിൽ ചാടിയ സത്യൻ നൂറിന്റെ മുറിയിലെത്തി. അവളെ കണ്ട് അവൻ ഭയന്നു. ചത്ത നീർക്കോലി പോലൊരു ശരീരം. തോട്ടു കളഞ്ഞ കക്കപോലുള്ള കണ്ണുകൾ. തൊലിചുളിഞ്ഞ കവിളുകൾ. അവൻറെ വിളികേട്ട് അവൾ പതുക്കെ അവനെ വിളിച്ചു. സത്യന് ശരീരം തളരുന്നതുപോലെ തോന്നി.

അവന്റെ കാലുകളും സ്ത്രീ ശരീരങ്ങൾ ഭേദിച്ച ജനനേന്ദ്രിയവും തളരുന്നതുപോലെ തോന്നി. സ്ത്രീകളെ ബലാത്സംഗം ചെയ്യുകയും മനുഷ്യരെ കൊല്ലുകയും പിടിച്ചുപറിക്കുകയും ചെയ്തിരുന്ന അഹങ്കാരം ഒന്നൊന്നായി ഇല്ലാതാകുന്നത് സത്യൻ മനസ്സിലാക്കി. സത്യൻ നൂറിന്റെ അടുത്തുചെന്ന് പുതപ്പ് നീക്കി. അവളുടെ ശരീരം മുഴുവൻ ഉമ്മവെച്ചു. നെഞ്ചോട് ചേർത്തമർത്തി. അങ്ങനെ സത്യൻ അവളെ ശരീരത്തിൽ നിന്ന് മോചിപ്പിച്ചു.

ജയിലിലേക്ക് തിരിച്ചുപോകുമ്പോൾ അയാൾക്കു മനസ്സിലായി, നൂർ തട്ടിത്തകർത്ത അഹന്ത എന്തായിരുന്നുവെന്ന്. അത് ഏകാന്തതയായിരുന്നു എന്ന് സത്യന് ബോധ്യപ്പെട്ടു. ഏകാന്തതയുടെ നൂർ വർഷങ്ങളിലേക്ക് അയാൾ തിരിച്ചുപോയി. ഇവിടെ കഥ അവസാനിക്കുന്നു.

<u>കഥയുടെ ദർശനം</u>

കെ. ആർ. മീരയുടെ 'ഏകാന്തതയുടെ നൂർ വർഷങ്ങൾ' എന്ന കഥ നിസ്വാർത്ഥമായ സ്നേഹത്തിന്റെ കഥയാണ്. ശരീരനിഷ്ഠമായ പ്രണയത്തിനപ്പുറത്തേക്ക് ഈ കഥ കടന്നുചെല്ലുന്നു. സത്യൻ എന്ന കഥാപാത്രം കഥയുടെ തുടക്കത്തിൽ കടുത്ത അക്രമിയും പിന്നീട് ആർദ്രത യുള്ള ഒരു മനസ്സിന്റെ ഉടമയും ആകുന്നു. സത്യന്റെ ജീവിതം നൂറിനെ കാണുന്നതിനു മുമ്പും പിമ്പും രണ്ടായിരുന്നു. തന്റെ ബാല്യകാലത്തെ കഷ്ടപ്പാടുകളും അരക്ഷിതമായ ജീവിതവും സത്യനിൽ ഏൽപ്പിച്ച മുറിവുകൾ അയാളെ കൊലപാതകിയും അക്രമിയുമാക്കുന്നു. എന്നാൽ നൂറിനെ കണ്ടശേഷം സ്ത്രീയെന്നത് പുരുഷനു ഭോഗിക്കാനുള്ള ഒരു വസ്തു മാത്രമല്ലെന്നും സ്ത്രീക്ക് ഒരു മനസ്സുണ്ടെന്നും തിരിച്ചറിയുന്നു. അതോടൊപ്പം അക്ഷരങ്ങളുടെയും വായനയുടെയുംപുസ്തകത്തിന്റെയും ലോകത്തേക്ക് സത്യൻ എത്തുന്നു. അരയിൽ മുൻ വശത്ത് പുസ്തകവും പിൻവശത്ത് വടിവാളുമായി അവൻ വീണ്ടും വീണ്ടും നൂറിനെ തേടി ചെല്ലുന്നു. വടിവാളിനേക്കാൾ മൂർച്ചയുള്ള ആയുധമായി പുസ്തകം മാറുന്നു. ക്രൂരമായ മനസ്സുള്ള ഒരുവനെ ആർദ്രചിത്തനാക്കുന്ന ആയുധ മാണ് പുസ്തകം. 'മാംസനിബദ്ധമല്ല രാഗം' എന്ന കുമാരനാശാന്റെ വരികൾ ഈ കഥ വായിക്കുമ്പോൾ ഓർമ്മവരും. അരയ്ക്കുതാഴെ തളർന്ന് കിടക്കുന്ന നൂറിനെ പ്രണയിക്കുന്ന, അവളെ കാണാൻ ചെല്ലുന്ന സത്യനെ കഥയിൽ നാം കാണുന്നുണ്ട്. മനുഷ്യന്റെ മനസ്സ് പശ്ചാത്താപത്തിലൂടെ പ്രായശ്ചിത്തം നേടുന്ന കാഴ്ചയും ഇവിടെ കാണാം.

നൂറിനെ കാത്തിരിക്കുന്ന വിധി വായനക്കാരെ നൊമ്പരപ്പെടുത്തും. സത്യനോടൊപ്പം ജീവിക്കാൻ ആഗ്രഹിച്ച, സത്യന്റെ കുഞ്ഞുങ്ങളെ പ്രസവിക്കാൻ ആഗ്രഹിച്ച നൂറിന് പക്ഷേ അതിനൊന്നും കഴിയുന്നില്ല. ഒടുവിൽ മരണമാണ് അവൾക്ക് ഏറ്റവും നല്ല രക്ഷ എന്ന് മനസ്സി ലാക്കിയ സത്യൻ അവളെ മരണത്തിലേക്ക് പറഞ്ഞയക്കുന്നു. സത്യൻ അവന്റെ ഏകാന്തതയിലേക്ക് തിരിച്ചുപോകുന്നു. നൂർ ഇല്ലാത്ത ജീവിതം എത്രമാത്രം വിരസമായിരിക്കും എന്ന് സത്യന് അറിയാം. അവൻ്റെ വിരസതകൾ അകറ്റിയത്, അവന്റെ മനസ്സിലെ കാലുഷ്യങ്ങൾ ഇല്ലാതാക്കിയത് എല്ലാം നൂറിൻ്റെ സ്നേഹമായിരുന്നു. നൂറിനെ കണ്ട അന്നുമുതലാണ് സത്യൻ ഒരു മനുഷ്യനാവുന്നത്. എന്നാൽ അവർ ആഗ്രഹിച്ചതുപോലെ ഒരുമിച്ചു ജീവിക്കാൻ അവർക്ക് കഴിയുന്നില്ല. ഇവിടെ വീണ്ടും സത്യൻ ഏകാന്തതയുടെ അനന്തകാല ത്തിലേക്ക് നടന്നുപോകുന്നു.

## ➢ നോവൽ –ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്

വൈക്കം മുഹമ്മദ് ബഷീർ

ലേഖകപരിചയം

മലയാളസാഹിത്യത്തിൽ ഏറ്റവും കൂടുതൽ വായിക്കപ്പെട്ടിട്ടുള്ള എഴുത്തുകാരിലൊരാളാണ് വൈക്കം മുഹമ്മദ് ബഷീർ (1908–1994). വലിയ വായനക്കാരനല്ലാത്തൊരാൾക്കുപോലും ബഷീറിനെയും ബഷീറിന്റെ രചനകളെയും പരിചയമുണ്ടാകും. ബഷീർകൃതികളിലെ പല കഥാപാത്ര ങ്ങളെയും മലയാളികൾക്ക് ചുറ്റുവട്ടത്തുള്ളവരെപ്പോലെ സുപരിചിതമാണ്. 'എട്ടുകാലി മമ്മൂഞ്ഞിനെപ്പോലുള്ളവർ' എന്ന ശൈലി ഓർക്കാം. അത്രമേൽ ജനകീയാടിത്തറയുള്ള എഴുത്തുകാർ വിരളം. സ്വാതന്ത്ര്യസമരങ്ങളിൽ പങ്കെടുത്ത് നിരവധി തവണ ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. പ്രേമ ലേഖനം, ബാല്യകാലസഖി, ശബ്ദങ്ങൾ, മുച്ചീട്ടുകളിക്കാരന്റെ മകൾ, പാവപ്പെട്ടവരുടെ വേശ്യ, സ്ഥലത്തെ പ്രധാനദിവ്യൻ, വിശ്വവിഖ്യാതമായ മൂക്ക്, വിശപ്പ്, മതിലുകൾ, ഭൂമിയുടെ അവകാശികൾ, അനുരാഗത്തിന്റെ ദിനങ്ങൾ എന്നിവ പ്രധാന സമാഹാരങ്ങൾ.

1942–ലാണ് ബഷീറിന്റെ ആദ്യനോവലായ പ്രേമലേഖനം പുറത്തുവരുന്നത്. ഈ കാലഘട്ടത്തിൽ മലയാളസാഹിത്യത്തിൽ പൊതുവേ സവർണ്ണസാഹിത്യത്തിനായിരുന്നു പ്രാമുഖ്യം. സ്വാഭാവികമായും ഈ നോവലിലെ കഥാപാത്രം കേശവൻനായരായി മാറി. തുടർന്നുള്ള അദ്ദേഹത്തിന്റെ രചനകളെല്ലാം ആത്മാംശം കലർന്ന, മുസ്ലിം പശ്ചാത്തല മുള്ള കഥകളായിരുന്നു. മലയാളത്തിൽ അതുവരെ പരിചയമില്ലാത്ത സ്വതന്ത്രവും നൂതനവുമായ പാതയായിരുന്നു അത്. വൈവിധ്യമാർന്ന വിഷയങ്ങൾ നർമ്മത്തിൽ കലർത്തി വലിയ വിസ്ഫോടനങ്ങളാണ് ബഷീർ സൃഷ്ടിച്ചത്. 1947 ൽ പുറത്തിറങ്ങിയ 'ശബ്ദങ്ങൾ' മലയാളിയുടെ സദാചാര ബോധത്തിന് വലിയ ആഘാതമാണ് ഉണ്ടാക്കിയത്. അതേസമയം, സ്നേഹമാണ് ബഷീറിന്റെ തത്ത്വശാസ്ത്രം. മനുഷ്യരെയും ചുറ്റുമുള്ള ജീവജാതികളെയും സമഭാവനയോടെ കാണുന്ന സൂഫീ പാരമ്പര്യം ബഷീർകൃതികളിൽ സൂക്ഷ്മമായി അലിഞ്ഞു കിടക്കുന്നു. 'ഒരു മനുഷ്യൻ', 'ഭൂമിയുടെ അവകാശികൾ' തുടങ്ങിയ ചെറുകഥകൾ ബഷീറിൻ്റെ ജീവിതദർശനത്തിന്റെ പ്രത്യക്ഷോദാഹരണങ്ങളാണ്. 'അനുഭവങ്ങളുടെ ഒരു വൻകര' എന്നാണ് ബഷീറിനെ പ്രൊഫ എം.എൻ. വിജയൻ വിശേഷിപ്പിച്ചിട്ടുള്ളത്. 1951 ലാണ് 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!' എന്ന നോവൽ വരുന്നത്.

പ്രത്യക്ഷത്തിൽ ബാല്യകാലസഖി പോലെ മുസ്ലിം പശ്ചാത്തലത്തിലുള്ള ഒരു പ്രണയനോവലാണ് ഇതെന്നു പറയാം. പ്രണയം എന്ന അനുഭവ മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നതിൽ ഈ കൃതികൾക്ക വലിയ പങ്കുണ്ട്. അതേസമയം ഒരു കാലഘട്ടത്തിൻ്റെ പരിണാമം സൂക്ഷ്മമായി അവതരിപ്പിക്കുന്ന കൃതികൂടിയാണിത്. തലക്കെട്ടിലെ 'ആന പ്രത്യക്ഷത്തിൽ പാരമ്പര്യവാദമാണ്. യാഥാസ്ഥിതിക മുസ്ലിം കുടുംബത്തിൽനിന്ന് ആധുനികതയിലേക്കുള്ള മാറ്റമാണ് പ്രമേയം. പാരമ്പര്യത്തിന്റെ കരുത്തായ ആന അവസാനം വെറും കുഴിയാനയായി തിരിച്ചറിയപ്പെടുന്നിടത്താണ് നോവൽ അവസാനിക്കുന്നത്. അതേസമയം ഏതൊരു വാദത്തിന്റെയും നിസ്സാരതയെക്കുടിയാണ് ബഷീർ ഓർമ്മിപ്പിക്കാൻ ശ്രമിക്കുന്നത്.

'ആനമക്കാറിന്റെ പുന്നാരമോളായ കുഞ്ഞുതാച്ചുമ്മയുടെ പുന്നാരമോളായ കുഞ്ഞുപാത്തുമ്മയാണ്' ഇതിലെ മുഖ്യകഥാപാത്രം. കുഞ്ഞുപ്പാത്തുമ്മയുടെ വിചാരലോകത്തിലൂടെയാണ് കഥ പുരോഗമി ക്കുന്നത്. കുഞ്ഞുപാത്തുമ്മയുടെ ഉമ്മയായ കുഞ്ഞുതാച്ചുമ്മ ഇടയ്ക്കിടെ പറയുന്ന 'ന്റുപ്പപ്പാക്കൊരാനേണ്ടാർന്ന്, വലിയൊരു കൊമ്പനാന' എന്ന പ്രസ്താവന തങ്ങളുടെ കുടുംബത്തിന്റെ അന്തസ്സിനെയും കുലമഹിമയെയും കുറിക്കുന്നതാണ്. തന്നെ പെണ്ണുകാണാൻ ഭർത്താവ് അടിമമക്കാര് ആനപ്പുറത്താണ് വന്നത് എന്നും കുഞ്ഞുതാച്ചുമ്മ പറയുന്നുണ്ട്. ഇതെല്ലാം കേട്ട് ആനയെ സ്നേഹിച്ചുതുടങ്ങിക്കൊണ്ടാണ് കുഞ്ഞുപാത്തുമ്മ വളരുന്നത്.

സമ്പന്നമായ കുടുംബമാണ് കുഞ്ഞുപാത്തുമ്മയുടേത്, അതേസമയം കഠിനമായ മതചട്ടക്കൂടിനകത്തുമാണ് വളരുന്നത്. മതത്തെ സംബന്ധിച്ച എന്തും അവൾക്കറിയാം. അതിൽ അവളുടെ അറിവ് വലുതാണ്. ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച പരമകാരുണികനായ ദൈവത്തെയും പ്രവാചക ന്മാരുടെ കഥകളെയും അവൾ മനസ്സാ അനുസരിക്കുന്നു. ശരീരം മുഴുവൻ ആഭരണങ്ങളുമണിഞ്ഞു നടക്കുന്ന അവൾക്ക് അതൊരു ഭാരമായി മാറിയിരുന്നുവെങ്കിലും ഉമ്മ പറയുന്ന പ്രതാപം സംരക്ഷിക്കാൻ വേണ്ടി അവൾക്ക് അതൊന്നും ഉപേക്ഷിക്കാൻ കഴിഞ്ഞില്ല. പതിനാലാം വയസ്സു മുതൽ അവൾക്ക് വിവാഹം ആലോചിച്ചുതുടങ്ങി. എന്നാൽ പ്രതാപം കൊണ്ട് ചേരാതെ വിവാഹങ്ങളൊന്നും നടന്നില്ല. അങ്ങനെ ഇരുപത്തൊന്നു വയസ്സായ സമയത്താണ് കുടുംബത്തിൽ നടന്ന ചില കേസുകളിലും പള്ളിയുമായി ബന്ധപ്പെട്ട കേസിലും പെട്ട് സമ്പത്ത് മുഴുവൻ നശിച്ച് ഒരു ചെറിയ വൈക്കോൽപ്പുരയിലേക്ക് അവർക്ക് മാറേണ്ടിവന്നത്. കഥകളിൽ പറഞ്ഞുകേട്ട ലോകാവസാനം പോലെയാണ് അവൾക്ക് അത് അനുഭവപ്പെട്ടത്. 'ഞാൻ ഞാൻ എന്ന് അഹങ്കരിച്ച രാജാക്കന്മാരെവിടെ' എന്ന അവസ്ഥയായി കുടുംബത്തിന്. എന്നാലും അവൾക്ക് വലിയ ആശ്വാസ മായി. പുറത്തേക്കിറങ്ങാം, അടുത്തുള്ള ആമ്പൽപൊയ്ക കാണാം. അതിനടുത്ത് ഇരിക്കാം. കടുത്ത ദാരിദ്ര്യത്തിലും അതിലവൾ സന്തോഷം കണ്ടെത്തി. അങ്ങനെയിരിക്കെയാണ് തൊട്ടടുത്ത ഒഴിഞ്ഞ വീട്ടിൽ പുതിയ താമസക്കാരായി നിസാർ അഹമ്മദ് എന്ന ചെറുപ്പക്കാരൻ എത്തുന്നത്. അയാളുടെ ബാപ്പ കോളേജ് പ്രൊഫസറാണ്. ഉമ്മ കാഫ്രിച്ചികളെപ്പോലെ വസ്ത്രം ധരിക്കുന്നവരാണ്. പെങ്ങൾ ആയിഷ മുസ്ലിം പെണ്ണുങ്ങൾക്ക് യോജിക്കാത്തവിധം ആടുകയും പാടുകയും വർത്തമാനം പറയുകയും ചെയ്യുന്നവളാണ്. മുറിവേറ്റ ഒരു കുരുവിയെ രക്ഷിക്കാൻ തോട്ടിലിറങ്ങി പരിക്കുപറ്റിയ കുഞ്ഞുപാത്തുമ്മയെ കരയ്ക്കുകയറ്റുന്നതും മുറിവ് കെട്ടിക്കൊടുക്കുന്നതും നിസാർ അഹമ്മദാണ്. അയാളോട് അവൾക്ക് പ്രണയം തോന്നുന്നു.

അവരുടെ രീതികളെല്ലാം അവൾക്ക് പുതിയതായിരുന്നു. കുഞ്ഞു പാത്തുമ്മയുടെ പ്രാദേശികഭാഷാവഴക്കം ആയിഷ പലപ്പോഴും തിരുത്തുന്നു. അവളുടെ മുന്നിൽ കുഞ്ഞുപാത്തുമ്മ കള്ളബുദ്ദൂസായി. അവളുടെ അതുവരെയുള്ള അറിവ് അറിവല്ലാതായി. അവളെ നിസാർ അഹമ്മദിന്റെ നിർദ്ദേശപ്രകാരം എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു. വലിയ വായനക്കാരനും അറിവുള്ളവനും പുരോഗമനകാരിയുമായ നിസാർ അഹമ്മദ് അവളുടെ കുരുവിയെ രക്ഷിച്ച പ്രവൃത്തിയെ കാരുണ്യ പ്രവർത്തനമായാണ് കാണുന്നത്. തൻ്റെ ഭാര്യ എങ്ങനെയിരിക്കണം എന്ന കാര്യത്തിൽ നിസാറിന് കുറേ നിബന്ധനകളുണ്ട്. വൃത്തിയാണ് പ്രധാനം. ഇതെല്ലാം ആയിഷയിൽനിന്നാണ് കുഞ്ഞുപാത്തുമ്മ മനസ്സിലാക്കുന്നത്. പരസ്പരം പ്രണയത്തിലാകാൻ അവർക്ക് കാരണങ്ങൾ ഇവയെല്ലാമാണ്.

ആ സമയത്ത് ബാപ്പയിൽനിന്ന് തന്റെ കല്യാണം ഉറപ്പിച്ചതായി കേട്ട അവൾ മോഹാലസ്യപ്പെട്ടുവീഴുന്നു. ഏതോ ഇബ്‌ലിസ് കയറിയ താണെന്നോർത്ത് ബാധ ഒഴിപ്പിക്കാൻ ശ്രമിക്കുന്നു. ചൂരൽപ്രയോഗത്താൽ അവശയായ അവളെ നിസാറാണ് മരുന്നുകൊടുത്ത് ശുശ്രൂഷിക്കുന്നത്. ആയിഷ വന്ന് നിസാറുമായാണ് കല്യാണം ഉറപ്പിച്ചത് എന്നു പറയുന്ന തോടെ അവളുടെ അസുഖം പാതിയും മാറുന്നു. നിസാറിന്റെ ബാപ്പ വന്ന് മുറിയുടെ ജനൽ തുറന്നിടണം എന്നു പറഞ്ഞു ജനൽ തുറക്കുമ്പോൾ അകത്തേക്ക് കയറിയ വെളിച്ചത്തിൽ അവൾക്ക് കണ്ണു മങ്ങുകയാണ്. "വെളിച്ചത്തിനെന്തൊരു വെളിച്ചം!" പുതിയ വെളിച്ചം അവളെ തേടിയെത്തുകയാണ്.

വിവാഹദിവസം അണിഞ്ഞൊരുങ്ങിയ മകളെക്കണ്ട് കുഞ്ഞുതാ ച്ചുമ്മ സന്തോഷിക്കുന്നു. പഴയപ്രതാപമെല്ലാം നശിച്ച അവർക്ക് നാട്ടിലെ കുട്ടികൾ കളിയാക്കിപ്പറഞ്ഞതു പോലെ തന്റെ ഉപ്പൂപ്പായുടെ ആന, അത് വെറും കുഴിയാനയാണ് എന്ന് തോന്നുകയാണ്.ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് ഇംഗ്ലീഷിലേക്ക് തർജമ ചെയ്തത് ആർ.ഇ. ആഷർ ആണ്. ബാല്യകാലസഖിയും പാത്തുമ്മായുടെ ആടും അദ്ദേഹം ഇംഗ്ലീഷിലേക്ക് തർജമചെയ്തിട്ടുണ്ട്. Me Grand Dad 'ad an Elephant! എന്ന തലക്കെട്ട് ബഷീറിന്റെ തലക്കെട്ടിനോട് പരമാവധി നീതി പുലർത്താൻ ശ്രമിച്ചുകൊണ്ട് ഇട്ടതാണ്. ആഷറുടെ അഭിപ്രായത്തിൽ ബഷീറിന്റെ മാസ്റ്റർപീസ് ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് ആണ്. ബഷീർ താൻ ഒരു വിശ്വസാഹിത്യകാരനാണ് എന്ന് സ്വയം വിശേഷിപ്പിച്ചതു പോലെത്തന്നെ അദ്ദേഹത്തിന്റെ രചനകൾ ലോകത്തിലെ ഏതൊരു സാഹിത്യത്തോടും കിടപിടിക്കത്തക്ക മികച്ചവയാണ്. പുതിയകാലത്തും ബഷീർ പുതുമയോടെ വായിക്കപ്പെടുന്നു എന്നതുതന്നെയാണ് അദ്ദേഹത്തിന്റെ കൃതികളുടെ മേന്മ

- <u>കവിതാസാഹിത്യം</u>

<u>കൃഷ്ണഗാഥ : ഉലൂഖലബന്ധനം</u>

ചെറുശ്ശേരി

കവിപരിചയം

മധ്യകാല മലയാളകവികളുടെ ഊരും പേരും സംശയാതീതമായി നിർണയിക്കാൻ മലയാള സാഹിത്യനിരൂപണം ഏറെക്കാലം പാടുപെട്ടിട്ടുണ്ട്. കൃതികളല്ലാതെ അത്തരം അന്വേഷണങ്ങൾക്ക് മറ്റ് ഉപാദാനങ്ങൾ കുറവാണ്. 'കൃഷ്ണഗാഥ' എന്ന കൃതിയുടെ കർത്താവ് ചെറുശ്ശേരി നമ്പൂതിരി ആണെന്ന് ആദ്യം പ്രസ്താവിക്കുന്നത് പി. ഗോവിന്ദപ്പിള്ളയാണ് (ഭാഷാചരിത്രം 1881).

'ആജ്ഞയാ കോലഭൂപസ്യ പ്രാജ്ഞസ്യോദയവർമ്മണഃ കൃതായാം കൃഷ്ണഗാഥായാം"എന്ന് ഗ്രന്ഥത്തിന്റെ അവസാനഭാഗത്തും"പാലാഴിമാതുതാൻ പാലിച്ചുപോരുന്ന കോലാധിനാഥനുദയവർമ്മൻ ആജ്ഞയെചെയ്കയാലജ്ഞനായുള്ള ഞാൻ പ്രാജ്ഞനെന്നിങ്ങനെ ഭാവിച്ചിപ്പോൾഎന്ന് ഗ്രന്ഥത്തിന്റെ ആരംഭത്തിലും കാണുന്നതിൽനിന്ന് കൃഷ്ണഗാഥയുടെ കർത്താവ് കോലത്തുനാട്ടിലെ രാജാവായിരുന്ന ഉദയവർമ്മത്തമ്പുരാന്റെ സദസ്യനായിരുന്ന ഒരു കവിയാണ് എന്ന് സ്പഷ്ടമാണ്.

ഉദയവർമ്മന്റെ കാലം ഏതാണ്ട് 1440–1480 എന്നാകയാൽ, കവിയും പതിനഞ്ചാം നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നിരുന്നതെന്ന് കണക്കാ ക്കുന്നു. കോലോത്തുനാട് പന്ത്രണ്ട് ചേരിക്കല്ലുകളായി വിഭജിക്ക പ്പെട്ടിരുന്നുവെന്നും ഇവയിൽ ഏറ്റവും ചെറിയ ചേരിക്കലാണ് ചെറുചേരി അഥവാ ചെറുശ്ശേരി എന്നും ചിറക്കൽ ടി. ബാലകൃഷ്ണൻനായർ അഭിപ്രായ പ്പെടുന്നു. ചുരുക്കത്തിൽ, കവിയുടെ യഥാർത്ഥ നാമധേയത്തിൽ അവ്യക്തത നിലനിൽക്കുന്നുവെങ്കിലും ചെറുശ്ശേരി എന്ന വീട്ടുനാമത്തിൽ അറിയപ്പെടുന്ന കവിയാണ് കൃഷ്ണഗാഥയുടെ കർത്താവ് എന്ന വാദം ഏറെക്കുറേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

<u>ആസ്വാദനക്കുറിപ്പ് :</u>

'ഗാഥ' എന്ന പദത്തിന് 'പാട്ട്' എന്നാണർത്ഥം. പഴയ പേർഷ്യകഭാഷയിലെ കാവ്യശകലങ്ങൾക്ക് ഗാഥ എന്ന പേരുണ്ട്. സംസ്കൃതത്തിലെ ഗാനാത്മകവൃത്തങ്ങളെയും ഗാഥ എന്ന് വ്യവഹരിക്കാറുണ്ട്. മലയാളത്തിൽ ഗാഥ എന്ന് പ്രയോഗിച്ചിരിക്കുന്ന ആദ്യ കൃതി കൃഷ്ണഗാഥയാണ്. ഏതാണ്ട് പതിനൊന്നാം നൂറ്റാണ്ടു മുതൽതന്നെ മലയാളത്തിൽ പാട്ടുപ്രസ്ഥാനം പ്രബലമാണ്. മുഴുനീള സംസ്കൃതകാവ്യങ്ങളെയും ഭാഷാസംസ്കൃത യോഗമായ മണിപ്രവാളകൃതികളെയും അപേക്ഷിച്ച് കൃഷ്ണഗാഥയുടെ സംവിധാനം പ്രായേണ തെളിമലയാളത്തിലാണ്. ഭാഗവതത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സ്വതന്ത്ര കാവ്യരചനയാണ് കൃഷ്ണഗാഥ യുടേത്. തൊണ്ണൂറ് അധ്യായങ്ങളുള്ള ഭാഗവതം ദശമസ്കന്ധ ത്തിലെ കൃഷ്ണോൽപ്പത്തി മുതൽ സ്വർഗാരോഹണം വരെയുള്ള കഥ കാര്യമായ വ്യതിയാനങ്ങളൊന്നുമില്ലാതെ പറഞ്ഞു പോകുകയാണ് കവി ചില പദങ്ങൾ അതേപടി വിവർത്തനം ചെയ്തും ചേർത്തിട്ടുണ്ട്. പലയിടങ്ങളിലായി ഭാഗവതം ഏകാദശകം 1, 6, 30, 31 അധ്യായങ്ങളിലെ കഥകളും മഹാഭാരതം സ്വർഗാരോഹണപർവത്തിലെ കഥയും സ്വീകരിച്ചിട്ടുണ്ട്. അംശംകൊണ്ട വതരണം ചെയ്ത വിഷ്ണുഭഗവാൻ്റെ വീര്യമാണ് മൂലകൃതികളുടെ പ്രതിപാദ്യം. ഭക്തിവർധകമായ രചനാരീതിയിലേക്ക് കൃതിയെ നിജപ്പെടു ത്താൻ ഇതോടെ കഥാകാരനും നിർബന്ധിക്കപ്പെട്ടു. അതിനായി കഥാ വേദാന്തചിന്തകളും മധ്യത്തിൽ ഇടയ്ക്കിടെ സ്തുതികളും വേദാന്തം ഘടിപ്പിച്ചിരിക്കുന്ന തായി കാണാം. 'കഥാഭാഗത്തിൽ കൃഷ്ണഗാഥയിലെ കഥ ഭാഗവതത്തെ ഏറെക്കുറേ സൂക്ഷ്മമായി അനുകരിക്കുകയും കഥാവിവരണം കൊണ്ടുള്ള ഭക്തിയെപ്പോലെത്തന്നെ കവിതാരസികത കൊണ്ടുള്ള ചമൽക്കാരത്തെ ലക്ഷീകരിച്ചു രചിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് ഭാഗവത ത്തിലുള്ള സ്വങ്ങളും സ്തോത്രങ്ങളും വേദാന്ത ചിന്തകളും കൃഷ്ണഗാഥയിലേക്ക് മുഴുവൻ സംക്രമിച്ചിട്ടില്ലെങ്കിലും രസഭാഗങ്ങളിൽ ഭാഗവതത്തേക്കാൾ കൃഷ്ണഗാഥ ഒരു പടി കവിഞ്ഞുനിൽക്കുന്നതായി കാണാവുന്നതാണ്' എന്ന് പി. കെ. നാരായണപിള്ള നിരീക്ഷിക്കുന്നു (കൃഷ്ണഗാഥയുടെ ആമുഖപഠനം 2016).

വൃത്തം

'പദ്യം വാർക്കുന്ന തോതല്ലോ വൃത്തമെന്നിഹ ചൊൽവത്'

അക്ഷരങ്ങളെയോ മാത്രകളെയോ അടിസ്ഥാനമാക്കി പദ്യം നിർമ്മിക്കുന്ന തോതാണ് വൃത്തം. സംസ്കൃതവൃത്തങ്ങളും ഭാഷാവൃത്ത ങ്ങളുമുണ്ട്. കൃഷ്ണഗാഥ രചിച്ചിരിക്കുന്നത് ഭാഷാവൃത്തമായ “മഞ്ജരി'യിലാണ്. കൃഷ്ണഗാഥയുടെ സ്വാധീനശക്തികൊണ്ട് ഗാഥാ വൃത്തമെന്ന് അതിനു പരക്കെ പേരും വീണു.ശ്ലഥകാകളിവൃത്തത്തിൽ രണ്ടാം പാദത്തിലന്ത്യമാം രണ്ടക്ഷരം കുറച്ചീടിലതു മഞ്ജരിയായിടും' (രാജരാജവർമ്മ 2012:75)

എന്നതാണ് മഞ്ജരിയുടെ ലക്ഷണം. എന്താണ് കാകളിവൃത്തം എന്നുകൂടി ഇവിടെ പരിശോധിക്കേണ്ടതുണ്ട് ('ശ്ലഥകാകളി' എന്ന പരാമർശം ലക്ഷണത്തിൽ കാണുന്നു).

'മാത്രയഞ്ചക്ഷരം മൂന്നിൽ വരുന്നോരു ഗണങ്ങളെ എട്ടുചേർത്തുള്ളീരടിക്കു ചൊല്ലാം കാകളിയെന്നു പേർ' (രാജരാജവർമ്മ 2012:65)

അതായത്, മൂന്ന് അക്ഷരം ചേർന്ന ഗണങ്ങളായാണ് കാകളിയുടെ നിൽപ്പ് ഈ ഓരോ ഗണത്തിലും (മൂന്നക്ഷരത്തിലുംകൂടി) അഞ്ചുമാത്ര അടങ്ങിയിരിക്കുകയും വേണം. എന്താണ് മാത്ര? അക്ഷരങ്ങൾ ഉച്ചരിക്കാനെടുക്കുന്ന സമയത്തിന്റെ ഏകകമാണ് മാത്ര. ഒരു ഹ്രസ്വാക്ഷരം (ലഘു) ഉച്ചരിക്കാനെടുക്കുന്ന സാധാരണ സമയത്തെ 'ഒരു മാത്ര'യായി കണക്കാക്കുന്നു. അക്ഷരം ദീർഘമാണെങ്കിൽ അത് 'രണ്ടു മാത്ര' എന്നായി മാറുന്നു. ചുരുക്കത്തിൽ, കാകളി എന്ന വൃത്തത്തിൽ വരുന്ന പദ്യങ്ങളിൽ മൂന്നക്ഷരം ചേർന്ന എട്ടു ഗണങ്ങൾ രണ്ടു വരികളിലായി വിന്യസിക്കപ്പെടും. ഉദാഹരണത്തിന്,

ശാരിക/പ്പൈതലേ/ചാരുശീ/ലേവരി/കാരോമ/ലേകഥാ/ശേഷവും/ ചൊല്ലു നീ

കാകളിയിൽ ഒരൽപ്പം മാറ്റം വരുത്തിയാൽ – അവസാന വരിയിലെ അവസാനഗണത്തിലെ മൂന്നക്ഷരം എന്നതിന് പകരം ഒരക്ഷരം മാത്രമാക്കി നിർത്തിയാൽ – ലഭിക്കുന്ന വൃത്തമാണ് മഞ്ജരി. ഉദാഹരണത്തിന്,

ഇന്ദിരാ/ തന്നുടെ/ പുഞ്ചിരി/ യായൊരു/ചന്ദ്രികാ/ മെയ്യിൽ പ/ രക്കയാ/ ലെ

(ഇവിടെ അവസാന ഗണത്തിൽ മൂന്നിന് പകരം ഒരക്ഷരമേയുള്ളൂ എന്ന് കാണാം).

മഞ്ജരി എന്ന വൃത്തം ആദ്യമായി ഉപയോഗിക്കപ്പെടുന്നത് കൃഷ്ണഗാഥയിലാണോ? നേരിയ വ്യത്യാസത്തോടെ ഈ വൃത്തം രാമ ചരിതത്തിലുണ്ട്. പഴയ ചില ഭദ്രകാളിപ്പാട്ടുകളിൽ, വടക്കേ മലബാറിലെ പെരുവണ്ണാൻമാരുടെയും പെരുമലയന്മാരുടെയും കളിയാട്ടത്തോറ്റ ങ്ങളിൽ, കോതാരിയാട്ടത്തിൽ, സംഘക്കളിപ്പാട്ടുകളിൽ തുടങ്ങി നാടിന്റെ മിടിപ്പുകളിലുടനീളം മഞ്ജരിയുടെ ഏറിയും കുറകിയുമുള്ള നിഴലാട്ടമുണ്ട്. "മണിക്കവാചകരുടെ തിരുവാചകത്തിലും ഉയ്യവന്ത തേവരുടെ തിരുവുന്തിയാറിലും അവർക്കും പൂർവികനായിരുന്ന പെരിയാഴ്വാരുടെ സ്തോത്രങ്ങളിലുമുള്ള ഉന്തിപ്പാട്ട് രീതിയുമായി ഇതിന്ബന്ധമുണ്ടെന്ന്" കാണാം. (രാജശേഖരൻ 2005:146). സംസ്കൃത വൃത്തങ്ങളെ വിട്ടുകളഞ്ഞ കൃഷ്ണഗാഥ നാടൻശീലുകളുടെ സത്ത യെയാണ് ഉൾവഹിച്ചത്.

- <u>വിവാഹസമ്മാനം</u>

<u>ഇടശ്ശേരി</u>

(സദൃശസംഭവമായ ഒരു റിപ്പോർട്ട് മനസ്സിൽ വിടാതെയുളവാക്കിയ നീറലും കാവ്യരൂപത്തിൽ ഒരു പരീക്ഷണകൗതുകവും കൂടിച്ചേർന്ന പ്പോൾ ഉണ്ടായതാണ് ഈ കവിത.)

കവിപരിചയം

മലയാളകവിത കാല്പനികതയിൽനിന്ന് വഴിമാറി നടക്കാൻ തുടങ്ങിയ സന്ദർഭത്തിൽ മലയാളകാവ്യരംഗത്ത് കവിതയെഴുതി തെളിഞ്ഞ കവിയാണ് ഇടശ്ശേരി ഗോവിന്ദൻനായർ. തൊഴിലില്ലായ്മയും കാർഷിക ജീവിതവും കർഷകസമരങ്ങളും പാരിസ്ഥിതികചിന്തകളും നിറഞ്ഞ ഒട്ടേറെ കവിതകൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്.

പ്രധാന കൃതികൾ

'കാവിലെ പാട്ട്', 'പൂതപ്പാട്ട്', 'പുത്തൻകലവും അരിവാളും', 'പണിമുടക്കം', 'കറുത്തചെട്ടിച്ചികൾ', 'ഒരുപിടി നെല്ലിക്ക' 'അളകാവലി.'

പ്രധാന പുരസ്കാരങ്ങൾ

'കാവിലെ പാട്ട്' എന്ന കൃതിക്ക് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും 'ഒരുപിടി നെല്ലിക്ക' എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു.

കവിതാസാരം

'വിവാഹസമ്മാനം' എന്ന കവിത ഒരു തരത്തിൽ ആത്മബലിയുടെ കവിതയാണെന്ന് പറയാം. ഈ കവിതയിലെ നായിക അവരുടെ പേര് പറയുന്നില്ല. തന്റെ കുഞ്ഞനിയനായ അപ്പുവിനെ കുളക്കടവിൽ ഇരുത്തി പറയുന്നതാണ് ഈ കവിത. പുലരി ആകുന്നതേയുള്ളൂ. പച്ചക്കുളത്തിന് അരികെ തണുത്തിരിക്കുന്ന അപ്പുവിനെ തന്റെ മേൽമുണ്ടുചുറ്റി ചേച്ചി പറയുന്നതാണ് ഈ കവിതയുടെ ഘടന. താനീ കുളത്തിലെ കറുത്ത വെള്ളത്തിൽ മുങ്ങി എന്നെ കാണാതെയായാൽ നീ കരയുമോ എന്നാണ് ചേച്ചി അനിയനോട് ചോദിക്കുന്നത്. ഇവിടെ ചേച്ചി ആത്മഹത്യചെയ്യാൻ പോവുകയാണെന്ന് മനസ്സിലാവുന്നു. പിന്നീടുള്ള വരികളിൽ ആത്മ ഹത്യക്ക് ഒരുങ്ങുന്നതിൻ്റെ പൊരുൾ വ്യക്തമാകുന്നു. കുളത്തിലേക്ക് ഇറങ്ങുന്ന ചേച്ചി ഒരു പൂവിറുത്ത് അനുജന് കൊടുക്കാനൊരുങ്ങുന്നു. ആ പൂവ് ഇന്നലെ വിവാഹം കഴിഞ്ഞ അനിയത്തിക്ക്, അവൻ്റെ കൊച്ചേട്ടത്തിക്ക് നൽകണമെന്നും പറയുന്നു.

കൈത്തിരി കൊളുത്തി ഇരുട്ടത്ത് കുളത്തിലേക്ക് പുറപ്പെട്ടപ്പോൾ നേരം പുലർന്നിട്ട് പോയാൽ പോരേ എന്ന് അമ്മ ചോദിച്ചിരുന്നു. അവിടെ അമ്മ എങ്ങനെയാണ് തന്നെ കാണുന്നതെന്ന് അവൾ ഓർക്കുന്നു. കാലത്ത് കുളിച്ചാൽ വേശിയാട്ടം എന്നും കാലത്ത് എണീക്കാതിരു ന്നാൽ കള്ളനാട്യം എന്നും തന്നിൽ കുറ്റം കണ്ടെത്തും. അമ്മയ്ക്ക് ജീവിതം തീ തിന്നലാണെങ്കിൽ മകൾക്ക് ജീവിതം ഒരു മുൾക്കിരീടമാണ്. അതിനിട യിൽ കുളത്തിൽ നേർത്ത കളകളവും മിന്നലും ഒക്കെയുണ്ട്. അത് മീനുകൾ ഉണർന്നതുകൊണ്ടാവാം. അനിയൻ ഇതൊക്കെ കണ്ട് ഭയ പ്പെട്ടേക്കാമെന്ന കാര്യം താൻ ഓർത്തില്ലെന്നും ചേച്ചി പറയുന്നു. ഇന്നലെ നിന്റെ കൊച്ചേട്ടത്തിയുടെ വിവാഹം കഴിഞ്ഞതുകൊണ്ട് അമ്മയ്ക്ക് ആശ്വാസമായിരിക്കാം. ആ മകൾ പിഴച്ചുപോവില്ലല്ലോ എന്ന് അമ്മ സമാധാനിക്കും. ബന്ധുക്കളെല്ലാം വിവാഹം കഴിഞ്ഞ് പോയപ്പോൾ അമ്മ കിടന്നു. പകൽസമയത്ത് അത്യുത്സാഹത്തിൽ ഓടിനടന്ന നീയും തളർന്നുറങ്ങി. മണിയറയുടെ ചന്തം പറഞ്ഞു മതി വരാതെ വായകടഞ്ഞു ദാസിയും ഉറങ്ങി. എന്നിട്ടും ചേച്ചിക്ക് ഉറക്കംവന്നില്ല. പിറ്റേന്ന് പ്രഭാതമാകും മുമ്പേ വിവാഹം കൂടിയ വധുവും കൂട്ടവും മുങ്ങിക്കുളിക്കാൻ വരുംമുമ്പേ, കുളത്തിൽ മുങ്ങി ഒരു പൂവിറുത്ത്. അവർക്ക് കൊടുക്കാനാണ് ചേച്ചി ആഗ്രഹിക്കുന്നത്. കൂരിരുട്ട് നീങ്ങി നേരിയ വെളിച്ചം വരുകയായി ആ സമയത്ത് ഞാൻ ഈ കറുത്ത നീറ്റിൽ

മുങ്ങി എന്നെ കാണാതെയായാൽ നീ കരയുമോ എന്ന് വീണ്ടും അവർ ചോദിക്കുന്നു. കോച്ചുന്ന തണുപ്പിൽ കഴുത്തറ്റം വെള്ളത്തിൽ മുങ്ങി ചേച്ചി നിന്നെ ഒന്നു തിരിഞ്ഞുനോക്കാം എന്നും അപ്പോൾ ഈ പടവിൽ ഭയമില്ലാതെ ചിരിച്ചിരിക്കുന്ന അപ്പുവിനെ കാണണമെന്നും ചേച്ചി പറയുന്നു. കാരണം, ചേച്ചിക്ക് മറ്റൊരു ചുണ്ടിൽ നിന്നും ഒരു പുഞ്ചിരി പോലും പ്രതീക്ഷിക്കാനില്ല. കൈയെത്തുകയില്ല എന്നാലും ഒന്നു മുങ്ങി ഞാൻ ആ പൂവ് പറിച്ചെടുക്കാം എന്ന് ചേച്ചി പറയുന്നു. തിരിച്ചെത്താൻ വൈകിയാൽ അമ്മ വഴക്കു പറയും. അമ്മ ലാളിച്ചതു കൊണ്ടാണ് ചേച്ചി ഇങ്ങനെ വഷളായിപ്പോയതെന്ന് നിൻ്റെ കൊച്ചേട്ടത്തി കുറ്റപ്പെടുത്തും, അവർ ഇങ്ങനെയൊക്കെ എന്നെ കുറ്റപ്പെടുത്തുമ്പോൾ നീ ഒരിക്കലും എതിര് പറയരുത് എന്നും ചേച്ചി അനിയനോട് പറയുന്നു. കാരണം അങ്ങനെ പറഞ്ഞാൽ അനിയൻ്റെ മുല്ലമലർ പോലുള്ള തുടയിൽ തല്ലു കിട്ടുമോ എന്ന് ചേച്ചി ഭയപ്പെടുന്നു. നിൻ്റെ പുതിയ ബന്ധുക്കാരനായ അളിയൻ ഇങ്ങോട്ട് വരാം. അപ്പോൾ ചേച്ചി താമരത്തണ്ടുകളിൽ ചേല കുരുക്കി കിടക്കുകയേയുള്ളൂ. പണ്ട് ഉച്ചസമയത്ത് ഈ താമരപ്പൊയ്ക യുടെ വക്കിൽ പച്ചത്തണലിൽ അദ്ദേഹം ഇരിക്കുമ്പോൾ ആടിനെ കെട്ടാൻ എന്നവണ്ണം താൻ അങ്ങോട്ട് വന്നിരുന്നത് ചേച്ചി ഓർക്കുന്നു. ചത്തു പിരിഞ്ഞാലും വേർപിരിയാത്ത അത്ര സ്നേഹത്തിലായിരുന്നു അവർ കഴിഞ്ഞിരുന്നത്. അവർ തമ്മിൽ ഇഷ്ടത്തിലായിരുന്നു. പല സന്ദർഭങ്ങളും ഉണ്ടാക്കി അദ്ദേഹത്തെ കാണാൻ ചേച്ചി വന്നു. പക്ഷേ, ഇന്ന് ചേച്ചിയെ ഉപേക്ഷിച്ച് അയാൾ അനിയത്തിയെ വിവാഹം കഴിച്ചു. ഇതൊന്നും നീ ആരോടും പറയരുതെന്നും മറ്റുള്ളവർ പലതും പറയുമ്പോൾ നീ ഒറ്റ കാര്യമേ പറയാവൂ. ഈ പുതിയ ദമ്പതിമാർക്ക് സമ്മാനം നൽകാനായി പൂപറിക്കാൻ ചേച്ചി ഈ കുളത്തിൽ ഇറങ്ങിയ താണ് എന്ന് മാത്രം. കരിരുട്ട് നീങ്ങി നിന്റെ പുഞ്ചിരിയാൽ എൻ്റെ മനസ്സ് തെളിയുന്നു. ഞാൻ ഈ കറുത്ത നീറ്റിൽ ഇറങ്ങി എന്നെ കാണാതാ യാൽ നീ കരയരുത് എന്ന് ചേച്ചി ആവർത്തിക്കുന്നു.

## കവിതയുടെ ദർശനം

യൗവനയുക്തയായ ഒരു പെൺകുട്ടിയുടെ ആത്മനൊമ്പരമാണ് ഈ കവിത. പ്രണയിച്ചിരുന്ന പുരുഷൻ തൻ്റെ അനിയത്തിയെ വിവാഹം ചെയ്തപ്പോൾ തകർന്നുപോയ മനസ്സോടെ അവൾ ആത്മഹത്യക്കൊരു ങ്ങുന്നു. ആ സന്ദർഭത്തിൽ തന്റെ കുഞ്ഞനിയനെ കുളക്കടവിൽ ഇരുത്തി അവൾ പറയുന്ന, ആലോചിക്കുന്ന കാര്യങ്ങളിലൂടെ ആത്മഹത്യയുടെ പൊരുൾ നമുക്ക് ബോധ്യമാവുന്നു. എല്ലാറ്റിനും അവളെ കുറ്റപ്പെടുത്തുകമാത്രം ചെയ്തിരുന്ന അമ്മയും അനിയത്തിയും. സന്തോഷം എന്തെന്ന് അറിഞ്ഞുകൂടാത്ത അവളുടെ ജീവിതത്തിൽ അവൾക്ക് ആകെയുണ്ടായിരുന്ന ആശ്വാസം കുഞ്ഞനിയൻ മാത്രമാണ്. അതു കൊണ്ടുതന്നെ അവന്റെ പുഞ്ചിരി കണ്ടുകൊണ്ടാണ് അവൾ മരണ ത്തിലേക്ക് യാത്രയാവുന്നത്.

'ഞാനീ കറുത്ത നീറ്റിൽമുങ്ങി' എന്ന് പറയുന്നിടത്ത് ആ കറുത്ത വെള്ളം അവളുടെ ജീവിതത്തിൻറെ പ്രതീകംതന്നെയാണ്. ഇരുണ്ടു പോയ അവളുടെ ജീവിതത്തിൽ ഒരു വെളിച്ചവും ഇനി വരാനില്ലെന്ന് അവൾക്ക് നന്നായി ബോധ്യമുണ്ട്. അതുകൊണ്ടുതന്നെയാണ് തന്റെ ജീവിതം അവസാനിപ്പിക്കാം എന്ന് അവൾ ഉറപ്പിച്ചത്. താൻ മരിച്ചാൽ ആളുകൾ പലതും പറയും എന്നറിയാം. അതുകൊണ്ടാണ് അവൾ കുഞ്ഞനിയനെ ഒരു കാര്യം പറഞ്ഞ് ഏൽപ്പിക്കുന്നത്. ഇന്നലെ വിവാഹം കഴിഞ്ഞ ദമ്പതികൾക്ക് പൂപറിക്കാൻ കുളത്തിലേക്ക് ഇറങ്ങിയപ്പോൾ മുങ്ങിപ്പോയതാണെന്ന് പറയണമെന്ന് അനിയനെ ചട്ടം കെട്ടുന്നത് അതു കൊണ്ടാണ്. ആത്മഹത്യചെയ്തതാണെന്ന് മറ്റാരും അറിയരു തെന്ന് അവൾക്ക് നിർബന്ധമുണ്ട്.

എന്നാൽ തന്നെ ചതിച്ച അയാൾക്കുവേണ്ടി പൂവിറുത്തു മരണത്തിലേക്ക് പോകുന്ന അവൾ പറയാതെ പറയുന്ന പലതുണ്ട്. വെള്ളത്തിനു മീതെ വിടർന്നു നിൽക്കുന്ന പുഷ്പം അനിയത്തിക്കും വെള്ളത്തിനു താഴെ കൂരിരുട്ട് നിറഞ്ഞ മരണം തനിക്കും ആണെന്ന് അവൾ ഇതിലൂടെ പറയുന്നു. അനിയത്തിയുടെ ജീവിതം സുഗന്ധപൂരിതമാകുമ്പോൾ, വർണശബള മാകുമ്പോൾ അവളുടെ ജീവിതം ഇരുട്ടിൻ്റെ ആഴങ്ങളിലേക്ക് ആഴ്ന്നി റങ്ങുന്നു. ഇങ്ങനെ ഒരു പെൺകുട്ടിയുടെ ജീവിതനൈരാശ്യത്തിന്റെ കവിതയായി വിവാഹസമ്മാനം മാറുന്നു.

➢ <u>കൗസല്യ –</u> വിജയലക്ഷ്മി

കവിപരിചയം

1960–ൽ എറണാകുളം ജില്ലയിലെ മുളന്തുരുത്തിയിലാണ് വിജയ ലക്ഷ്മി ജനിച്ചത്. എറണാകുളത്തെ സെൻ്റ് തെരേസാസ് കോളജിൽനിന്ന് ഫസ്റ്റ് ക്ലാസോടെ ബി.എസ്‌സി. (സുവോളജി ബിരുദവും മഹാരാജാസ് കോളജിൽ നിന്ന് ഫസ്റ്റ് റാങ്കോടെ എം.എ. മലയാള ഭാഷയും സാഹിത്യവും ബിരുദവും നേടി. കവിത ആദ്യമായി പ്രസിദ്ധീകരിച്ചത് കലാകൗമുദി വാരികയിലാണ് (1977), അവിഭക്ത കേരള സർവകലാശാലയുടെ 1980–ലെ യുവജനോത്സവത്തിൽ കഥയ്ക്കും കവിതയ്ക്കും ഒന്നാം സ്ഥാനം നേടി 1994–ൽ കേരള സാഹിത്യ അക്കാദമിയുടെ കവിതാപുരസ്കാരം ലഭിച്ചു. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൻ്റെ 2013–ലെ സാഹിത്യപുരസ് കാരത്തിനും അർഹയായി. മഹാകവി ഉള്ളൂർ സ്മാരക പുരസ്കാരം. മഹാകവി പി. കുഞ്ഞിരാമൻനായർ സ്മാരക പുരസ്കാരം അടക്കം നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. മൃഗശിക്ഷകൻ, തച്ചന്റെ മകൾ, മഴ തൻ മറ്റേതോ മുഖം, ജ്ഞാനമഗ്ദലന, അന്ത്യപ്രലോഭനം, ഹിമസമാധി, മഴയ്ക്കപ്പുറം, സീതാദർശനം, തമിഴ്പ്പാവ തുടങ്ങിയവ പ്രധാന കൃതികൾ.

എക്കാലത്തേയും സ്ത്രൈണാവസ്ഥകളെ സമർത്ഥമായി ആവിഷ്കരിക്കുന്ന കവിതകളാണ് വിജയലക്ഷ്മിയുടേത്. ആഴത്തിലുള്ള ചിന്തകൾകൊണ്ടും ഒരേസമയം, ഇതിഹാസപുരാണങ്ങളിൽനിന്നും സമകാലികജീവിതത്തിൽനിന്നും പ്രമേയങ്ങൾ കണ്ടെത്താനുള്ള കഴിവുകൊണ്ടും അവരുടെ കവിതകൾ വ്യത്യസ്തത പുലർത്തുന്നു. പൊതുവെ, സാമ്പ്രദായികവും ബിംബസമൃദ്ധവും ഒട്ടൊക്കെ നിഗൂഢവുമായ ഒരു കാവ്യഭാഷയിലാണ് അവരുടെ മിക്കവാറുമെല്ലാ കവിതകളും രചിക്ക പ്പെട്ടിട്ടുള്ളത്. വ്യക്തിപരമായ പ്രമേയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ, ചിലപ്പോൾ ദുർഗ്രഹം പോലുമാകാറുണ്ട് വിജയലക്ഷ്മിക്കവിതകൾ. അവർ കാല്പനികതയുടെ കണ്ണിയാണ് എന്നതു മാത്രമല്ല ഇതിനു കാരണം. കേരളത്തിലെ ശരാശരിക്കാരിയായ ഒരു സ്ത്രീക്ക്, വീടി നുള്ളിൽത്തന്നെ കുടുങ്ങുന്ന ഒരു മൃഗത്തിന്, അത്രയേ സാധിക്കുകയുള്ളൂ എന്നതുകൊണ്ടുകൂടിയാണ്. വ്യക്തിയുടേതിൽനിന്ന് വർഗത്തിന്റെ പ്രതീകമായി അവരുടെ കവിത മാറുന്നതും അതുകൊണ്ടാണ്. സഹനത്തിന്റെ കുടുംബാന്തരീക്ഷമാണ്, അവരുടെ കവിതയിലെ ചെറുത്തു നിൽപ്പിന്റെ ഇടം. ചൂഷണം ഉള്ളിടത്തോളം കാലം മാർക്സിസം പ്രസക്ത മാണ്. എന്നു പറയുന്നതുപോലെ, ഇത്തരം വീട്ടിടങ്ങൾ ഉള്ളിടത്തോളം അവരുടെ കവിതകളിലെ സ്ത്രീപക്ഷവും പ്രസക്തമാകും. വിജയലക്ഷ്മിയുടെ കവിതകളിൽ ഫെമിനിസം അന്വേഷിക്കുക യാണെങ്കിൽ അത് ഈ മട്ടിൽ വേണം. ഈ വീട്ടിടങ്ങളുടെ അടിസ്ഥാനഭാവം ഭയമാണ്. ഏറെ പ്രസിദ്ധ മായ മൃഗശിക്ഷകനെയും തച്ചന്റെ മകളെയുമൊക്കെ വായിക്കേണ്ടതും ഈ ഭയത്തിന്റെ പശ്ചാത്തലത്തിലാണ്.

എന്നും മൃഗശിക്ഷകനിൽ അവർ എഴുതുന്നുണ്ട്.

<u>ആസ്വാദനക്കുറിപ്പ്</u>

വിജയലക്ഷ്മിയുടെ 'കൗസല്യ' എന്ന കവിത, ദശരഥപത്നിയായ, രാമന്റെ അമ്മയായ, കൗസല്യയുടെ ആത്മഗതമായി നിബന്ധിക്ക പ്പെട്ടിരിക്കുന്നു. എന്നാൽ, അത്, ഒരു രാജ്ഞിയുടെ കഥ മാത്രമല്ല; ഭർത്താവിനാൽ അർച്ചിക്കപ്പെടുന്നവളുടെയോ രാജമാതാവെന്ന് കേളി കേട്ടവളുടേയോ കഥയുമല്ല. ഭർത്താവിനോടൊത്തിരിക്കുന്ന രാത്രിയിൽ അദ്ദേഹത്തിൽനിന്ന്, ചില്ലിവില്ലുകൾ കുലയ്ക്കുന്ന പ്രിയ പത്നിയെപ്പറ്റി, അവരൊന്നിച്ച വിഹരിച്ച മണ്ഡപങ്ങളെ, തളിർമെത്ത യെ, അവൾ ചുറ്റിയ വെൺപട്ടിനെ, ചൂടിയ മുല്ലമാലയെപ്പറ്റി പറഞ്ഞു കേൾക്കേണ്ടി വരുന്ന, നിസ്സഹായയായ ഒരു സ്ത്രീയുടെ ഉള്ളുല ച്ചിലാണ്.

കവിത ആരംഭിക്കുമ്പോൾ, ദൂരെ, അമ്പിളി താഴും കയം നോക്കി മൂകയായിരിക്കുകയാണ് കൗസല്യ. ഒരു താരംകൂടി അസ്തമി യ്ക്കാനുണ്ട്! അവളുടെ കൈക്കുട്ടിൽ ദശരഥൻ, ചെറിയ കുട്ടിയെന്ന പോലെ, ശാന്തമായിക്കിടന്നുറങ്ങുന്നു; സ്വപ്നത്തിൽ ചിരിക്കുന്നു; അവളുടെ നിശ്വാസത്തിന്റെ മുരൾച്ചപോലുമറിയാതെ! പുറത്ത്, ദാസിമാരും കാവൽക്കാരും ഉറങ്ങുന്നു; ഒരിക്കലുമുറങ്ങാത്ത രഘുവംശശ്രീയും താനും മാത്രം ഉണർന്നിരിക്കുന്നു. ഇങ്ങനെ കിടക്കാനും വയ്യല്ലോ; താൻ എണീക്കുന്നു. പുലർകാലത്തിന്്റെ മൃദുമർമ്മരം, കിളിക്കൊഞ്ചൽ. ജാലക ത്തിലൂടെ അരിച്ചെത്തുന്ന തണുപ്പത്രയും ഉള്ളിലേക്കാവാഹിച്ച് താൻ ധ്യാനത്തിലേക്കമരുന്നു. ആരുടെ മനസ്സാണ്, കിഴക്ക് തുടുത്തു കാണുന്നത്?

തീവ്രമായ ആലോചനയുടെ അവസാനം മനസ്സ ചെന്നു നിൽക്കുന്നത് കൈകേയിയിലാണ്. അവളുടെ പൂർവപുണ്യത്താൽ, ദശരഥന്റെ പ്രിയാപദം, കാൽക്കലണഞ്ഞ പൂവുപോലെ ലഭിച്ചു. തനി ക്കറിയാം: അവൾ അഗ്നിയാണ്, അകിലുപോലെ ദശരഥൻ! അവർ ഒന്നിച്ച് ഇരു ധൂമധാരകളായി ഉയരുമ്പോൾ അതിലും വലിയ നിർവൃതി യെന്താണ്! പിന്നെ അവരെപ്പറ്റി ആരെന്തു പറഞ്ഞാലെന്താണ്! തന്നെ സമീപിക്കുന്ന ദശരഥനെയും കൗസല്യ കാണുന്നു: അലിവിന്നാല സ്യത്താൽ അഴിയുന്ന കൺപോളകൾ, അവയിൽ വാത്സല്യം, 'ദേവീ നീയെനിക്കമ്മയാണെ'ന്ന മന്ത്രം, മടിയിൽ ഉണ്ണിയായ് അഭയം തേടൽ! അപ്പോൾ അമ്മയാവുകയല്ലാതെ എന്തു ചെയ്യും, കരൾ നരയ്ക്കാതെ യെന്തു ചെയ്യും? ദശരഥനാൽ അർച്ചിതയാണ് കൗസല്യ എന്നാലും, കൽപ്പടവുകൾക്കിടയിലൂടെ ജലം തേടിയലഞ്ഞ് വേരുണങ്ങിപ്പോയ അശോകം. കൈകേയിയോ, പ്രണയത്താൽ ആർദ്രയായവൾ, രത്നസൗവർണച്ചിലമ്പുകൾ സ്പർശിക്കവേ പൂത്തുലയുന്നവൾ. പക്ഷേ, അശോകത്തിന്്റെ പൂക്കൾ നോക്കൂ: രക്തവർണം, ഗന്ധശൂന്യം, തിക്തരസം!

എപ്പോഴുമെപ്പോഴും തളർന്ന് തന്നിലേക്കെത്തുന്ന ദശരഥനോട് കൗസല്യക്ക് പറയണമെന്നുണ്ട്: 'മന്നവ! മറന്നാലുമിത്തണൽ!' പക്ഷേ, തന്റെമേൽ നീക്കാനാവാത്ത ഒരു ധർമ്മഭാരമുണ്ടല്ലോ, രാമന്നമ്മയാകാൻ വന്നവളാണ് താൻ. മറ്റെന്താണാ പട്ടമഹിഷിക്ക് അധികാരം

കൈകേയി മത്സരബുദ്ധിയോടെ മോഹിച്ച രാജമാതാവെന്ന പദവി എത്ര നിസ്സാരമാണ്! അവൾ, അഗ്നിയായപ്പോൾ അതിൽ അകിലായി പ്രിയൻ ഉരുകിയില്ലേ, അവരൊന്നിച്ച് ഒരൊറ്റ ധൂമമായിയുയർന്നില്ലേ, മറ്റൊന്നിനാലും പകരംവയ്ക്കാനില്ലാത്ത പ്രണയം പ്രിയനിൽ നിന്നനുഭവിച്ചില്ലേ? അപ്പോൾ, അവളല്ലേ ഭാഗ്യവതി! പ്രഥമപത്നി എന്ന തൊക്കെ ഒരാലങ്കാരികപദവിയാണ് എന്നു തിരിച്ചറിയുന്നു, കൗസല്യ എന്തുകൊണ്ടാവും ദശരഥന് കൗസല്യയിൽ പ്രണയം തോന്നാ ത്തത്? അവൾ പ്രണയത്താൽ ആർദ്രയാവുന്നവളല്ലേ? അതെ, കിഴ ക്കിൻ വക്കുപോലെ മനസ്സു തുടുക്കുന്നവൾ; പ്രണയത്തിൽ അഗ്നി യാകുവാനറിയുന്നവളല്ലേ? അതെ, സ്വയം ധൂമമായി ഉയരാൻ മോഹി ക്കുന്നവൾ. ജീവജലം തേടി, കൽപ്പടവുകൾ താണ്ടി കിണറിന്റെ അടിത്തട്ടോളം വേരു നീട്ടുന്നവൾ. പക്ഷേ, അവളുടെ ദാഹം തിരിച്ചറിയ പ്പെട്ടേണ്ടേ? ഭർത്താവ്, 'അമ്മേ' എന്നു വിളിച്ചാൽ, അയാളുടെ അമ്മ യാകാൻ വേണ്ടി സ്വയം വൃദ്ധയാകുകയല്ലാതെ, നാരുനാരായി നരയ്ക്കുകയല്ലാതെ എന്തു ചെയ്യുമവൾ? അന്തപ്പുരത്തിന് പുറത്തൊരു ലോകമില്ലാത്ത സ്ത്രീ, കാലം മാറിയാലും, ഇത്തരം നിസ്സഹായത കളിലൂടെ കടന്നുപോകേണ്ടി വരുന്നവർ ഇപ്പോഴുമില്ലേ? ഏറ്റക്കുറച്ചിലു കളുണ്ടാകും. എന്നാലും ഉണ്ട്. കൈകേയിയോട് അസൂയപ്പെട്ടിരുന്നുവോ കൗസല്യ? ആ അസൂയയല്ലേ, 'എന്തൊരു മഹാഭാഗ്യം' എന്ന നിശ്വാസത്തിൽ പുകഞ്ഞുയരുന്നത്? ദശരഥൻ്റെ പ്രിയാപദം കൈകേയിയുടെ കാൽക്ക ലണഞ്ഞ പുഷ്പമാണ് എന്നു പറയുന്നതിലൂടെ, അവളതു ചവിട്ടിയര ച്ചേക്കും എന്ന് ദുരർത്ഥം സൂചിപ്പിക്കുന്നത്? അവളുടെ പദസ്പർശ ത്താൽ വിടരുന്ന അശോകം, രക്തവർണ്ണത്തിൽ ശോഭിക്കുന്നുവെ ങ്കിലും, ഗന്ധശൂന്യമാണെന്നും അതിനു തിക്തരസമാണെന്നും കൊള്ളി വാക്ക് പറയുന്നത്? എന്നാലോ, അത് കൈകേയിയോടു മാത്രമാണെ ന്നുറപ്പിക്കാനും വയ്യ; തനിക്ക് പ്രണയത്തിൻ്റെ അലൗകികാഹ്ലാദം നിഷേധിച്ച വ്യവസ്ഥയോടു മുഴുവനുമാണ്. ജീവിതത്തിൽ തനിക്കാടാനുള്ള വേഷമെന്തെന്ന് കൗസല്യ തിരിച്ചറിയുന്നുണ്ട്. അടുത്ത കിരീടാവകാശിയായ രാമന്റെയമ്മയാവുക! അവൾ ചുമക്കുന്ന ധർമ്മഭാരമാണത്:"... ഞാൻ മറന്നുവോ ധർമ്മഭാരത്തെ!

രാമന്നമ്മയാകുവാനല്ലോ വന്നു ഞാൻ; മറ്റെന്തുണ്ടീ മഹിഷിക്കധികാരം!"

രാമന്റെ (ദശരഥന്റെയും!) അമ്മയാകുക എന്നതാണ് കൗസല്യയുടെ നിയോഗം. അവൾ പട്ടമഹിഷിയാണ്. എന്നാൽ, നോക്കു, മഹിഷി എന്നാൽ രാജ്ഞി എന്നോ പത്നി എന്നോ മാത്രമല്ലല്ലോ അർത്ഥം. "എരുമ" എന്നുകൂടി അർത്ഥമുണ്ട്. കുടുംബത്തിന്റെ ഭാരം താങ്ങുന്ന മൃഗം.

- <u>നാടകം</u>

മലയാളത്തിന് സമ്പന്നമായ ഒരു നാടകപാരമ്പര്യമുണ്ട്. സംസ്കൃത നാടകങ്ങൾ, ഷേക്സ്പിയർ നാടകങ്ങൾ എന്നിവയുടെ തർജമകൾ, സാമൂഹികചലനങ്ങൾക്കൊപ്പം പിറന്ന നാടകങ്ങൾ, പരീക്ഷണനാടക ങ്ങൾ തുടങ്ങി നിരവധി ശാഖകൾ ഉൾക്കൊള്ളുന്നതാണ് മലയാളനാട കചരിത്രം. കാളിദാസൻ്റെ അഭിജ്ഞാനശാകുന്തളം 1882–ൽ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ മണിപ്രവാളശാകുന്തളം എന്ന പേരിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചതോടെയാണ് മലയാളനാടകപ്ര സ്ഥാനം ആരംഭിച്ചത് എന്ന് പറയാറുണ്ട്.

യഥാർത്ഥത്തിൽ കേരളത്തിന്റെ സമ്പന്നമായ ദൃശ്യകലാപാരമ്പര്യത്തിന്റെ തുടർച്ചയായി ഈ നാടകപ്ര സ്ഥാനത്തെ വിലയിരുത്താനാവും കാക്കാരശ്ശി നാടകം പോലുള്ള ജന കീയ കലാരൂപങ്ങൾ, കൂത്ത്, കൂടിയാട്ടം, കഥകളി തുടങ്ങിയ വരേണ്യ കലാരൂപങ്ങൾ എന്നിവയെല്ലാം മലയാളനാടകവേദിയുടെ പൂർവ്വഘട്ട ങ്ങളാണ്. ഇതിൽ കൂടിയാട്ടം സംസ്കൃത നാടകരൂപങ്ങളിലൊന്നാണ്. നാടകാവതരണത്തിൽ തമിഴ് നാടകസംഘങ്ങളെ അനുകരിച്ചാണ് കേര ളത്തിൽ ആധുനിക നാടകവേദിക്ക് തുടക്കം കുറിച്ചത്. ആദ്യകാലത്ത് കേരളത്തിൽ അവതരിപ്പിച്ച തമിഴ് സംഗീതനാടകങ്ങൾ പാഴ്സി നാടക ങ്ങളുടെ അനുകരണമായിരുന്നു. പാഴ്സിനാടകങ്ങൾ വിക്ടോറിയൻ നാടകത്തിന്റെ വികൃതാനുകരണങ്ങളായിരുന്നു എന്നും പറയുന്നു. തമിഴ് സംഗീതനാടകങ്ങൾക്ക് വേദിയൊരുക്കാനായി ചില നാടകസമി തികൾ കേരളത്തിൽ ഉണ്ടായിരുന്നു. ഇതിന്റെയെല്ലാം പ്രചോദന മുൾക്കൊണ്ടുകൊണ്ടാണ് മലയാളത്തിൽ ആദ്യ സ്വതന്ത്രനാടകങ്ങളു ണ്ടായത്.

ലക്ഷണാസംഗം, ചന്ദ്രിക (1891, കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻ തമ്പുരാൻ), സുഭദ്രാർജ്ജനം (1891, തോട്ടക്കാട്ട് ഇക്കാവമ്മ), എബ്രായ കുട്ടി (1893, കണ്ടത്തിൽ വർഗീസുമാപ്പിള) തുടങ്ങിയവ മലയാളത്തിലെ ആദ്യകാല സ്വതന്ത്രനാടകങ്ങളാണ്. ബൈബിൾ കഥയെ ആസ്പദമാക്കി ഇംഗ്ലീഷ് രീതി പിന്തുടർന്നെഴുതിയ ആദ്യ മലയാളനാടകമാണ് എബ്രാ യക്കുട്ടി മലയാളത്തിലെ ഗദ്യനാടകങ്ങളുടെ ആദിരൂപം പ്രഹസനമാണ്. ഇംഗ്ലീഷ് നാടകങ്ങളെ അനുകരിച്ച് എഴുതിയ ഈ നാടകങ്ങൾ പരി ഹാസപ്രധാനമാണ് ചന്ദ്രമുഖീവിലാസം, കുറുപ്പില്ലാക്കളരി, പണ്ടത്തെപാച്ചൻ, ബട്ലർ പപ്പൻ, ചെറുതേൻ കൊളംബസ്, കയ്യുളശ്ശന്റെ കട ശ്ശിക്കൈ എന്നിങ്ങനെ സി.വി. രാമൻപിള്ള എഴുതിയ പ്രഹസനങ്ങളാണ് പ്രഥമഗണനീയം. ഇവ കൂടാതെ ഇ.വി. കൃഷ്ണപിള്ള, എൻ.പി. ചെല്ല പ്പൻനായർ, ടി.എൻ. ഗോപിനാഥൻനായർ, ജഗതി എൻ.കെ. ആചാരി എന്നിവരും നിരവധി പ്രഹസനങ്ങൾ എഴുതിയിട്ടുണ്ട്. തമിഴ് സംഗീത നാടകങ്ങളെ അനുകരിച്ച് മലയാളസംഗീതനാടകങ്ങളും ഉണ്ടായി. ടി. സി. അച്യുതമേനോൻ, എരുവയിൽ എം. ചക്രപാണിവാരിയർ, വി.എസ്. ആൻഡ്രൂസ് എന്നിവർ സംഗീതനാടകങ്ങൾ രചിച്ചവരാണ്.

ഷേക്സ്പിയറുടെ "ടെയ്മിങ് ദി ഷ്റൂ" എന്ന നാടകം കണ്ടത്തിൽ വർഗീസ് മാപ്പിള 'കലഹിനീദമനകം' എന്ന പേരിൽ വിവർത്തനം ചെയ്തു. ദിവാൻ ബഹദൂർ എ. ഗോവിന്ദപ്പിള്ളയാണ് ഷേക്സ്പിയറുടെ മാക്ബത്ത്, ഹാംലെറ്റ്, ഒഥെല്ലോ, മർച്ചന്റ് ഓഫ് വെനീസ് എന്നീ നാട കങ്ങൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്തത്. ട്വൽഫ്ത് നൈറ്റ് എന്ന കൃതി സി.പി. തോമസ് 'മനംപോലെ മംഗല്യം' എന്ന പേരിലും ഡോ കെ. കൊച്ചുണ്ണിമേനോൻ 'ദ്വാദശനിശ' എന്ന പേരിലും വിവർത്തനം ചെയ്യുകയുണ്ടായി. പിന്നീട് സഞ്ജയൻ, സർദാർ കെ.എം. പണിക്കർ തുടങ്ങി പലരും ഷേക്സ്പിയർ നാടകങ്ങൾക്ക് തർജ്ജമ തയ്യാറാക്കി യിട്ടുണ്ട്. ഇപ്പോഴും ഈ പ്രവണത തുടരുന്നു.

കേരളീയനവോത്ഥാനത്തിന്റെ സന്ദർഭത്തിലും ധാരാളം നാടക ങ്ങളുണ്ടായി. വി.ടി. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽനിന്ന് അരങ്ങ ത്തേക്ക്' (1930), എം. ആർ. ഭട്ടതിരിപ്പാടിൻ്റെ 'മറക്കുടയ്ക്കുള്ളിലെ മഹാ നരകം' (1930), എം.വി. ഭട്ടതിരിപ്പാടിൻ്റെ 'ഋതുമതി' (1944) എന്നിവ യോഗ ക്ഷേമനാടകങ്ങൾ എന്നറിയപ്പെടുന്നു. നമ്പൂതിരിസമുദായത്തിൽ നില നിന്നിരുന്ന ദുരാചാരങ്ങളെ എതിർക്കുന്ന നാടകങ്ങളായിരുന്നു അവ. പിന്നീട് കൃഷിക്കാരുടെയും തൊഴിലാളികളുടെയും പ്രശ്നങ്ങൾ മല യാള നാടകവേദി ഗൗരവപൂർണ്ണം ഏറ്റെടുത്തു കെ. ദാമോദരന്റെ 'പാട്ട ബാക്കി',

ഇടശ്ശേരിയുടെ 'കൂട്ടുകൃഷി', ചെറുകാടിന്റെ 'നമ്മളൊന്ന്', തോപ്പിൽ ഭാസിയുടെ 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്നിവയെല്ലാം ഇതിൽപ്പെടുന്നു.

സ്വാതന്ത്ര്യാനന്തര സന്ദർഭത്തിൽ മാകനാടകാചാര്യന്മാരായ ഇബ്സൻ, ബർണാഡ്ഷാ, ആന്റൺ ചെഖോവ്, ലൂയി പിരാൻലോ, ബർതോൾഡ് ബ്രഹത്, സാമുവൽ ബക്കറ്റ് എന്നിവരുടെ നാടകങ്ങൾ മലയാളികളെ സ്വാധീനിച്ചു. പുളിമാന പരമേശ്വരൻപിള്ളയുടെ 'സമ ത്വവാദി' എന്ന സ്വതന്ത്രനാടകവും ഈ സന്ദർഭത്തിൽ ശ്രദ്ധിക്കപ്പെട്ടു. തുടർന്ന് സി.ജെ. തോമസിന്റെ '1128ൽ ക്രൈം 27', 'ആ മനുഷ്യൻ നീ തന്നെ' എന്നീ നാടകങ്ങൾ പുതുഭാവുകത്വത്തോടെ മലയാളനാടക വേദിയിൽ പ്രത്യക്ഷപ്പെട്ടു. കെ.ടി. മുഹമ്മദിന്റെ 'സൃഷ്ടി', 'സ്ഥിതി', 'സംഹാരം' എന്നീ നാടകങ്ങൾ വലിയ ജനശ്രദ്ധ പിടിച്ചുപറ്റി ഇത് ഭൂമിസാഹിത്യവിചാരംയാണ്, കറവറ്റ പശു, വെള്ളപ്പൊക്കം എന്നിവയും കെ.ടി. മുഹമ്മദിന്റെ നാടകങ്ങളാണ്. പുരാണങ്ങളെ തീർത്തും വ്യത്യസ്തമായ രീതിയിൽ പുനരാവിഷ്കരിച്ച സി.എൻ. ശ്രീകണ്ഠൻനായരുടെ 'ലങ്കാലക്ഷ്മി'യും ഏറെ ശ്രദ്ധ നേടുകയുണ്ടായി. ജി. ശങ്കരപ്പിള്ള, കാവാലം നാരായണപ്പ ണിക്കർ, സി.എൻ. ശ്രീകണ്ഠൻനായർ എന്നിവർ അവതരിപ്പിച്ച 'തനതു നാടക വേദിയും മലയാള നാടകസാഹിത്യചരിത്രത്തിലെ പ്രധാന അധ്യാ യമാണ്. രാഷ്ട്രീയപ്രതിബദ്ധതയുള്ള നാടകങ്ങളുടെ പുതിയ സന്ദർഭത്തിലൂടെയാണ് നമ്മുടെ നാടകവേദി ഇപ്പോൾ കടന്നുപോകുന്നത്. പി. എം. താജ്, എ. ശാന്തകുമാർ, സാംകുട്ടി പട്ടങ്കരി, ജയപ്രകാശ് കുളൂർ, സതീഷ് കെ. സതീഷ്, ശ്രീജ ആറങ്ങോട്ടുകര, സജിത മഠത്തിൽ എന്നി ങ്ങനെ നിരവധി പ്രതിഭകളിലൂടെ മലയാളനാടകവേദി പുതിയ മാനങ്ങ ളിലേക്ക് വികസിക്കുകയാണ്.

നാടകം എന്ന ജനുസ്സിന്റെ പൂർവമാതൃകകൾ കേരളത്തിലെ നാടോടി കലാരൂപങ്ങളിലും ക്ഷേത്രകലാരൂപങ്ങളിലും കാണാം എന്നിരിക്കിലും അനേകം പ്രേക്ഷകരിലേക്ക് എത്തുന്ന വിധത്തിൽ ഇന്നു കാണുന്ന രൂപത്തിൽ നാടകം വികസിച്ചത് ആധുനികതയോടെയാണ്. മലയാളനാടകവേദിയുടെ ചരിത്രത്തിൽ പാശ്ചാത്യനാടകങ്ങളുടെയും സംസ്കൃത - തമിഴ് നാടകങ്ങളുടെയും അനുകരണങ്ങൾക്ക് വലിയ പങ്കുണ്ട്. റോമൻ ചക്രവർത്തിയുടെ അപദാനങ്ങൾ വാഴ്ത്തുന്ന ജനോവ നാടകത്തിൻ്റെ സ്വാധീനം കേരളത്തിൽ ചവിട്ടുനാടകങ്ങൾ രൂപപ്പെടുന്ന തിൽ പ്രധാനമാണ്. ഇതിനെത്തുടർന്ന് കാറൽമാൻ നാടകം, യാക്കോബു നാടകം, നെപ്പോളിയൻ ചരിതം എന്നിവ രംഗത്തുവന്നു. എന്നാൽ പാശ്ചാത്യനാടകരീതിയിലുള്ള ദുർബലാനുകരണങ്ങളായി ഇവ മാറി. നമ്മുടെ നാടൻ കലാസമ്പ്രദായങ്ങളുടെയും പാശ്ചാത്യ നാടകരീതി കളുടെയും സമ്മിശ്രതയാണ് ചവിട്ടുനാടകത്തിൽ കാണുന്നതെന്നും മേൽപ്പറഞ്ഞ നാടകങ്ങൾക്കു മുൻപേ ചവിട്ടുനാടകങ്ങൾ ഉണ്ടായി വന്നതായും ഒരഭിപ്രായമുണ്ട്. എന്നാൽ ഇതൊന്നും ശ്രദ്ധേയമാകാതിരുന്ന സമയത്താണ് (1882) ആയില്യം തിരുനാൾ മഹാരാജാവ് ശാകുന്തളം 'ഭാഷാശാകുന്തളം' എന്ന പേരിൽ വിവർത്തനം നടത്തുന്നത് ഭാഷാ ശാകുന്തളം നടനും ഗാനരചയിതാവുമായ തിരുവട്ടാർ നാരായണപ്പിള്ള മനോമോഹനം നാടകക്കമ്പനിയിലൂടെ പ്രേക്ഷകർക്ക് രസിക്കും വിധം ചില പൊടിക്കൈകളോടെ രംഗത്തവതരിപ്പിച്ചു ഇതിനെത്തുടർന്ന് ഒരുപാട് സംസ് കൃത നാടകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെടുകയുണ്ടായി ചാത്തുക്കുട്ടി മന്നാടിയാരുടെ ജാനകീപരിണയം- 1889 (രാമഭദ്രദീക്ഷിതർ), ഉത്തരരാമചരിതം- 1892 (ഭവഭൂതി), കെ.മാധവമേനോൻ്റെ മാള വികാഗ്നിമിത്രം - 1890, കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ വിക്ര മോർവ്വശീയം (കാളിദാസൻ), മാലതീമാധവം 1892 (ഭാസൻ), എ ആറിൻ്റെ മാളവികാഗ്നിമിത്രം 1890 (കാളിദാസൻ), സ്വപ്നവാസവദത്തം- 1917

ഭാസൻ), കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻ തമ്പുരാൻ്റെ ആശ്ചര്യ130. മലയാള സാഹിത്യവിചാരം .

ചൂഡാമണി–1893 (ശക്തിഭദ്രൻ) തുടങ്ങിയവ വിവർത്തനങ്ങളിൽ പ്രധാന ങ്ങളാണ്. രചനയുടെ കാലം പരിഗണിച്ചാൽ (1867) കൊച്ചീപ്പൻ തരകൻ 'മറിയാമ്മ' നാടകമാണ് മലയാളത്തിലെ ആദ്യത്തെ സാമൂഹികനാടകം. മലയാളനാടകത്തെ സ്വാധീനിച്ചവരിൽ പ്രമുഖനാണ് വില്യം ഷേക്സ്പിയർ, ട്രാജഡികൾക്കാണ് മലയാളത്തിൽ ഏറ്റവും കൂടുതൽ വിവർത്തനങ്ങൾ ഉണ്ടായിട്ടുള്ളത്. ഷേക്സ്പിയർ നാടകങ്ങൾ കേരളത്തിൽ എത്തുന്നത് തമിഴ് സംഗീതനാടക കമ്പനികൾ വഴിയാണ് ദിവാൻ ബഹദൂർ ഗോവിന്ദപിള്ള, കെ. ചിദംബരവാധ്യാർ, ചെമ്പകരാമൻ വേലായുധൻ, കെ. രാജരാജവർമ്മ, കണ്ടത്തിൽ വർഗീസ് മാപ്പിള, സി.പി ലക്ഷ്മിയമ്മ എന്നിവർ ആദ്യകാലത്ത് ഷേക്സ്പിയർ നാടകങ്ങൾ വിവർത്തനം ചെയ്തു. കോമഡി ഓഫ് എറേഴ്സിന് ആൾമാറാട്ടം എന്ന പേരിൽ കല്ലൂർ ഉമ്മൻ പീലിപ്പോസ് 1866–ൽ തയ്യാറാക്കിയ വിവർത്തനമാണ് ആദ്യമലയാള ഷേക്സ്പിയർ വിവർത്തനം. അപ്പ നെടുങ്ങാടിയുടെ കുന്ദലതയിൽ ഷേക്സ്പിയറുടെ സിംബലിന്റെ സ്വാധീനം ഉള്ളതായി എം.പി. പോൾ അഭിപ്രായ പ്പെട്ടിട്ടുണ്ട്. വിശാഖം തിരുനാൾ മഹാരാജാവിൻ്റെ കാലത്ത് തിരുവിതാംകൂറിലെ ടെക്സ്റ്റ് ബുക്ക് കമ്മിറ്റിയിൽ കേരളവർമ്മ വലിയകോയിത്തമ്പുരാനെ സഹായിച്ചുകൊണ്ടിരുന്ന കെ. ചിദംബര വാധ്യാർ ലാംബിന്റെ 'ടെയിൽസ് ഫ്രം ഷേക്സ്പിയർ' എന്ന ഗ്രന്ഥത്തിൽ നിന്ന് 'ഏസ് യൂ ലൈക്ക് ഇറ്റ്, വിന്റേഴ്സ് ടെയിൽ, സിംബലൈൻ എന്നീ കഥകൾ യഥാക്രമം കാമാക്ഷി ചരിതം, വർഷകാലചരിതം, സിംഹളനാഥൻ എന്നീ പേരുകളിൽ പരിഭാഷപ്പെടുത്തുകയും മഹാരാജാവിൻ്റെ പ്രോത്സാഹനത്തിന് പാത്രമാകുകയും ചെയ്തു അതിനുശേഷം അദ്ദേഹം ഷേക്സ്പിയറുടെ റിച്ചാർഡ് III, മാക്ബത്ത്, റോമിയോ ആൻ്റ് ജൂലിയറ്റ് എന്നീ നാടകങ്ങൾ ഗദ്യരൂപത്തിൽ പരിഭാഷപ്പെടുത്തിയിട്ടുള്ളതായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ഷേക്സ്പിയറുടെ നാടകങ്ങളെ നാടകങ്ങളായി അവതരിപ്പിക്കാൻ ശ്രമിച്ചവരുടെ കൂട്ടത്തിൽ ആദ്യം ഓർക്കേണ്ടത് വർഗീസ് മാപ്പിളയെയും ദിവാൻ ബഹദൂർ എ.ഗോവിന്ദപ്പിള്ള യേയുമാണ്. മലയാള നാടകവേദിയുടെ മറ്റൊരു സ്രോതസ്സ് സംസ്കൃത നാടകങ്ങളും തമിഴ് സംഗീതനാടകങ്ങളുമായിരുന്നു. തമിഴ് സംഗീത നാടകങ്ങളുടെ തട്ടുപൊളിപ്പൻ അവതരണങ്ങൾ കേരളജനതയെ ആകർഷിച്ചു. ടി.സി. അച്യുതമേനോൻ, എരുവയിൽ എം. ചക്രപാണി വാരിയർ, വി.എസ് ആൻഡ്രൂസ് എന്നിവരുടെ നാടകങ്ങളാണ് മലയാള സംഗീത നാടകങ്ങളിൽ അഗ്രിമസ്ഥാനത്തു വരുന്നത്. മലയാള നാടക വേദി പിൽക്കാലത്ത് പല പരിഷ്കാരങ്ങൾക്കും വിധേയമായി മലയാള ത്തിലെ ഗദ്യനാടകങ്ങളുടെ ആദിരൂപമാണ് പ്രഹസനം. ഇംഗ്ലീഷ് നാടകങ്ങളെ അടിസ്ഥാനമാക്കിയാണ് പ്രഹസനങ്ങൾ ഇവിടെ ഉണ്ടായത്. ഇവ പരിഹാസ പ്രധാനമാണ്. 1885–ൽ സി.വി. രാമൻപിള്ള എഴുതിയ 'ചന്ദ്രമുഖീവിലാസം' ഈ പ്രസ്ഥാനത്തിലെ ആദ്യകൃതിയാണ്. തുടർന്ന് പൊതുവേദികളിൽഅവതരിപ്പിക്കാനായി കുറുപ്പില്ലാക്കളരി, പണ്ടത്തെ പാച്ചൻ ബട്ലർ പപ്പൻ, ചെറുതേൻ കൊളംബസ്, കയ്മളശ്ശൻ്റെ കടശ്ശിക്കൈ തുടങ്ങിയ ഒമ്പതു പ്രഹസനങ്ങൾ സി.വി തയ്യാറാക്കി സമകാലിക സാമൂഹികസംഭവങ്ങൾക്ക് പ്രഹസനങ്ങളിൽ പ്രാധാന്യം ലഭിച്ചു. ഫലിതവും പരിഹാസവും ഇട കലർത്തി സാമൂഹികവിമർശനം നടത്തുക എന്നതായിരുന്നു സി.വിയുടെ ലക്ഷ്യം. നാടകരംഗത്ത് ഈ പ്രഹസനങ്ങൾ ചലനം സൃഷ്ടിച്ചതോടെ ഇ.വി. കൃഷ്ണപ്പിള്ള, എൻ. പി. ചെല്ലപ്പൻനായർ, ടി.എൻ. ഗോപിനാഥൻനായർ, ജഗതി എൻ. കെ. ആചാരി തുടങ്ങിയവർ അവരുടേതായ സവിശേഷ – രീതികളിൽ ഒട്ടേറെ പ്രഹസനങ്ങൾ

രചിച്ച് രംഗത്തവതരിപ്പിച്ചു. ദുഷിച്ച സാമൂഹിക പ്രവണതകൾ നീക്ക പോക്കില്ലാതെ തുറന്നു കാണി ക്കുന്നതിലും വിമർശിക്കുന്നതിലും പ്രഹസനങ്ങൾ മുൻനിരയിൽ തന്നെയായിരുന്നു. നമ്പൂതിരിസമുദായത്തെ ഒന്നടങ്കം പരിഷ്കരിക്കുക എന്ന ഉദ്ദേശ്യത്തോടെ വി. ടി. എം. ആർ. ബി, പ്രേംജി എന്നിവരുടെ നേതൃത്വത്തിൽ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്, മറക്കുടയ്ക്കുള്ളിലെ മഹാനരകം, ഋതുമതി എന്നീ നാടകങ്ങൾ അരങ്ങേറി തുടർന്ന് മലയാള ത്തിലെ സാമൂഹ്യനാടകങ്ങളുടെ വലിയ മുന്നേറ്റ് തന്നെ സംഭവിച്ചു. ദേശീയസ്വാതന്ത്ര്യസമരം, കർഷകസമരം തുടങ്ങിയ പല പ്രമേയങ്ങളും നാടകരൂപത്തിൽ അവതരിപ്പിക്കപ്പെട്ടു. ചെറുകാടിൻ്റെ 'നമ്മളൊന്ന്', ഇ. കെ. അയമുവിന്റെ 'ജ്ജ് നല്ല മന്സനാവാൻ നോക്ക്, കെ. ദാമോദരൻ പാട്ടബാക്കി, തോപ്പിൽ ഭാസിയുടെ 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി', ഇടശ്ശേരിയുടെ 'കൂട്ടകൃഷി' എന്നിവയെല്ലാം പ്രത്യേകം പരാമർശിക്ക പ്പെട്ടിട്ടുള്ളവയാണ്. വിദേശ നാടകങ്ങളിലുണ്ടായ ചലനങ്ങൾ മലയാള നാടകവേദിയിലും ചലനങ്ങളുണ്ടാക്കി. എൻ. കൃഷ്ണപിള്ള, സി.ജെ. തോമസ്, ജി. ശങ്കരപ്പിള്ള, കാവാലം നാരായണപ്പണിക്കർ എന്നിങ്ങനെ നിരവധി നാടകകൃത്തുക്കൾ ഈ ദിശയിൽ ശ്രദ്ധേയമായ സംഭാവന കൾ നൽകുകയുണ്ടായി. കെ.ടി. മുഹമ്മദ്, പി.എം. താജ്, കെ. ശാന്തകുമാർ, ജയപ്രകാ കുളൂർ, സതീഷ്.കെ. സതീഷ് എന്നിവരിലൂടെ മലയാളനാടകം ഭിന്ന ഇടെ ധാരാളം സി സംഭാവനകൾ നൽകിയിട്ടുണ്ടെങ്കിലും അവയൊന്നും ശരിയായ അർത്ഥ ത്തിൽ രേഖപ്പെടുത്തപ്പെട്ടില്ല. മലയാളനാടകവേദിക്ക് സ്ത്രീകൾ നൽകിയ സംഭാവനയെക്കുറിച്ച് സവിശേഷമായി പഠിച്ച ഗവേഷകയും കലാകാരിയുമാണ് സജിത മഠത്തിൽ

**<u>സജിത മഠത്തിൽ</u>**

കൊൽക്കത്തയിലെ രബീന്ദ്രഭാരതി സർവകലാശാലയിൽനിന്ന് നാടകത്തിൽ എം.എ, കോട്ടയം മഹാത്മാഗാന്ധി സർവകലാശാല ളിൽ യിൽനിന്ന് എം.ഫിൽ എന്നീ ബിരുദങ്ങൾ ജവഹർലാൽ നെഹ്റു സർവ കലാശാലയിൽ ഗവേഷണം. 'അഭിനേത്രി' എന്ന നാടകസംഘത്തിന്റെ തുടക്കക്കാരിൽ ഒരാൾ. മുടിത്തെയ്യം, ആഷാഡ് കി ഏക് ദിൻ, രാധ, ഭരതവാക്യം, ചിറകടിയൊച്ചകൾ, ബ്യൂട്ടിപാർലർ, മത്സ്യഗന്ധി, ഗാർഡിയൻസ് ഓഫ് ദ ഡീപ്, വാട്ടർ പ്ലേ, മതിലുകൾ, സ്പൈനൽ കോഡ് എന്നിവയാണ് പ്രധാനപ്പെട്ട രംഗാവതരണങ്ങൾ. അടൂർ ഗോപാലകൃഷ് ണൻ്റെ നിഴൽക്കുത്ത്, സിബിജോസിൻ്റെ ഉരുത്ത്, കെ. മണിലാലിന്റെ പച്ചക്കുതിര, എം.ജി. ശശിയുടെ ജാനകി, പി. ടി. കുഞ്ഞുമുഹമ്മദിന്റെ വീരപുത്രൻ, ജോയ് മാത്യുവിൻ്റെ ഷട്ടർ തുടങ്ങി ഒട്ടേറെ സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. മത്സ്യഗന്ധി, ചക്കീചങ്കരൻ ഒരു ഫാമിലി റിയാലിറ്റി ഷോ എന്നീ നാടകങ്ങളും, ആദ്യകാല നടി എം. കെ. കമലത്തെക്കുറിച്ച് ജീവ ചരിത്രഗ്രന്ഥവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൈരളി ടി.വിയിൽ പ്രോഗ്രാം പ്രൊഡ്യൂസറായി പ്രവർത്തിച്ചിട്ടുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് ലേണിങ് ആൻ്റ് മാനേജ്മെൻ്റിൽ ലക്ചററും നാടകവിദഗ്ധയു മായിരുന്നു. അദർ മീഡിയാ കമ്മ്യൂണിക്കേഷൻസിൽ ഡോക്യുമെന്റേഷൻ ഓഫീസറായും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽ ഡെപ്യൂട്ടി ഡയറക്ടറായും പ്രവർത്തിച്ചു, കേന്ദ്ര സംഗീത നാടക അക്കാദമിയിൽ ഡെപ്യൂട്ടി സെക്രട്ടറിയായി പ്രവർത്തിക്കുന്നു. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയറിൻ്റെ മികച്ച കുട്ടികളുടെ ഡോക്യുമെന്ററിക്കുള്ള പുരസ്കാരം (2000), മികച്ച സമകാലിക സംഭവ പരിപാടിക്കുള്ള കേരളസംസ്ഥാന ടെലിവിഷൻ പുരസ്കാരം (2000), മികച്ച ഡോക്യുമെൻ്ററിക്കുള്ള കേരള ഫിലിം ക്രിട്ടിക്സ് പുരസ്ക്കാരം (2001), കേരള സംഗീത നാടക അക്കാദമിയുടെ മികച്ച പുസ്തകത്തിനുള്ള പുരസ്കാരം (മലയാളനാടക സ്ത്രീചരിത്രം –2010), മികച്ച രണ്ടാമത്തെ

നടിക്കുള്ള കേരളസംസ്ഥാന ചലച്ചിത്ര പുരസ്കാരം (ഷട്ടർ – 2012) എന്നിവ ലഭിച്ച മലയാളനാടക സ്ത്രീചരിത്രം, അരങ്ങിന്റെ വകഭേദങ്ങൾ, എം.കെ. കമലം: അരികിൽ ഉയരുന്ന സ്ത്രീശബ്ദങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചു. അരങ്ങുവാണിരുന്ന ആണധികാര പ്രത്യയശാസ്ത്രത്തെ ഉടച്ചു 0 വാർക്കുകയാണ് സജിത മഠത്തിൽ "കേരളത്തിന്റെ നാടകചരിത്രത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ, സാമൂഹികനവോത്ഥാനത്തിന് വേണ്ടിയുള്ള നാടകരചനയുടെ അഭിമാനാർഹമായ ഒരു പാരമ്പര്യം നമുക്ക് അവകാശപ്പെടാനുണ്ട്. എങ്കിലും നാടകരചനയിൽ സ്ത്രീപങ്കാളിത്തം ചുരുക്കം ചില വ്യക്തികളിലും കൂട്ടായ്മകളിലും ഒതുങ്ങിനിൽക്കുന്നതായി കാണാം. അരങ്ങിൻ്റെ ഭാഷ പുനർചിന്തിക്കുമ്പോൾ ലിംഗനീതിയിൽ ആഴ്ന്ന നിൽക്കുന്ന സ്വത്വബോധത്തിൽനിന്ന് കഥാപാത്രങ്ങളെയും സംഘർഷ ങ്ങളെയും പുനർസങ്കൽപ്പിക്കേണ്ടിയിരിക്കുന്നു" (അരങ്ങിലെ മത്സ്യ ഗന്ധികൾ എന്ന പുസ്തകത്തിന് ജാനകി ശ്രീധരൻ എഴുതിയ പഠനം,103) അൽപ്പം മെലിഞ്ഞിട്ടാണെങ്കിലും സ്ത്രീപക്ഷ നാടകരചനയുടെ ഒരു ചെറുനീരുറവ കുട്ടിക്കുഞ്ഞി തങ്കച്ചിയിൽ തുടങ്ങി, തോട്ടക്കാട്ട് ഇക്കാവമ്മ യിലൂടെയും ലളിതാംബിക അന്തർജ്ജനത്തിലൂടെയും 'തൊഴിൽ കേന്ദ്രത്തിലേക്ക്' എന്ന ചരിത്രപ്രധാനമായ നാടകം രചിച്ച സൗഹൃദത്തിലൂടെയും ചിന്നീട് സമീപകാലങ്ങളിൽ ശ്രീജ ആറങ്ങോട്ടുകര, ഇ രാജരാജേശ്വരി, സജിത മഠത്തിൽ എന്നിവരുടെ സംരംഭങ്ങളിലേക്കും നീളുന്നത് നമുക്ക് കാണാം.

<u>മത്സ്യഗന്ധി</u>

ആഗോളവൽക്കരണകാലത്ത് മുക്കുവസമൂഹമനുഭവിക്കുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കുകയാണ് ഈ നാടകം. കടലിലെ പ്രശ്നങ്ങൾ, ഫിഷ് മാർക്കറ്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ബോട്ടുകൾ സാധാരണ മുക്കുവത്തൊഴിലാളികൾക്ക് മുന്നിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എന്നിവ നാടകം ചർച്ചചെയ്യുന്നു. ഈ നാടകം ആത്മഗതത്തിന്റെ രൂപത്തിലുള്ളതാണ്. ഒരു മുക്കുവസ്ത്രീ സ്റ്റേജിൽ വരുകയും തന്റെ കഷ്ടപ്പാടുകൾ കാഴ്ചക്കാരോട് പറയുകയും ചെയ്യുന്ന രീതിയിലാണ് സംവിധാനം. അവരുടെ പ്രശ്നങ്ങളെ മീനിൻ്റെ നാറ്റവുമായാണ് താരതമ്യപ്പെടുത്തുന്നത്. നാടകം കടൽക്കരയിലും ഹാർബറിലും ബോട്ടിലും മാർക്കറ്റിലുമായി മാറിമാറി രംഗചിത്രീകരണം നടത്തുന്നു. വ്യാവസായിക അടിസ്ഥാനത്തിലുള്ള ബോട്ടുകളുടെ വരവ് വലിയതോതിൽ മത്സ്യബന്ധനത്തിന് സാധ്യത ഒരുക്കിയെങ്കിലും സാധാരണ മുക്കുവരുടെ ജീവിതത്തെ സാമ്പത്തികമായി തകർത്തു കളഞ്ഞു എന്ന് നാടകം സ്ഥാപിക്കുന്നു. പ്രകൃതിയുടെ ജല സ്രോതസ്സ കളെ മുഴുവൻ തകർത്തുകൊണ്ടുള്ള നഗരവൽക്കരണം ഈ സമുദായത്തെ പ്രതികൂലമായി ബാധിക്കുന്നു. പൊതുവേ സമാധാന പരമായ ജീവിതം നയിച്ചിരുന്ന ഈ സമൂഹം ബോട്ടുകളുടെയും നഗര ങ്ങളുടെയും വരവോടെ ധാരാളം ജോലി ലഭിക്കുമെന്ന് പ്രത്യാശിക്കുന്നു. നാടകത്തിൽ ഉടനീളം കഥാപാത്രമായ സ്ത്രീ അവരുടെ അമ്മ യുടെ കൂടെയുള്ള ഓർമ്മകൾ വീണ്ടെടുക്കുകയാണ്. അതിലൂടെ തങ്ങളുടെ വർത്തമാനകാല ജീവിതത്തെയും മുൻ തലമുറയുടെ ഭൂതകാല ജീവിതത്തെയും താരതമ്യപ്പെടുത്തുന്നു. അവരുടെ സാമ്പത്തിക സ്രോതസ്സ് അസ്ഥിരമാണ്. പലപ്പോഴും അവർക്ക് ലഭിക്കുന്ന മത്സ്യം വിട്ടു പോകാതെ പ്രതിസന്ധിയിലാകുന്ന ഒരു ജനതയെ, മുതലാളിത്തത്തിൻ്റെ ലോകത്ത് അവഗണിക്കപ്പെട്ടുപോകുന്ന നിരാലംബരായ ജനതയെ നാടകം പ്രേക്ഷകർക്ക് മുൻപിൽ അവതരിപ്പിക്കുന്നു. നാടകത്തിലെ രംഗം മാറുന്നതിനനുസരിച്ച് ഓരോ രംഗവും തങ്ങളുടെ ജീവിതവുമായി എത്തരത്തിലാണ് ബന്ധപ്പെടുന്നത് എന്നും ചിത്രീകരിക്കപ്പെടുന്ന ഓരോ പ്രദേശവും തങ്ങൾക്ക് എത്തരത്തിലുള്ള കഷ്ടപ്പാടുകളാണ്

തന്നതെന്നും കഥാപാത്രം വേദനയോടെ അവതരിപ്പിക്കുന്നു. 'മത്സ്യഗന്ധി' എന്ന നാടകത്തിന്റെ തലക്കെട്ട് ഒരു മത്സ്യത്തൊഴിലാളിയുടെ ദത്തുപുത്രിയായ സത്യവതിയെ അടിസ്ഥാനമാക്കിയുള്ളതാണ്. അലഞ്ഞുതിരിയുന്ന പരാശരമുനിയിൽനിന്നും സത്യവതിക്ക് വ്യാസൻ എന്ന മകനെ ലഭിക്കുന്നു. അതിനാൽ അവൾ വിശുദ്ധിയുള്ള സ്ത്രീയായി പ്രശസ്തി നേടി. മത്സ്യത്തിന്റെ ഗന്ധമുള്ളതിനാൽ മത്സ്യഗന്ധി എന്നാണ് അവൾ അറിയപ്പെടുന്നത്. യഥാർത്ഥ കഥയിലെ സത്യവതിയുടെ ജീവിതവുമായി മത്സ്യത്തൊഴിലാളിയുടെ ദയനീയജീവിതം പൊരുത്തപ്പെടാത്ത വിരോധാഭാസമാണ് നാടകത്തിൻ്റെ കാതൽ. ദുരന്തപൂർണമായ മുക്കുവ സമുദായത്തിന്റെ ജീവിതം ഉള്ളടക്കത്തിലും രൂപത്തിലും അവതരിപ്പിക്കുന്ന മത്സ്യഗന്ധി എന്ന നാടകം യഥാർത്ഥത്തിൽ നാടകത്തിന്റെ വാർപ്പുമാതൃകകളെ പൊളിച്ചെഴുതാൻ കെൽപ്പുള്ളതാണ്. വി. സി. ഹാരിസ് ആണ് മത്സ്യഗന്ധി ഇംഗ്ലീഷിലേക്ക് തർജമ ചെയ്തത്.

## ➢ <u>സിനിമ അന്നയും റസൂലും</u>

നഗരസ്ഥലിയെ അടയാളപ്പെടുത്താനുള്ള ശ്രമം മലയാള സിനിമയുടെ തുടക്കം മുതലേ കാണാം. മദിരാശിയും കോടമ്പാക്കവും വിട്ട് മലയാളസിനിമ കൊച്ചിയിലേക്കും പരിസരത്തേക്കും പോന്നിട്ട് കാലങ്ങളായി. തിരയിൽ കഥയായും ഭാഷയായും ആഖ്യാനരീതികളായും കൊച്ചി നിറഞ്ഞു നിൽക്കുകയാണ്. മൂക്കില്ലാ രാജ്യത്ത്, ഇൻ ഹരിഹർ നഗർ, ഗാന്ധി നഗർ സെക്കന്റ് സ്ട്രീറ്റ്, സ്റ്റോപ്പ് വയലൻസ്, ബിഗ് ബി, അന്നയും റസൂലും, ചാപ്പാകുരിശ്, ഛോട്ടാ മുംബൈ, മസാല റിപ്പബ്ലിക്, ചാർലി, ലൂക്ക എന്നിവയിലൂടെയാണ് സിനിമയുടെ പ്രധാന സ്ഥലരാശിയായി കൊച്ചി മാറിയത്.

പ്രണയത്തെ ദുരന്തപര്യവസായിയായാണ് സാഹിത്യവും മറ്റു കലകളും അവതരിപ്പിച്ചിട്ടുള്ളത്. ഷെയ്ക്സ്പിയറിൻ്റെ റോമിയോ ആൻഡ് ജൂലിയറ്റ് പോലെയുള്ള ദുരന്തപ്രണയകഥകൾ എത്രയോ നാം കണ്ടിട്ടുണ്ട്. മതം ദുരന്തത്തിൽ ആഴ്ത്തിയ അന്നയുടെയും റസൂലിൻറെയും ജീവിതത്തെ കൊച്ചി എന്ന നഗരത്തിന്റെ പ്രാന്തങ്ങളിൽ വെച്ച് അവതരിപ്പിക്കുകയാണ് രാജീവ്രവി എന്ന സംവിധായകൻ.

പള്ളിപ്പെരുന്നാൾ രാത്രിയിലെ ഒരു മെഴുകുതിരിവെട്ടത്തിലാണ് അയാൾ ആദ്യമായി അന്നയെ കാണുന്നത്. റസൂലിന്റെ സുഹൃത്തുക്കൾ ഒരു വഴക്കിൽപ്പെട്ട് രക്ഷപ്പെടുമ്പോൾ രക്ഷപ്പെട്ട് ഒളിച്ചിരിക്കുന്ന രൂപക്കൂടിനടുത്തു വെച്ചാണ് അയാൾ അന്നയെ കാണുന്നത്. മദർ മേരിയുടെ രൂപക്കൂടിനു മുന്നിൽ മെഴുകുതിരി കത്തിക്കുന്ന അന്നയുടെ മുഖം മെഴുകുതിരികളുടെ നനുത്ത വെളിച്ചത്തിൽ അത്ഭുതപൂർവ്വമായി അയാൾക്ക് തോന്നി. അയാൾ എഴുന്നേറ്റ് ഒരു അടി പിറകിലേക്ക് നടന്ന് ചുവരിൽ ചാരി നിൽക്കുന്നു. പ്രണയത്തിൻ്റെ അനുഭവം അയാളെ യഥാർത്ഥ ലോകത്തിൽനിന്ന് അകറ്റിയപോലെ.കൊച്ചിനഗരത്തിലെ ടാക്സിഡ്രൈവറാണ് റസൂൽ ആ നഗരത്തിൽ ഒരു ടെക്സ്റ്റൈൽ ഷോറൂമിൽ ജോലിയെടുക്കുകയാണ് അന്ന. ഫോർട്ട് കൊച്ചിയുടെയും വൈപ്പിൻ്റെയും പശ്ചാത്തലത്തിലാണ് കഥ നടക്കുന്നത്. ഈ രണ്ടു കരകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കായൽ പ്രണയത്തിന്റെ ഒഴുക്കാവുന്നു. അന്ന വൈപ്പിൻകരയിൽനിന്നും ബോട്ടി ലാണ് ജോലിക്ക് പോകുന്നത്. ആ ബോട്ടിൽ അയാൾ അവളെ തേടി യെത്തുന്നു. അവർ തമ്മിൽ പരസ്പരം സംസാരിക്കുന്നത് നന്നേ കുറവാണ്. ആൾക്കൂട്ടത്തിൽ നിന്നും കട്ടെടുത്ത ഹൃദയത്തിലേക്കുള്ള നോട്ടങ്ങളും പരസ്പര സാമീപ്യവും യാദൃച്ഛികമായ കണ്ടുമുട്ടലുകളും അവരെ പ്രണയത്തിലാക്കുന്നു. ടെക്സ്റ്റൈൽസിൽ ഒരു കസ്റ്റമറുമായി

റസൂൽ ചെല്ലുമ്പോൾ നവവധുവിൻ്റെ വേഷത്തിൽ മറ്റൊരു കസ്റ്റമറിന് മുന്നിൽ നിൽക്കുന്ന അന്നയെ കാണുന്നു. ആ നിമിഷം അയാൾ അയാളുടെ നവവധുവായ അന്നയെയാണ് കണ്ടിട്ടുണ്ടാവുക. അന്ന റസൂലിനോട് ആദ്യമായി സംസാരിക്കുന്നത് ഇത് നടക്കില്ല എന്ന് പറയാനാണ്. എന്തുകൊണ്ട് എന്ന് അവൻ ചോദിക്കുമ്പോൾ താൻ ക്രിസ്ത്യാനിയാണ് എന്ന് അവൾ പറയുന്നു. ഞാൻ മുസ്ലിമായത് എൻ്റെ തെറ്റാണോ എന്ന് അവൻ ചോദിക്കുന്നുണ്ട്. മതം മനുഷ്യരിൽ തീർത്ത അതിർത്തികൾ അടയാളപ്പെടുത്തുന്നുണ്ട് കഥാപാത്രങ്ങളും അവരുടെ ആന്തരികസംഘർഷങ്ങളും.

ക്യാമറകൊണ്ട് കാവ്യം തീർക്കാൻ പ്രാപ്തനായ രാജീവ് രവി എന്ന ഛായാഗ്രഹകൻ സന്തോഷ് ഏച്ചിക്കാനത്തിന്റെ തിരക്കഥയിൽ ആദ്യമായി സംവിധാനം നിർവഹിച്ച ചിത്രമാണ് അന്നയും റസൂലും നഗരത്തിലെ ടെക സ്റ്റൈൽസിൽ ജോലിചെയ്യുന്ന അന്ന എന്ന പെൺകുട്ടി നമ്രശിരസ്ക യാണ്. മതം പുലർത്തുന്ന യാഥാസ്ഥിതിക കുടുംബത്തിൽനിന്നു വരുന്നതുകൊണ്ടാണ് അവളുടെ ശിരസ്സ് എപ്പോഴും കുനിഞ്ഞിരിക്കുന്നത്. ലജ്ജയും മടിയും അവളിൽ വാക്കുകൾക്ക് പഞ്ഞം തീർത്തു. പ്രണയം തോന്നിയ പെണ്ണിനെ ചുറ്റി കായലിലും കരയിലും ഊടുവഴികളിലൂടെയും സഞ്ചരിക്കുന്നവനാണ് റസൂൽ, യഥാർത്ഥ ജീവിതത്തിൽ അവൻ ഭയമുള്ള വനാണ്. എന്നാൽ പ്രണയത്തിൽ അവൻ അതിനെ അതിജീവിക്കുന്നു. അന്നയുടെ സമ്മതമില്ലാതെ അവളുടെ ബാഗിൽ ഇരിക്കുന്ന ഫോണെടുത്ത് അവളുടെ നമ്പർ മോഷ്ടിക്കുന്നു. ഈ മോഷണം കാവ്യാത്മകവും കാല്പനികവുമാണ്. ഈ കാല്പനികതയാണ് അവനെ കൊണ്ട് അവളുടെ വഴികളെ പിന്തുടരാൻ പ്രേരിപ്പിക്കുന്നത്.

മിഡിൽ ഈസ്റ്റിലേക്ക് പോകാനുള്ള ആഗ്രഹവുമായി പാസ്പോർട്ടിന് അപേക്ഷിച്ച വെരിഫിക്കേഷൻ കാത്തിരിക്കുന്ന ഹൈദർ ആണ് റസൂലിന്റെ സഹോദരൻ. ദൈനംദിന പ്രശ്നങ്ങളിൽ പെട്ട് ഉഴലുന്ന ഹൈദറാണ് റസൂലിന്റെ ഭാഗത്തെങ്കിൽ ദേഷ്യക്കാരനായ കുഞ്ഞുമോൻ എന്ന അനുജനാണ് അന്നയ്ക്കുള്ളത്. അതിസാധാരണമായ ജീവിതങ്ങളുംജീവിതങ്ങളെ നിർണ്ണയിക്കുന്ന മതവും രീതികളും അത് നൽകുന്ന നിരാശയും അക്രമവുമാണ് അന്നയ്ക്കും റസൂലിനും പരസ്പരം നഷ്ടപ്പെടാനുള്ള കാരണമാകുന്നത്.

ഏതൊരു കാണിയെയും ജീവിതത്തിന്റെ അനിവാര്യമായ വേദന കളിലേക്ക് വലിച്ചെറിയുന്നുണ്ട് ഈ ദുരന്തകാവ്യം. എങ്കിലും അന്നയും റസൂലും ചേർന്ന് സന്തോഷം കണ്ടെത്തുന്ന അനർഘനിമിഷങ്ങളുടെ പ്രതീക്ഷയിൽ കണ്ണുറപ്പിക്കുന്നുണ്ട് കാണി. ഏതൊരു ദുരന്തത്തെയും മറി കടന്ന് ചിന്തിക്കാനുള്ള ശേഷി പ്രണയം നൽകുന്ന ഈ പ്രതീക്ഷകൾ ക്കുണ്ട്. അതുകൊണ്ടുതന്നെ ക്ലൈമാക്സിനെ അതിജീവിക്കുന്നു പ്രണയ ത്തിന്റെ ക്ഷണികനിമിഷങ്ങൾ.

- <u>ചലച്ചിത്രഗാനം</u>

ചലച്ചിത്രഗാനം– മാറുന്ന ഭാവനയും ഭാവുകത്വവും

സിനിമയുടെ അവിഭാജ്യമായ ചേരുവയാണ് സംഗീതം പാട്ടും നൃത്തവും വേണ്ടുവോളമുള്ള ഇന്ത്യൻ ജനപ്രിയ ജനുസ്സുകൾക്കു മാത്രമല്ല, ലോകത്തെവിടെയുമുള്ള സിനിമകളുടെ സ്ഥിതിയും ഇതുതന്നെ. നിശ്ശബ്ദസിനിമയുടെ കാലത്തുതന്നെ സിനിമാപ്രദർശനത്തിനൊപ്പം ലൈവായ സംഗീതം ചേർത്തിരുന്നു. സംഗീതത്തിനുള്ള സാന്ത്വന ശേഷിയാണ് സിനിമ അന്ന് മുതലെടുത്തത്. ദൃശ്യത്തിലേക്ക് പ്രേക്ഷകരെ

കൊരുക്കാൻ സംഗീതത്തിന് കഴിയുന്നു. സിനിമ പൂർണ്ണമായും ദൃശ്യപര മാണ് എന്നു വാദിക്കുമ്പോൾത്തന്നെ അതിൽ സംഗീതത്തിന്റെ ശക്തി കുറഞ്ഞുപോകുന്നില്ല.

സിനിമയിലെ അസ്വാസ്ഥ്യജനകവും വിരസവുമായ നിശ്ശബ്ദതയെ ഭഞ്ജിക്കുകയാണ് ചലച്ചിത്രസംഗീതത്തിൻ്റെ ഒരു ധർമ്മം നിശ്ശബ്ദത വേണ്ടയിടങ്ങളിൽ സംഗീതം അരോചകമാവുകയുംചെയ്യും. ഘടനാപരമായി, നമ്മുടെ സിനിമയുടെ പൂർവരൂപം വെറും നാടകമായിരുന്നില്ല പാഴ്സി, തമിഴ്, മലയാളം സംഗീതനാടകങ്ങളായിരുന്നു. മറ്റ ഭാഷകളിലെല്ലാം തുടക്കത്തിൽ വന്നുകൊണ്ടിരുന്നത് പുണ്യപുരാണ സിനിമകളായിരുന്നെങ്കിൽ മലയാള ത്തിൽ സാമൂഹികപ്രമേയമുള്ള സിനിമകളാണ് ആദ്യകാലത്തേ നിർമ്മിച്ചത്. സാഹിത്യത്തിലും നാടകത്തിലുമൊക്കെ മുപ്പതുകളിലും നാൽപ്പതുകളിലുമു ണ്ടായിരുന്ന പുരോഗമന ഭാവുകത്വപരിസരത്തെ സിനിമയ്ക്കും അവഗണിക്കാൻ പറ്റിയിരുന്നില്ല. എന്നാൽ പ്രമേയം മാത്രമേ സാമൂഹിക മായുള്ളൂ. രൂപത്തിൽ മലയാളസിനിമയുടെ ചായ്വ് സംഗീത നാടക ങ്ങളോടായിരുന്നു ആദ്യ ശബ്ദസിനിമയായ ബാലനിൽ (1938) ഇരുപത്തിമൂന്ന് പാട്ടുകളുണ്ടായിരുന്നു. വികാരപരമായ ഓരോ സീനും ഗാനരംഗമാക്കിയാണ് അന്ന് കാര്യം സാധിച്ചിരുന്നത് നൃത്തരംഗങ്ങൾ പലപ്പോഴും നടീനടന്മാരല്ല, പ്രൊഫഷണലുകളാണ് അവതരിപ്പിച്ചത്. ആലാപനരീതി സംഗീതനാടക ത്തോടും എഴുത്തുശൈലി പദങ്ങളിലെയും കീർത്തനങ്ങളിലെയും നാടൻ പാട്ടുകളിലെയും മട്ടുകളോടും നിരന്നുപോയി ഇപ്പോഴും മലയാളത്തിലെ ഏറ്റവും ശക്തമായ പോപ്പുലർ സംഗീതജനുസ്സാണ് ചലച്ചിത്രഗാനം ക്ലാസിക്കൽ സംഗീതം, നാടകഗാനം, നാടൻപാട്ട്, അനുഷ്ഠാനഗാനങ്ങൾ, കവിതാലാപനം, ലളിതഗാനങ്ങൾ, ഗസലുകൾ തുടങ്ങിയവയ്ക്കൊന്നും ഇത്ര ജനപ്രിയതയില്ലതന്നെ.

➢ <u>മലർക്കൊടിപോലെ വർണത്തുടിപോലെ</u>

1977-ൽ ശശികുമാർ സംവിധാനംചെയ്ത 'വിഷുക്കണി' എന്ന ചിത്രത്തിൽ ശ്രീകുമാരൻ തമ്പി എഴുതി സലിൽ ചൗധരി ഈണമിട്ട ഗാനമാണ് 'മലർക്കൊടിപോലെ' എസ്. ജാനകിയും യേശുദാസും പാടിയ വേർഷനുകളുണ്ട്. അമ്പിളി എന്ന കുഞ്ഞിനെ താരാട്ടുപാടിയുറക്കുന്ന ഗാനമാണിത്. 'അമ്പിളീ നിന്നെ പുൽകി, അംബരം പൂകീ ഞാൻ മേഘമായ്' എന്ന വരികൾ കുഞ്ഞിന്റെ പേരെന്ന നിലയ്ക്കും സംഗതമാണ്. താരാട്ടിനു പറ്റിയ മട്ടിലാണ് രചന. 'കാലമറിയാതെ ഞാൻ അമ്മയായ്... കഥയറിയാതെ നീ പ്രതിഛായയായ്' എന്ന വരികൾ മെയിൽ വേർഷനിൽ അച്ഛനായ് എന്നു മാറ്റുന്നു. ഫീമെയിൽ വേർഷൻ അച്ഛനുമമ്മയും കുഞ്ഞുമുള്ള ആഹ്ലാദരംഗമാണെങ്കിൽ മെയിൽ വേർഷനിൽ അച്ഛനും കുഞ്ഞും മാത്രമേയുള്ളൂ. സലിൽ ചൗധരി ഈ ഈണത്തിൽ ഒന്നിലധികം ഗാനങ്ങൾ വ്യത്യസ്തഭാഷകളിൽ ഒരുക്കിയിട്ടുണ്ട് 'കാൻഹാ ബോലേനാ' എന്ന ഹിന്ദി ഗാനം മന്നാഡേയും ലതാ മങ്കേഷ്കറുമാണ് ആലപിക്കുന്നത്.കവി, കഥാകൃത്ത്, നോവലിസ്റ്റ്, നാടകകൃത്ത്, തിരക്കഥാകൃത്ത്, ചലച്ചിത്രഗാനരചയിതാവ്, സംഗീതസംവിധായകൻ, നിർമ്മാതാവ്, സംവിധായകൻ എന്നിങ്ങനെ വിവിധ മേഖലകളിൽ വ്യക്തിമുദ്രപതിപ്പിച്ച ബഹുമുഖപ്രതിഭയാണ് ശ്രീകുമാരൻതമ്പി. എഞ്ചിനീയറായ തമ്പി ചെറു പ്രായത്തിൽത്തന്നെ കവിതകളെഴുതി ശ്രദ്ധനേടിയിരുന്നു. 1960-ൽ ആദ്യ കവിതാസമാഹാരം. 1966-ൽ 'കാട്ടുമല്ലിക' എന്ന ചിത്രത്തിലൂടെ സിനിമ യിൽ ഗാനരചയിതാവായി. 'ഹൃദയസരസ്സിലെ പ്രണയപുഷ്പമേ', "അകലെയകലെ നീലാകാശം', 'ചന്ദ്രികയിലലിയുന്നു ചന്ദ്രകാന്തം' തുടങ്ങി മൂവായിരത്തോളം ഗാനങ്ങൾ രചിച്ചു. സ്വന്തമായി സംവിധാനം ചെയ്ത മുപ്പതോളം ചിത്രങ്ങളുൾപ്പെടെ 85 ചിത്രങ്ങൾക്ക്

തിരക്കഥയും സംഭാഷണവും രചിച്ചു. പത്തോളം കാവ്യസമാഹാരങ്ങൾ. ജീവിതം ഒരു പെൻഡുലം (ആത്മകഥ). ജെ.സി. ഡാനിയേൽ അവാർഡുൾപ്പെടെ നൂറിലധികം പുരസ്കാരങ്ങൾ. ഇന്ത്യയിലെ പ്രമുഖ സംഗീതസംവിധായകരിലൊരാളാണ് സലിൽ ചൗധരി (1923–1995). ബംഗാളിൽ ഇടതുപക്ഷത്തോടൊപ്പം ഇന്ത്യൻ പീപ്പിൾസ് തിയേറ്റർ അസോസിയേഷനിൽ പ്രവർത്തിച്ച് അദ്ദേഹത്തിന്റെ ആദ്യചിത്രം ദോ ബിഗ സമീൻ രണ്ടാമത്തെ ചിത്രമായ മധുമതിയിലെ ഗാനങ്ങൾ സലിൽ ചൗധരിക്ക് ഏറെ പ്രശസ്തി നൽകി. 1965–ൽ ചെമ്മീനി ലൂടെയാണ് അദ്ദേഹം മലയാളത്തിലെത്തുന്നത് 42 ബംഗാളി ചിത്രങ്ങൾ, 75 ഹിന്ദി ചിത്രങ്ങൾ, 5 തമിഴ് ചിത്രങ്ങൾ, 3 കന്നഡ ചിത്രങ്ങൾ, 27 മലയാള ചിത്രങ്ങൾ എന്നിവയ്ക്കു സലിൽ സംഗീതസംവിധാനം നിർവഹിച്ചു. വാസ്തുഹാര, വെള്ളം എന്നീ ചിത്രങ്ങൾക്ക് പശ്ചാത്തല സംഗീതവും ഒരുക്കി.

- **<u>അരികിൽ നീയുണ്ടായിരുന്നെങ്കിലെന്നു ഞാൻ</u>**

1987–ൽ ജേസി സംവിധാനംചെയ്ത നീയെത്ര ധന്യ എന്ന ചിത്ര ത്തിൽ ഒ. എൻ. വി. കുറുപ്പ് എഴുതി ദേവരാജൻ സംഗീതം പകർന്ന ഗാനമാണ് 'അരികിൽ നീയുണ്ടായിരുന്നെങ്കിലെന്നു ഞാൻ.' പാടിയത് യേശുദാസ്. ഹരികാംബോജി രാഗത്തിൽ ചിട്ടപ്പെടുത്തിയ, വിരഹസ്പർശമുള്ള ഈ പ്രണയഗാനം ഒ. എൻ. വിയുടെ മികച്ച ഗാനങ്ങളിലൊന്നാണ്. അരികിൽ നീയുണ്ടായിരുന്നെങ്കിലെന്നു ഞാൻ ഒരു മാത്ര വെറുതേ നിനച്ചു പോയീ എന്ന വരികളിലെ വെറുതെയിൽ ഒ. എൻ. വി. സ്പർശം കാണാം. "രാത്രിമഴ പെയ്തു തോർന്ന നേരം... കുളിർകാറ്റിലിലച്ചാർത്തുലഞ്ഞ നേരം.... ഇറ്റിറ്റുവീഴും നീർത്തുള്ളിതൻ സംഗീതം ഹൃത്തന്ത്രികളിൽ പടർന്ന നേരം, മുറ്റത്തു ഞാൻ നട്ട ചെമ്പകത്തൈയിലെ ആദ്യത്തെ മൊട്ടു വിരിഞ്ഞ നാളിൽ എന്നിങ്ങനെ വിരഹശോകമുണർത്തുന്ന അനുഭവങ്ങൾ സമർത്ഥമായി ഗാനത്തിൽ സന്നിവേശിപ്പിച്ചിരിക്കുന്നു. ഉദ്ദീപനവിഭാഗ ങ്ങളെല്ലാം ഒത്തിരിക്കുമ്പോഴും അരികിലില്ലാത്ത പ്രണയിനി. അവൾഅരികിലുണ്ടായിരുന്നെങ്കിലെന്ന് വെറുതേ നിനച്ചുപോവുന്ന കാമുക സ്വരമാണ് ഈ ഗാനം. കവി, അധ്യാപകൻ, ഗാനരചയിതാവ്, രാഷ്ട്രീയപ്രവർത്തകൻ എന്നിങ്ങനെ മലയാളത്തിൽ തിളങ്ങിനിന്ന വ്യക്തിയാണ് ഒ.എൻ. വി. കുറുപ്പ് (1931–2016), കോളേജ് വിദ്യാർഥിയായിരിക്കെ സംഗീത സംവിധായ കൻ ജി. ദേവരാജനെ പരിചയപ്പെട്ടു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സഹ യാത്രികരായി. കെ. പി എ സി നാടകങ്ങൾക്ക് വേണ്ടി ഇരുവരും ഗാന ങ്ങളൊരുക്കി കാലം മാറുന്നു എന്ന ചിത്രത്തിലെ 'ആ മലർ പൊയ്കയിൽ' എന്ന ഗാനവുമായി 1955ൽ ചലച്ചിത്രഗാനരംഗത്തേക്ക് പ്രവേശിച്ച ഒ. എൻ. വി. എഴുപതുകളോടെയാണ് സിനിമയിൽ സജീവമാകുന്നത്. ദേവരാജൻ, എം. ബി.ശ്രീനിവാസൻ, രവീന്ദ്രൻ, സലീൽ ചൗധരി, ജോൺസൺ എന്നീ സംഗീതസംവിധായകരുടെ കൂടെയാണ് അദ്ദേഹം കൂടുതൽ പ്രവർത്തി ച്ചിട്ടുള്ളത്. 14 തവണ സംസ്ഥാന പുരസ്കാരം നേടി. 'വൈശാലി'യിലെ ഗാനങ്ങൾക്ക് 1988–ലെ ദേശീയ പുരസ്കാരം. 2007–ൽ ജ്ഞാനപീഠം. കേരള സാഹിത്യ അക്കാദമി അവാർഡ്, സോവിയറ്റ് ലാൻഡ് നെഹ്രു അവാർഡ്, വയലാർ അവാർഡ്, ആശാൻ പ്രൈസ്, പത്മശ്രീ, പത്മവിഭൂഷൻ എന്നിവ നേടികുട്ടിക്കാലത്തുതന്നെ സംഗീതം അഭ്യസിച്ചുതുടങ്ങിയ പരവൂർ ജി ദേവരാജൻ (1927–2006) എന്ന ദേവരാജൻ മാസ്റ്റർ നാടകഗാനങ്ങളിലൂടെ യാണ് മലയാള സംഗീതസംവിധാനരംഗത്ത് ചുവടുറപ്പിക്കുന്നത്. 'പൊന്നരി വാളമ്പിളിയിൽ' പോലുള്ള പ്രശസ്തഗാനങ്ങൾ ഒ.എൻ.വി–ദേവരാജൻ കൂട്ടു കെട്ടിൽ പിറന്നവയാണ്. 1965–ൽ കാലം മാറുന്നു എന്ന ചിത്രത്തിലൂടെ ചലച്ചിത്ര രംഗത്തെത്തി 1959ൽ ചതുരംഗം എന്ന ചിത്രത്തിന് വേണ്ടി വയലാർ രാമവർമ്മ യുമായി ഒന്നിച്ചു. മലയാളത്തിൽ ഏറ്റവും കൂടുതൽ സിനിമകൾക്കും ഗാനങ്ങൾക്കും ഒന്നിച്ച

ജോടിയാണ് വയലാർ-ദേവരാജൻ ടീം ഗാനങ്ങളിലെ കവിത യ്ക്കും അർഥത്തിനും ഇണങ്ങുന്ന വിധത്തിൽ ഈണം നൽകണമെന്ന നിർബന്ധബുദ്ധി ദേവരാജൻ മാസ്റ്റർക്കുണ്ട്. യേശുദാസ്, പി മാധുരി, പി സുശീല, പി ജയചന്ദ്രൻ എന്നിവരാണ് അദ്ദേഹത്തിന്റെ ഗാനങ്ങൾ ബഹു ഭൂരിപക്ഷവും ആലപിച്ചത്. 130-ൽ അധികം പാട്ടുകാരെക്കൊണ്ട് അദ്ദേഹം പാടിച്ചിട്ടുണ്ട്. പിൽക്കാലത്ത് സംഗീതസംവിധായകരായി പ്രശസ്ത രായ എം.കെ. അർജ്ജുനൻ, ജോൺസൺ, വിദ്യാസാഗർ, ഔസേപ്പച്ചൻ, എം ജയചന്ദ്രൻ, ഇളയരാജ, ഏ ആർ റഹ്മാൻ തുടങ്ങിയവർ ദേവരാജനോടൊപ്പം പ്രവർത്തിച്ചിട്ടുണ്ട്. മലയാളത്തിൽ ഏറ്റവും കൂടുതൽ ചിത്രങ്ങൾക്ക് വേണ്ടി പ്രവർത്തിച്ച സംഗീതസംവിധായകൻ ദേവരാജൻ മാസ്റ്ററായിരിക്കും. ഏതാണ്ട് 340ൽ അധികം ചിത്രങ്ങളിൽനിന്നായി 1700 ഓളം ഗാനങ്ങൾ മികച്ച സംഗീതസംവിധായകനുള്ള കേരള സംസ്ഥാന അവാർഡ് ഏർപ്പെടുത്തി യപ്പോൾ ആദ്യമായി ലഭിച്ചത് ദേവരാജനാണ്- 1969ൽ 'കുമാരസംഭവ'ത്തിലെ ഗാനങ്ങൾക്ക് അഞ്ചുതവണ സംസ്ഥാന പുരസ്കാരം നേടി. 1999 ൽ സമഗ്രസംഭാവനയ്ക്കുള്ള ജെ സി ഡാനിയേൽ അവാർഡ്

<u>ലോല ലോല ലോലാ</u>

2022 ൽ ഖാലിദ് റഹ്മാൻ സംവിധാനംചെയ്ത തല്ലുമാല എന്ന ചിത്രത്തിനുവേണ്ടി മുഹ്സിൻ പരാരി എഴുതി വിഷ്ണു വിജയ് ഈണമിട്ട ഗാനമാണ് 'ലോല ലോല ലോല' ഋത്വിക് ജയകിഷ്, നേഹ ഗിരീഷ്, ഇഷാൻ സനിൽ, തേജസ് കൃഷ്ണ എന്നിവരാണ് ഗായകർ. നിരവധി ഗാനങ്ങളും സംഘട്ടനങ്ങളും കോർത്തിണക്കിയ ഈ സിനിമയിലെ ഗാനങ്ങൾക്ക് മാപ്പിളപ്പാട്ടിൻ്റെ സ്വാധീനമുണ്ട്. വടക്കൻ കേരളത്തിലെ ഭാഷാഭേദമാണ് പാട്ടുകളിലുപയോഗിച്ചിരിക്കുന്നത്. 'ആലം ഉടയോന്റെ അരുളപ്പാടിനാലെ, ആദം ഹവ്വ കണ്ടു കൂടെക്കൂടിയ നാള്, ബർക്കത്തുള്ള നാള്, ബയക്കിട്ട് രണ്ടാള്, അതിനാൽ കോർത്തിടട്ടെ നല്ല തല്ലുമാല' എന്നാരംഭിക്കുന്ന ഈ ഗാനം സംഘട്ടനത്തിലേർപ്പെടുന്ന രണ്ടുപേരെ നാടൻമട്ടിൽ വർണിക്കുന്നു. അതിശയോക്തികളോ പുകഴ്ത്തലുകളോ ഇല്ലാതെ. പഴയ വീരാപദാനഗാനങ്ങളിൽനിന്നുള്ള വിച്ഛേദമായി ഈ ശൈലിയെ കണക്കാക്കാം. 'കൂട്ടത്തിൽ നല്ലോവൻ വെളുക്കനെ ചിരിക്കുന്നോൻ, ഹേതുവതില്ലാതെ ഉമ്മാനെ തല്ലാത്തോൻ, കാതിനടപ്പുള്ളോവൻ, വായിലടപ്പില്ലാത്തോൻ, കാതടക്കി തല്ലുന്നോൻ കാക്കാതെ മണ്ടുന്നോൻ' എന്നിങ്ങനെയാണ് ഒരാളെ വർണിക്കുന്നത് 'പിന്നെയുള്ളോരു പൂമോൻ പത്തിരി മോറുള്ളവൻ, കൊടുക്കാതെ കൊള്ളുന്നോൻ, കൊണ്ടാൽ കൊടുക്കാത്തോൻ, നട്ടുച്ച നേരത്ത് നാലാള് കാണുമ്പോൾ, നാലും കൂടിയ റോഡിൽ നായമായിരി തല്ലുന്നോർ' എന്നിങ്ങനെയൊക്കെയാണെങ്കിലും അവരിൽ നാട്ടു നന്മയുണ്ട്. 'എന്നാലും കുറുള്ളോർ ഉള്ളില് നൂറുള്ളോർ, മൂത്തം കൊടു ക്കുന്നോർ മുത്തു പോലുള്ളോവർ' എന്നാണ് തുടർന്നുള്ള വരികൾ നാട്ടുഭാഷയും നാട്ടുകഥകളും നാട്ടുവിശ്വാസവുമെല്ലാം പാട്ടിൽ കടന്നു വരുന്നു. തല്ലുമാലയും മാലപ്പാട്ടും ചേർന്നൊരു എൻ്റർടെയിൻമെന്റാ യാണ് സിനിമ ഒരുക്കിയിരിക്കുന്നത്.

ചലച്ചിത്രസംവിധായകൻ, തിരക്കഥാകൃത്ത്, ഗാനരചയിതാവ് എന്നീ നിലകളിൽ പ്രശസ്തനാണ് മലപ്പുറം ജില്ലയിലെ എടവണ്ണ സ്വദേശിയായ മുഹ്സിൻ പരാരി (ജ. 1988). 2013 ൽ അഞ്ചുസുന്ദരികൾ എന്ന സിനിമയിൽ അസിസ്റ്റൻ്റ് ഡയറക്ടറായിപ്രവർത്തിച്ചു. ദായോം പന്ത്രണ്ടും എന്ന സിനിമയ്ക്ക് സംഭാഷണം എഴുതി. 'ലാസ്റ്റ് സപ്പർ' എന്ന ചിത്രത്തിൽ സംവിധാനസഹായിയായി പ്രവർത്തിച്ചു. 'കെ എൽ 10 പത്ത്' തിരക്കഥ എഴുതി സംവിധാനം ചെയ്ത ആദ്യ സിനിമ സുഡാനി ഫ്രം നൈജീരിയ, വൈറസ്, ഹലാൽ ലൗ സ്റ്റോറി എന്നീ സിനിമകൾക്ക് തിരക്കഥയെഴുതി. സിനിമകൾ കൂടാതെ

ഷോർട്ട് ഫിലിമുകളും ആൽബങ്ങളും പരസ്യ ചിത്രങ്ങളും മുഹ്സിൻ സംവിധാനം ചെയ്തിട്ടുണ്ട്. തമാശ, ഹലാൽ ലൗ സ്റ്റോറി, തല്ലുമാല എന്നീ സിനിമകളിൽ ഗാനങ്ങളെഴുതി. 2018 ലെ മികച്ച തിരക്കഥയ്ക്കുള്ള സംസ്ഥാന ചലച്ചിത്ര അവാർഡ് സുഡാനി ഫ്രം നൈജീരിയയിലൂടെ മുഹ്സിന് ലഭിച്ചു

സംഗീതജ്ഞനും പുല്ലാങ്കുഴൽ വിദഗ്ധനുമായ വിഷ്ണു വിജ യിന്റെ (ജ.1988) ആദ്യചിത്രം ഗപ്പി. അമ്പിളി, നായാട്ട്, ഭീമന്റെ വഴി, പട, തല്ലുമാല, കാസർഗോൾഡ്, ഫാലിമി, പ്രേമലു എന്നിവ വിഷ സംഗീതസംവിധാനവും പശ്ചാത്തലസംഗീതവുമൊരുക്കിയ പ്രശസ്ത ചിത്രങ്ങളിൽ ചിലതാണ്. ഗപ്പിയിലെ സംഗീതത്തിന് മികച്ച പശ്ചാത്തല സംഗീതത്തിനുള്ള സംസ്ഥാനപുരസ്കാരം ലഭിച്ചു. തമിഴ്, തെലുങ്ക് ഭാഷകളിലും പ്രവർത്തിച്ചിട്ടുണ്ട്. കർണാട്ടിക്ക് ക്ലാസിക്കൽ ഫ്ളൂട്ടിൽ ആകാശവാണി ബി ഹൈ ഗ്രേഡ് ആർട്ടിസ്റ്റാണ് വിഷ്ണു.

<u>ഗ്രന്ഥസൂചി</u>

മലയാള സാഹിത്യവിചാരം - കാലിക്കറ്റ് യൂണിവേഴ്സിറ്റി ടെക്സ്റ്റ് ബുക്ക്.